بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 6

ലക്കം 16

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഏപ്രിൽ 22/ഹി.ശം. 1400 തബ്‌ലീഗ് 22/1442 റമളാൻ 9


## അല്ലാഹുവിന്റെ വചനം

يَآ اَيُّهَا الَّذِيۡنَ اٰمَنُوۡۤا اَوۡفُوۡا بِالۡعُقُوۡدِ

(سورة المائدة:2)

‘വിശ്വസിച്ചവരേ! നിങ്ങളുടെ കരാറുകൾ പൂർത്തിയാക്കുക.’ (5:2)

يَآ اَيُّهَا الَّذِيۡنَ اٰمَنُوۡا لَا تُحِلُّوۡا شَعَآئِرَ اللّٰهِ

(سورة المائدة:3)

വിശ്വസിച്ചവരേ! അല്ലാഹു നിശ്ചയിച്ച ചിഹ്നങ്ങളെ നിങ്ങൾ അനാദരിക്കരുത്(5:3)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

(1216) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു: നമസ്കാരത്തിലായിരിക്കുമ്പോൾ ഞാൻ നബി(സ) തിരുമേനിക്ക് സലാം പറയുകയും മറുപടിയായി നബി(സ)സലാം പറയുകയും പതിവായിരുന്നു. ഞങ്ങൾ(ഹബ്ശ ഹിജ്റത്തിൽനിന്ന്) തിരിച്ചുവന്നപ്പോൾ ഞാൻ നബി(സ)ക്ക് സലാം പറഞ്ഞു. അപ്പോൾ നബി(സ) ഞങ്ങൾക്കു മറുപടി നല്കിയില്ല. (നമസ്കാരശേഷം) നബി(സ)പറഞ്ഞു: നമസ്കാരത്തിലും ഒരു വ്യാപൃതനായിരിക്കലുണ്ടാകുന്നു.

(1217)ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ) എന്നെ ഒരിക്കൽ ഒരിടത്തേക്ക് ഒരാവശ്യാർഥം അയച്ചു. അക്കാര്യം നിർവഹിച്ച് നബി(സ)യുടെ അടുക്കൽ ചെന്ന് നബിക്ക് സലാം ചൊല്ലി. നബി(സ)എന്റെ സലാമിന് മറുപടി നലികിയില്ല. എന്റെ മനസ്സിൽ അത് വേദനയുണ്ടാക്കി. അതിന്റെ ആഴം അല്ലാഹുവിനെ അറിയുകയുള്ളു. തിരിച്ചെത്താൻ താമസിച്ചതുകൊണ്ട് നബി(സ) കോപിച്ചിട്ടുണ്ടാകുമെന്ന് ഞാൻ മനസ്സിൽ വിചാരിച്ചു. പിന്നെയും ഞാൻ സലാം ചൊല്ലി നോക്കി. അപ്പോഴും നബി(സ) സലാം മടക്കിയില്ല. അന്നേരം ആദ്യമുണ്ടായതിനെക്കാൾ കൂടുതൽ വേദന എനിക്കുണ്ടായി. വീണ്ടും ഞാൻ സലാം ചൊല്ലി. അപ്പോൾ എന്റെ സലാമിന് നബി(സ) മറുപടി നല്കി. അവിടന്ന് പറഞ്ഞു: ഞാൻ നമസ്കരിക്കുകയായിരുന്നു. അതാണ് സലാം മടക്കുന്നതിൽനിന്ന് എന്നെ തടഞ്ഞത്. വ്യാഖ്യാനം: ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ ഒലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു: ചില കർമശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായം സലാമിനുള്ള മറുപടി ദുആ എന്ന നിലയിൽ മനസ്സിൽ കൊടുക്കാമെന്നാണ്; സലാമിന്റെ മറുപടി വായകൊണ്ട് പറയുന്നതിനു പകരം. അല്ലെങ്കിൽ സൂചനകൊണ്ട് മറുപടി നല്കുക. ഈ അഭിപ്രായം ഇമാം ബുഖാരി(റഹ്) ശക്തമായ നിലയിൽ ഖണ്ഡിച്ചിരിക്കുന്നു. ഈ രണ്ടു നിവേദനങ്ങളിൽനിന്നും പ്രകടമാകുന്നത് നബി(സ) നമസ്കാരം കഴിഞ്ഞ് സലാമിന് മറുപടി നല്കിയെന്നാണ്. ഇതാണ് സാധാരണക്കാരുടെ മതം.(സ്വഹീഹ് ബുഖാരി, വാള്യം 2, പ്രസാധകർ ഖാദിയാൻ 2006)

**എന്റെ മനസ്സിൽ വലിയ വേദനയുണ്ടാകുന്നു; നമ്മുടെ ജമാഅത്ത് സത്യമായ തഖ്‌വയും ത്വഹാറത്തും സ്വീകരിക്കാൻ ഞാനെന്താണ് ചെയ്യേണ്ടത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

'തീർച്ചയായും ഓർമിച്ചുകൊള്ളുവിൻ. അല്ലാഹു തന്റെ ദാസനെ ഒരിക്കലും നഷ്ടപ്പെടുത്തിക്കളയുകയില്ല. ഏതൊരു കാര്യത്തിനുവേണ്ടിയാണോ ആ ദാസൻ വന്നത് അദ്ദേഹത്തിന്റെ കൈയാൽ അത് പൂർത്തിയാക്കാത്തിടത്തോളം ഒരിക്കലും ഉയർത്തുകയുമില്ല. ആരുടെയെങ്കിലും വിരോധവും ആരുടെയെങ്കിലും ശാപപ്രാർഥനയും അദ്ദേഹത്തിന് ദോഷമുണ്ടാക്കുകയുമില്ല.

ഇതു പറയാൻ കാരണം ആരോ പറഞ്ഞു, ഇപ്പോൾ എതിരാളിയായ 'മുൽഹം' * സാഹിബ് പറയുന്നു, ഈ ജമാഅത്തിന്റെ നാശം അടുത്തെത്തിയിരിക്കുന്നുവെന്ന്. കബുറത്ത് **കലിമത്തൻ തഖ്റുജു മിൻ അഫ്‌വാഹിഹിം ഇൻ യ്യഖൂലൂന ഇല്ലാ കദിബാ** (അവരുടെ വായകളിൽനിന്ന് പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല.(18:6)പിന്നീട് വളരെ വേദനയോടെ പറഞ്ഞു: ഇന്നലെ അതായത് (1899 ജൂൺ 22)ധാരാളം പ്രാവശ്യം അല്ലാഹുവിൽനിന്ന് ഇൽഹാമുണ്ടായി; നിങ്ങൾ മുത്തഖിയാകുക. തഖ്‌വയുടെ അതിസൂക്ഷ്മമായ വഴികളിലൂടെ നടക്കുക. അപ്പോൾ അല്ലാഹു നിങ്ങളോടൊപ്പമുണ്ടായിരിക്കും. ഇതുമുഖേന എന്റെ മനസ്സിൽ വലിയ വേദനയുണ്ടാകുന്നു; നമ്മുടെ ജമാഅത്ത് സത്യമായ തഖ്‌വയും ത്വഹാറത്തും സ്വീകരിക്കാൻ ഞാനെന്താണ് ചെയ്യേണ്ടത്. ഞാൻ എത്രമാത്രം ദുആ ചെയ്യുന്നുവെന്നാൽ ദുആ ചെയ്ത് ചെയ്ത് ക്ഷീണം അതിജയിക്കുന്നു. ചിലനേരങ്ങളിൽ ബോധക്ഷയവും ക്ഷീണിച്ച് വീഴുന്നതുവരെ കാര്യം ചെന്നെത്തുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഒരു ജമാഅത്ത് മുത്തഖിയാകാത്തിടത്തോളം അല്ലാഹുവിന്റെ സഹായം അതിനോടൊപ്പമുണ്ടായിരിക്കുകയില്ല. സകലപരിശുദ്ധ ഏടുകളുടേയും തൗറാത്തിന്റേയും ഇഞ്ചീലിന്റേയും അധ്യാപനങ്ങളുടെ സംക്ഷിപ്തമാണ് തഖ്‌വാ. വിശുദ്ധ ഖുർആൻ ഒരൊറ്റ വാക്കിൽ അല്ലാഹുവിന്റെ മഹത്തായ ഇഷ്ടത്തിന്റേയും പൂർണമായ തൃപ്തിയുടേയും പ്രകടനം നല്കിയിരിക്കുന്നു. സത്യസന്ധരായ മുത്തഖീങ്ങളേയും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരേയും എല്ലാം വിച്ഛേദിച്ച് അല്ലാഹുവിലേക്ക് തിരിഞ്ഞവരേയും വേർതിരിക്കുകയും ചില ദീനീപരമായ ജോലികൾ അവരെ ഏല്പിക്കുകയും ചെയ്താലോ എന്ന ചിന്തയിലുമാണ് ഞാനുള്ളത്. പിന്നീടു ഞാൻ ദുൻയാവിനുവേണ്ടി ദുഃഖിച്ചും

(ശേഷം പേജ് 16ൽ)

**അന്തസ്സിന്റെ സംരക്ഷണം ഉന്നത നിലയിലുള്ള ഒരു ജോലിയാണ്. പക്ഷേ, പ്രബോധന പ്രവർത്തനങ്ങളെ ബാധിക്കാതേയും അല്ലെങ്കിൽ ജനകീയപരമോ മതനിയമപരമോ ആയ കാര്യങ്ങളെ മുന്നിൽവച്ചുകൊണ്ട് മനുഷ്യൻ തന്റെ അന്തസ്സിനെ ത്യാഗം ചെയ്യുകയും തന്റെ മേലുണ്ടാകുന്ന ആക്ഷേപങ്ങളെ അവഗണിക്കുകയും ചെയ്യുകയാണെങ്കിൽ അങ്ങനെയുള്ള വ്യക്തി തീർച്ചയായും തന്റെ അന്തസ്സിന്റെ സംരക്ഷണത്തിന്റെ ആവശ്യം ഏതെങ്കിലും സൽവിചാരത്തോടെ തേടുന്ന വ്യക്തിയെക്കാൾ കൂടുതൽ ഉന്നത നിലയിലാണ്.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:'ഹദ്റത്ത് യൂസുഫ്(അ)നെ രാജാവ് വിളിപ്പിച്ച നേരത്ത് അദ്ദേഹത്തിന് രണ്ടു വഴികളാണ് തുറന്നിരുന്നത്. ഒന്നുകിൽ പെട്ടെന്ന് പുറപ്പെട്ട് വരിക. അല്ലെങ്കിൽ ആദ്യം തന്നെ നിരപരാധിത്വം തെളിയിച്ച് പുറപ്പെട്ടു വരിക. ഈ രണ്ടു കർമവും ബാഹ്യത്തിൽ വൈരുദ്ധ്യമുള്ളതാണ്. പക്ഷേ, രണ്ടു വിഭിന്ന വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഒന്നുകിൽ ഈ രണ്ടുകർമവും നന്മയായിത്തീരുന്നു. അല്ലെങ്കിൽ രണ്ടും തിന്മയായിത്തീരുന്നു. അത് എങ്ങനെയാണെന്നാൽ ഹദ്റത്ത് യൂസുഫ്(അ)അഹങ്കാരത്തിനും സ്വാർഥതയ്ക്കും വിധേയനായാണ് അങ്ങനെ ചെയ്തതെങ്കിൽ അതായത് 'ആദ്യം ആളുകൾ പാപം സമ്മതിക്കട്ടെ പിന്നീട് താൻ പുറപ്പെടുന്നതായിരിക്കും' അപ്പോൾ അത് പാപമായിരിക്കും. ഇപ്രകാരംതന്നെ അദ്ദേഹം ഈ മാർഗം സ്വീകരിച്ചിരുന്നെങ്കിൽ, തന്റെ ആത്മാവിന്റെ സൗഖ്യത്തിനുവേണ്ടി എന്തെങ്കിലും ദീനീപരമായ ഫലമൊന്നും പരിഗണിക്കാതെ പെട്ടെന്ന് പുറപ്പെട്ടു വന്നിരുന്നെങ്കിൽ അപ്പോഴും അത് പാപമാകുമായിരുന്നു. പക്ഷേ, അദ്ദേഹം പുറപ്പെട്ടുവരുന്നത് നിഷേധിച്ചു. അഹങ്കാരിയായതുകൊണ്ടല്ല, പ്രത്യുത അദ്ദേഹം തന്നെ പറഞ്ഞതുപോലെ 'യൂസുഫ് അദ്ദേഹത്തോടു വഞ്ചന കാണിച്ചു'വെന്ന് അദ്ദേഹത്തിന്റെ ഒരു ഉപകാരിക്ക് സംശയമുണ്ടാകാതിരിക്കാൻ വേണ്ടി മാത്രം പോയില്ല. ഈ ഉന്നതമായ വികാരം കാരണത്താൽ അദ്ദേഹത്തിന്റെ ഈ പ്രവൃത്തി ഒരു ഉന്നതമായ നന്മയായിരുന്നു. എന്നാൽ, ഒരു നാലാമത് വീക്ഷണംകൂടിയുണ്ട്. അതനുസരിച്ച് ക്ഷണത്തിൽ പുറപ്പെട്ടുവരിക എന്നത് നന്മയായിത്തീരുന്നതാണ്. ഈ വീക്ഷണമാണ് നബി(സ)തിരുമേനി സ്വീകരിച്ചത്. ഈ വീക്ഷണം തന്റെ നിർബന്ധമായ കർത്തവ്യം നിറവേറ്റുക എന്ന വിചാരമാണ്. ഒരു നബി അല്ലെങ്കിൽ മുഅല്ലിം അല്ലാഹുവിൽനിന്ന് ജനങ്ങളെ പ്രബോധിക്കാൻവേണ്ടി നിയമിക്കപ്പെടുമ്പോൾ അയാളുടെ നിർബന്ധ കടമയാണ് തന്റെ എല്ലാ കാര്യങ്ങളേയും ആ ഉദ്ദേശ്യത്തിനുവേണ്ടി ത്യജിക്കുക എന്നത്. അന്തസും സൽപ്പേരുംകൂടി ത്യജിക്കേണ്ടിവന്നാലും അയാൾ അത് ശ്രദ്ധിക്കരുത്. ഒരു നബി ജയിലിലാണെങ്കിൽ ഒന്നുകിൽ അയാൾക്ക് തബ്‌ലീഗ് ചെയ്യാൻ കഴിയില്ല, അല്ലെങ്കിൽ അയാളുടെ തബ്‌ലീഗ് പരിമിതമായിരിക്കും. അയാൾ ഈ വീക്ഷണത്തിലൂടെ തന്റെ സ്വാതന്ത്ര്യത്തെ നോക്കുകയാണെങ്കിൽ അയാളുടേത് വളരെ വലിയ ത്യാഗമായിരിക്കും; അയാൾ സ്വച്ഛതകൂടാതെ ജയിലിൽനിന്നിറങ്ങിവരികയും തന്റെ ജോലിക്കെതിരിൽ തന്റെ അന്തസ് ഗൗനിക്കാതിരിക്കുകയുമാണെങ്കിൽ! നബി(സ)തിരുമേനി ഹദ്റത്ത് യൂസുഫ് നബി(അ)യുടെ സംഭവത്തെ സംബന്ധിച്ച് പറഞ്ഞുകൊണ്ട് തനിക്കുവേണ്ടി രണ്ടാമത്തെ മാർഗം ഇഷ്ടപ്പെട്ടു. അവിടന്ന് പറയുന്നു: **ലൗ ലബിഥ്ത്തു ഫിസ്സിജ്ന മാ ലബിഥ യൂസുഫു ല അജബ**

(ശേഷം പേജ് 7ൽ)

## ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 05-03-2021 സമ്പൂർണ തർജമ

ജുമുഅ ഖുത്വ്ബ 12-03-2021 സമ്പൂർണ തർജമ തുടർച്ച

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

ഒരു സമുദായവും നേതാവില്ലാതെ പുരോഗതി പ്രാപിക്കുകയില്ല.
ഒരു ഇമാമില്ലെങ്കിൽ ജമാഅത്തിന്റെ എല്ലാ കാര്യങ്ങളും നശിച്ചൊടുങ്ങുന്നതാണ്.

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ദുന്നൂറയ്ൻ
ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

ഹദ്റത്ത് അലിയെ അനന്തരാവകാശിയായി കരുതുന്നവർ സത്യത്തെ പിന്തുണയ്ക്കാനും അഹ്‌ലെ ബയ്ത്തിനോടുള്ള സ്നേഹം കാരണത്താലുമല്ല, മറിച്ച് തങ്ങളുടെ സ്വേച്ഛാ മോഹങ്ങൾ കാരണമായാണ് വീടുകളിൽ നിന്നു പുറത്തിറങ്ങിയിരുന്നത്.

---

മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ് നാഇബ് നാളിർ ദഅ്വത്തെ ഇലല്ലാഹ് ജുനൂബി ഹിന്ദ് ഖദിയാൻ, നദീർ അഹ്മദ് ഖാദിം സാഹിബ് ഇബ്നു ചൗദ്‌രി അഹ്മദ് ദീൻ സാഹിബ് ചട്ട, അൽഹാജ് ഡോക്ടർ നാനാ മുസ്ത്വഫാ ഓട്ടിബവാട്ടങ് സാഹിബ് ഓഫ് ഘാന, ഗുലാം നബി സാഹിബ് ഇബ്നു ഫള്ൽ ദീൻ സാഹിബ് റബ്‌വ തുടങ്ങിയവരെക്കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2021 മാർച്ച് 5/1400 അമാൻ 5**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ- صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

ഹദ്റത്ത് ഉഥ്മാൻ(റ)നെതിരെ ഉണ്ടായിരുന്ന കലഹത്തെ കുറിച്ചുള്ള വിവരണമാണ് നടന്നുകൊണ്ടിരുന്നത്. അതെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊ നദ്(റ)ന്റെ കൂടുതൽ വിശദീകരണങ്ങൾ ഇന്നു പറയുന്നതാണ്. ത്വബരിയിലുള്ള ഉദ്ധരണികളാണ് അദ്ദേഹം കൂടുതൽ അവലോകനം ചെയ്തത്. അല്ലെങ്കിൽ അവയെ കുറിച്ച് തന്റെ വീക്ഷണവും വിശകലനങ്ങളുമാണ് അവതരിപ്പിച്ചത്. അദ്ദേഹം പറയുന്നു: 'മുഹമ്മദ് ബിൻ അബൂബക്ർ, മുഹമ്മദ് ബിൻ ഹുദയ്ഫ, അമ്മാർ ബിൻ യാസിർ എന്നീ മൂന്നു പേരാണ് പ്രക്ഷോഭകാരികളുടെ വലയിൽ വീണതും അവരുമായി ചേർന്നതും. അവരെ കൂടാതെ മദീനാവാസികളായ സ്വഹാബാക്കളോ, ഇതര മുസ്‌ലിമീങ്ങളോ ദ്രോഹികളോട് സമഭാവന വച്ചു പുലർത്തിയിരുന്നില്ല. എല്ലാവരും അവരെ ശപിക്കുകയും അപലപിക്കുകയുമാണ് ചെയ്തിരുന്നത്. എന്നാൽ, ആ സമയത്ത് അവരുടെ പക്കൽ അധികാരസ്ഥാനങ്ങളുണ്ടായിരുന്നില്ല. അവർ ആരുടെയും ആക്ഷേപത്തെ വക വച്ചിരുന്നുമില്ല. ഇരുപതു ദിവസങ്ങൾ ഇവർ നാവു കൊണ്ടു മാത്രം പ്രയത്നിച്ചു കൊണ്ടിരുന്നു. അതായത് ഈ വിരോധികൾ ഹദ്റത്ത് ഉഥ്മാൻ(റ) ഖിലാഫത്ത് സ്ഥാനം വിട്ടൊഴിയാനായി ആവതും ശ്രമിച്ചു. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ(റ) സ്പഷ്ടമായ നിലയിൽ അത് നിരാകരിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹു എന്നെ അണിയിച്ച ഈ കുപ്പായം എനിക്ക് ഒരിക്കലും അഴിക്കാനാകില്ല. മുഹമ്മദ്(സ)ന്റെ സമുദായത്തെ ഇപ്രകാരം ആർക്കും തോന്നുംപോലെ ആരുടേയുംമേൽ ആക്രമണം നടത്താമെന്ന സ്ഥിതിയിൽ നിരാലംബനായി ഉപേക്ഷിക്കാനും എനിക്ക് സാധിക്കില്ല. അവരോട് ഈ അനർഥത്തിൽ നിന്നു വിട്ടു നില്ക്കാൻ ഉപദേശിക്കുകയും ഇന്ന് കുഴപ്പങ്ങൾ സൃഷ്ടിക്കുകയും എന്റെ ജീവിതം ദുസ്സഹമായി കരുതുകയും ചെയ്യുന്ന ഇവർ തന്നെ ഞാൻ ഇല്ലാതായാൽ ആഗ്രഹിക്കുക, ഉഥ്മാന്റെ ജീവിതത്തിലെ ഓരോ ദിനങ്ങളും ഓരോ വർഷങ്ങളായി മാറിയിരുന്നെങ്കിൽ അതുപോലെതന്നെ, അദ്ദേഹം ഞങ്ങളെ ഇത്രവേഗം വിട്ടു പോയിരുന്നില്ലെങ്കിൽ ഹാ! എത്ര നന്നായേനേ എന്നായിരിക്കും. കാരണം എനിക്കു ശേഷം രൂക്ഷമായ രക്തച്ചൊരിച്ചിലുണ്ടാകും. അവകാശധ്വംസനങ്ങൾ അരങ്ങേറും. വ്യവസ്ഥിതി തകിടം മറിയും. അങ്ങനെ ബനു ഉമയ്യയുടെ കാലഘട്ടത്തിൽ 'ഖിലാഫത്ത്' ഭരണകൂടമായി മാറി. ആ ആജ്ഞാലംഘകർക്ക് തങ്ങളുടെ എല്ലാ ദ്രോഹങ്ങളും മറന്നു പോകുംവിധം ശിക്ഷ ലഭിച്ചു. എന്തായാലും ഇരുപത് നാളുകൾക്കുശേഷം ആ വിരോധികളും വിദ്രോഹികളുമായവർക്ക് പെട്ടെന്നുതന്നെ എന്തെങ്കിലും തീരുമാനമെടുക്കണമെന്ന ചിന്ത വന്നു. അല്ലെങ്കിൽ ഓരോ സ്റ്റേറ്റിൽ നിന്നും പട്ടാളം വരാനും തങ്ങൾക്ക് തങ്ങളുടെ കർമങ്ങൾക്കുള്ള ശിക്ഷ ലഭിക്കാനും തുടങ്ങും. അവർ തെറ്റിലാണെന്ന് അവർക്കറിയാമായിരുന്നു. മുസ്‌ലിം ഭൂരിപക്ഷം ഹദ്റത്ത് ഉഥ്മാനോടൊപ്പവുമായിരുന്നു. അതുകൊണ്ട് അവർ ഹദ്റത്ത് ഉഥ്മാനെ(റ) വീട്ടുത്തടങ്കലിലാക്കി. ഭക്ഷണ പാനീയങ്ങൾ വീട്ടിലേക്ക് പോകുന്നതും വിലക്കി. ഇത്തരുണത്തിൽ നിർബന്ധിതനായി ഹദ്റത്ത് ഉഥ്മാൻ(റ) അവരുടെ ആവശ്യങ്ങൾ അനുവദിച്ചാലോ എന്നവർ കരുതി. എന്നാൽ, തന്നെ അല്ലാഹു അണിയിച്ച കുപ്പായം താനൊരിക്കലും ഊരിവയ്ക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കിയിരുന്നു. എന്തായാലും മദീനയുടെ വ്യവസ്ഥിതി അവരുടെ കീഴിലായിരുന്നു. അവരെല്ലാവരും ചേർന്ന് ഈജിപ്ത് സൈന്യാധിപനായ ഗാഫിഖിയെ തങ്ങളുടെ നേതാവായി അവരോധിച്ചിരുന്നു. അങ്ങനെ ആ സമയത്ത് മദീനയുടെ ഭരണാധികാരിയായി ഗാഫിഖി മാറി. കൂഫാ സൈനാധിപൻ അശ്ത്തറും ബസ്വറയുടെ സൈനിക തലവൻ ഹക്കീം ബിൻ ജബലയുമായിരുന്നു. ദിമ്മികളുടെ മുതൽ കൊള്ളയടിച്ചതിനാൽ ബസ്വറയിൽ തന്നെ ഹദ്റത്ത് ഉഥ്മാൻ(റ) തടങ്കലാക്കിയ കൊള്ളക്കാരനായിരുന്നു അയാൾ. അയാളാണ് സൈനികത്തലവനായി മാറിയത്. രണ്ടുപേരും ഗാഫിഖിയുടെ കീഴിൽ പ്രവർത്തിച്ചിരുന്നു. അതായത് ഹക്കീം ബിൻ ജബലയും അശ്ത്തറയും. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇതിൽ നിന്നു ഈ ഫിത്നയുടെ മൂലകാരണം അബ്ദുല്ലാഹ് ബിൻ സബാ പ്രവർത്തനനിരതനായിരുന്ന ഈജിപ്തിലെ വിഭാഗമായിരുന്നെന്ന് ഒരിക്കൽക്കൂടി തെളിഞ്ഞിരിക്കുന്നു.

മസ്ജിദ് നബ്‌വിയിൽ ഗാഫിഖിയായിരുന്നു നമസ്കരിപ്പിച്ചിരുന്നത്. നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ സ്വന്തം വീടുകളിൽ ബന്ധനസ്ഥരോ അല്ലെങ്കിൽ അയാളുടെ പിറകിൽ നമസ്കരിക്കാൻ നിർബന്ധിതരോ ആയിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ വീട് ഉപരോധിക്കുവാൻ തീരുമാനിക്കുന്നതു വരെ അവർ ജനങ്ങളുമായി കൂടുതൽ ഇടപഴകാൻ നിന്നിരുന്നില്ല. എന്നാൽ, ഉപരോധം തുടങ്ങിയതും മറ്റുള്ളവരുടെമേലും ഈ വിപ്ലവകാരികൾ പീഢനങ്ങൾ അഴിച്ചുവിട്ടു. അങ്ങനെ മദീന സമാധാനഗേഹം എന്നതിനു പകരം രണാങ്കണമായി മാറി. മദീനവാസികളുടെ അന്തസ്സും അഭിമാനവും അപകടത്തിലായി. ആരും തന്നെ വീടുകളിൽനിന്നു ആയുധമേന്താതെ പുറത്തിറങ്ങിയിരുന്നില്ല. ഇക്കൂട്ടർ തങ്ങളുമായി ഏറ്റുമുട്ടുന്നവരെ വധിച്ചു കളയുമായിരുന്നു. ഇവർ ഹദ്റത്ത് ഉഥ്മാ(റ)നെ ഉപരോധിക്കുകയും വെള്ളം പോലുംമുടക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) തന്റെ അയൽവാസിയായ ഒരു കുട്ടിയെ ഹദ്റത്ത് അലി, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബയ്ർ അതുപോലെ വിശ്വാസികളുടെ മാതാക്കൾ എന്നിവരുടെ അടുക്കലേക്ക് അയച്ചു. ഇക്കൂട്ടർ നമുക്ക് വെള്ളംപോലും നിഷേധിച്ചിരിക്കുന്നു. നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ പറ്റുമെങ്കിൽ ചെയ്യണം. നമുക്ക് വെള്ളം എത്തിക്കണമെന്ന് സന്ദേശമയച്ചു. പുരുഷന്മാരിൽവച്ച് ഏറ്റവുമാദ്യം ഹദ്റത്ത് അലി വന്ന് അവരോട് അവരെന്താണ് ചെയ്തുകൂട്ടുന്നതെന്നും അവരുടെ പ്രവർത്തനങ്ങൾ വിശ്വാസികളുമായോ അവിശ്വാസികളുമായോ സാമ്യമില്ലാത്തതാണെന്നും റോമക്കാരും പേർഷ്യക്കാരും വീട്ടുതടങ്കലിലാക്കാറുണ്ടെങ്കിലും അവർ ഭക്ഷണ പാനീയങ്ങൾ തടയാറില്ലെന്നും പറഞ്ഞു. ഇസ്‌ലാമിക രീതി അനുസരിച്ച് നിങ്ങളുടെ പ്രവർത്തനങ്ങൾ ഒരിക്കലും അനുവദനീയമല്ല. ഹദ്റത്ത് ഉഥ്മാനെ(റ) തടവിലാക്കുകയും വധിക്കുകയും ചെയ്യുന്നത് അനുവദനീയമാണെന്ന് കരുതാൻ മാത്രം അദ്ദേഹം നിങ്ങൾക്കെന്ത് നഷ്ടമാണ് വരുത്തിവച്ചത്. ഹദ്റത്ത് അലിയുടെ ഈ ഉപദേശങ്ങൾ അവരിൽ ഒരു ഫലവുമുളവാക്കിയില്ല. എന്തുതന്നെ സംഭവിച്ചാലും ഈ വ്യക്തിക്ക് അന്നപാനീയങ്ങൾ എത്താൻ ഞങ്ങൾ അനുവദിക്കില്ലെന്ന് അവർ വ്യക്തമാക്കി. തങ്ങൾ നബി(സ)തിരുമേനിയുടെ അനന്തരാവകാശിയും യഥാർഥ പിന്തുടർച്ചാവകാശിയുമായി കരുതുന്ന ഒരു വ്യക്തിക്ക് അവർ നല്കിയ മറുപടിയാണിത്. ഹദ്റത്ത് അലിയെ ആണല്ലോ അവർ യഥാർഥ പിന്തുടർച്ച അവകാശിയായി കണക്കാക്കുന്നത്. അദ്ദേഹത്തിനാണ് ഈ മറുപടി ലഭിച്ചത്. ഹദ്റത്ത് അലിയെ അനന്തരാവകാശിയായി കരുതുന്നവർ സത്യത്തെ പിന്തുണയ്ക്കാനും അഹ്‌ലെ ബയ്ത്തിനോടുള്ള സ്നേഹം കാരണത്താലുമല്ല, മറിച്ച് തങ്ങളുടെ സ്വേച്ഛാ മോഹങ്ങൾ കാരണമായാണ് വീടുകളിൽ നിന്നു പുറത്തിറങ്ങിയിരുന്നതെന്ന്

തെളിയിക്കാൻ ഈ മറുപടിക്ക് പുറമെ വല്ല സാക്ഷ്യത്തിന്റേയും ആവശ്യമുണ്ടോ?

നബി പത്നിമാരിൽ ഏറ്റവുമാദ്യം ഉമ്മുഹബീബയാണ് അദ്ദേഹത്തെ സഹായിക്കാൻ വന്നത്. അവർ ഒരു കുതിരപ്പുറത്ത് ഒരു കുടംവെള്ളവുമായി വന്നതായിരുന്നു. അവരുടെ യഥാർഥ ഉദ്ദേശ്യം ബനൂ ഉമയ്യയുടെ അനാഥരുടെയും വിധവകളുടെയും വസിയ്യത്തുകൾ സംരക്ഷിക്കുകയായിരുന്നു. വെള്ളമെത്തിക്കാൻ മാത്രമാണെങ്കിലും വേറെയും വഴികൾ ഉണ്ടായിരുന്നു. അവർ ഹദ്റത്ത് ഉഥ്മാന്റെ വീട്ടു വാതില്ക്കലെത്തിയപ്പോൾ കലാപകാരികൾ അവരെ തടയാൻ ഒരുമ്പിട്ടു. ഇവർ നബി പത്നിയായ ഉമ്മുഹബീബയാണെന്ന് അവിടെ ഉണ്ടായ സാധാരണക്കാർ പറഞ്ഞെങ്കിലും വിമതർ അത് ഗൗനിച്ചില്ല. അവർ വന്ന കുതിരയെ അക്കൂട്ടർ തല്ലാൻ തുടങ്ങി. അവർ വിമതരോട് പറഞ്ഞു: ബനൂ ഉമയ്യയുടെ അനാഥരുടെയും വിധവകളുടെയും വസിയ്യത്തുകൾ നഷ്ടമായി പോകുമെന്ന് ഞാൻ ഭയക്കുന്നു. അതുകൊണ്ട് അവ സംരക്ഷിക്കാൻ എന്നെ വീട്ടിൽ പ്രവേശിക്കാൻ അനുവദിക്കണം. എന്നാൽ, ആ ദുർഭഗന്മാർ അവരോടു നിങ്ങൾ കള്ളം പറയുകയാണെന്ന് പറയുകയും ആ കുതിരയുടെ പല്ലക്കിന്റെ കയർ മുറിക്കുകയും കടിഞ്ഞാൺ മറിച്ചിടുകയും ചെയ്തു. ആ കലാപകാരികളുടെ കാൽക്കീഴിൽ ചതഞ്ഞു അവർ ശഹീദായിപ്പോകുമായിരുന്നു. പെട്ടെന്നുതന്നെ അവിടെ സമീപത്തുണ്ടായ മദീനക്കാർ അവരെ താങ്ങി പിടിക്കുകയും വീട്ടിലെത്തിക്കുകയും ചെയ്തു.

നബി(സ)തിരുമേനിയുടെ പത്നിയോട് അക്കൂട്ടർ പെരുമാറിയത് ഇപ്രകാരമാണ്. ഉമ്മുഹബീബക്ക് നബി(സ)തിരുമേനിയോട് അങ്ങേയറ്റത്തെ ആത്മാർഥതയും സ്നേഹവുമായിരുന്നു. അവർ വിവാഹാനന്തരം പത്തു പതിനാറു വർഷം മാതാപിതാക്കളെ കണ്ടിരുന്നില്ല. അറേബ്യയിലെ നേതാവും രാജപദവി അലങ്കരിക്കുന്നവനുമായ അവരുടെ പിതാവ്, ഒരു പ്രത്യേക രാഷ്ട്രീയ ദൗത്യവുമായി മദീനയിലേക്ക് വന്നതായിരുന്നു. അവരെയും കാണാനായി വന്നു. അയാൾ ഇരിക്കാൻ തുടങ്ങിയപ്പോൾ അവിടെ വിരിച്ചിരുന്ന നബി(സ) തിരുമേനിയുടെ കിടക്ക ഉമ്മു ഹബീബ വലിച്ചുമാറ്റി. കാരണം അല്ലാഹുവിന്റെ റസൂലിന്റെ പരിശുദ്ധ വസ്ത്രത്തിൽ ഒരു മുശ്രിക്കിന്റെ അവിശുദ്ധ ശരീരം തട്ടുന്നത് കണ്ടുനില്ക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. അതുകൊണ്ട് സ്വന്തം പിതാവിനെയും അവർ ഇരിക്കാൻ സമ്മതിച്ചില്ല. അത്ഭുതം തന്നെ! ഉമ്മുഹബീബ നബി(സ)തിരുമേനിയുടെ അസാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ വസ്ത്രത്തിനുപോലും അനാദരവുണ്ടാകാൻ സമ്മതിച്ചില്ല. എന്നാൽ, ആ കലാപകാരികൾ നബി(സ)തിരുമേനിയുടെ അസാന്നിധ്യത്തിൽ നബിപത്നിയെ പോലും അനാദരിച്ചു. അക്കൂട്ടർ പറഞ്ഞു: നബി പത്നി കള്ളം പറയുകയാണ്. എന്നാൽ, നബിപത്നി ശരിയായിരുന്നു പറഞ്ഞിരുന്നത്.

ഹദ്റത്ത് ഉഥ്മാൻ(റ) ബനൂ ഉമയ്യായുടെ അനാഥരുടെ മേൽനോട്ടക്കാരനായിരുന്നു. കലാപകാരികളുടെ ശത്രുത വർധിച്ചു വന്ന കാരണത്താൽ അവരുടെ ഭയം അസ്ഥാനത്തായിരുന്നില്ല. അനാഥരുടെയും വിധവകളുടെയും സ്വത്ത് നഷ്ടപ്പെടുമെന്ന് അവർ ഭയന്നിരുന്നു. ഉമ്മു ഹബീബയല്ല, മറിച്ച് നബി(സ)തിരുമേനിയെ സ്നേഹിക്കുന്നുവെന്ന് വാദിക്കുകയും എന്നാൽ, നബി(സ)തിരുമേനിയുടെ മതത്തെ നശിപ്പിക്കാൻ കച്ചകെട്ടി ഇറങ്ങുകയും ചെയ്ത കലാപകാരികളായിരുന്നു കള്ളം പറഞ്ഞിരുന്നത്. ഹദ്റത്ത് ഉമ്മു ഹബീബയുടെ നേരെയുണ്ടായ ഇക്കൂട്ടരുടെ ദുഷ്പെരുമാറ്റത്തെ കുറിച്ചുള്ള വാർത്ത മദീനയിൽ പടർന്നു. അപ്പോൾ സ്വഹാബാക്കളും മദീനാവാസികളും അത്ഭുതപരതന്ത്രരായി. ഇനി ഇക്കൂട്ടരിൽനിന്നു നന്മ പ്രതീക്ഷിക്കുന്നത് വെറുതെയാണെന്ന് അവർ മനസ്സിലാക്കുകയും ചെയ്തു. ഹദ്റത്ത് ആഇശ(റ) അപ്പോൾ തന്നെ ഹജ്ജ് ചെയ്യാൻ തീരുമാനിച്ചു. യാത്രയ്ക്കുള്ള തയ്യാറെടുപ്പും തുടങ്ങി. ആഇശ(റ) മദീനയിൽനിന്നു പോവുകയാണെന്ന് ആളുകൾ അറിഞ്ഞപ്പോൾ, അവർ ആഇശ(റ) യോട് ഇവിടെതന്നെ നില്ക്കാനും കലാപം തടയാൻ അത് സഹായകരമാകുമെന്നും വിമതരെ പോലും സ്വാധീനിക്കാനാകുമെന്നും പറഞ്ഞു. എന്നാൽ, ഹദ്റത്ത് ആഇശ(റ) അത് നിരസിച്ചുകൊണ്ട് ചോദിച്ചു: 'ഉമ്മു ഹബീബയുടെ അധോഗതി എനിക്കും ഉണ്ടാകണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? അല്ലാഹുവാണ! ഞാൻ എന്റെ അന്തസ്സിനെ അപകടത്തിലാക്കാൻ വിടുകയില്ല. കാരണം അത് നബ(സ)തിരുമേനിയുടെ അന്തസ്സാണ്. എന്നോട് എന്തെങ്കിലും തരത്തിലുള്ള ദുഷ്പെരുമാറ്റമുണ്ടായാൽ എന്റെ സുരക്ഷയ്ക്ക് എന്താണ് മാർഗമുള്ളത്? ഇക്കൂട്ടർ ദ്രോഹത്തിൽ എത്രത്തോളം മുൻ കടക്കുമെന്നും ഇതിന്റെ അന്ത്യം എന്തായിരിക്കുമെന്നും അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. കലാപത്തിൽ കുറവുവരുത്താൻ സാധ്യതയുള്ള ഒരു പദ്ധതി ഹദ്റത്ത് ആഇശ(റ) ഹജ്ജിന് പോകവെ തയ്യാറാക്കുകയുണ്ടായി. അറിവില്ലായ്മയോ, അപകതയോ, വിശ്വാസ ദൗർബല്യമോ കാരണത്താൽ കലാപകാരികളോടൊപ്പം ചേർന്ന തന്റെ അനുജൻ മുഹമ്മദ് ബിൻ അബൂബക്റിനെ തന്നോടൊപ്പം ഹജ്ജിനു വരുന്നതിന് വിളിക്കാൻ ആഇശ(റ) ആളെ വിട്ടു. എന്നാൽ, അയാൾ അതിനു കൂട്ടാക്കിയില്ല. അപ്പോൾ ഹദ്റത്ത് ആഇശ(റ) പറഞ്ഞു: എന്തു ചെയ്യാനാണ്. ഞാൻ അശക്തയാണ്. എനിക്കു ശക്തി ഉണ്ടായിരുന്നെങ്കിൽ ഇക്കൂട്ടരുടെ പ്രവർത്തനങ്ങളെ സഫലമാക്കാൻ ഞാൻ അനുവദിക്കുമായിരുന്നില്ല. ഹദ്റത്ത് ആഇശ(റ) ഹജ്ജിനു പോയി. പോകാൻ പറ്റുന്ന ചില സ്വഹാബാക്കളും മദീനയിൽ നിന്നു പോയിരുന്നു. ചില മുതിർന്ന സ്വഹാബാക്കൾ ഒഴികെ മറ്റുള്ളവരെല്ലാം സ്വന്തം വീടുകളിൽ തന്നെ ഇരുന്നു. ഇക്കൂട്ടർ സൗമ്യമായി പെരുമാറിയാൽ അംഗീകരിക്കില്ലെന്ന് ഹദ്റത്ത് ഉഥ്മാൻ(റ) മനസ്സിലാക്കിയപ്പോൾ അദ്ദേഹം എല്ലാ സ്റ്റേറ്റുകളിലെയും ഗവർണർമാർക്ക് ഒരു കത്തയച്ചു. അതിന്റെ ചുരുക്കമിതാണ്, 'ഞാൻ ആശിച്ചോ, ആവശ്യപ്പെട്ടോ അല്ലാതെ ഖിലാഫത്തിനെ കുറിച്ചുള്ള കൂടിയാലോചന സമിതിയിൽ ഹദ്റത്ത് അബൂബക്റിനും ഹദ്റത്ത് ഉമറിനും ശേഷം എന്നെയും ഉൾപ്പെടുത്തിയതാണ്. എന്റെ താൽപര്യമോ അഭിപ്രായമോ കൂടാതെയാണ് എന്നെ ഖലീഫയാക്കിയത്. ഞാൻ മുൻ ഖലീഫമാർ ചെയ്തു പോന്നിരുന്ന കാര്യങ്ങൾ തന്നെ തുടർന്നു. സ്വന്തമായി ഒരു ബിദ്അത്തും ഞാൻ തുടങ്ങിയില്ല. എന്നാൽ, ചിലരുടെ ഹൃദയങ്ങളിൽ തിന്മയുടെ വിത്തു വിതയ്ക്കപ്പെടുകയും അവർക്ക് ഉപദ്രവബുദ്ധി ഉണ്ടാകുകയും അവർ എനിക്കെതിരെ പദ്ധതികളിടുകയും മനസ്സിൽ വേറെ ഉദ്ദേശ്യങ്ങൾ വച്ചുകൊണ്ട് ജനസമക്ഷം മറ്റു ചില കാര്യങ്ങൾ വയ്ക്കുകയും മറ്റു ഖലീഫമാർക്കെതിരെയുണ്ടായപോലെ എനിക്കുമേലും ആക്ഷേപങ്ങൾ ഉന്നയിക്കുകയും ചെയ്യാൻ ആരംഭിച്ചു. എല്ലാമറിഞ്ഞിട്ടും ഞാൻ മൗനം പാലിച്ചു. ഇവർ എന്റെ കാരുണ്യത്തെ ദുരുപയോഗം ചെയ്തുകൊണ്ട് ദ്രോഹപ്രവർത്തനങ്ങളിൽ കൂടുതൽ അഭിവൃദ്ധിപ്പെട്ടു. അവസാനം അവിശ്വാസികളെപോലെ മദീനയെയും ആക്രമിച്ചു. ജനങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ സഹായം ചെയ്യാനുള്ള സംവിധാനം ഒരുക്കുക.

തുടർന്ന് ഹദ്റത്ത് ഉഥ്മാൻ(റ) ഹജ്ജിന് വരുന്നവരുടെ പേരിൽ വേറൊരു കത്ത് എഴുതുകയും കുറച്ചു നാളുകൾക്കുശേഷം അതു മക്കയിലേക്ക് അയക്കുകയും ചെയ്തു. അതിന്റെ ചുരുക്കമിതാണ്: 'ഞാൻ അല്ലാഹുവിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്, അവന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ഓർമിപ്പിക്കുകയാണ്. ഇപ്പോൾ കുറച്ചുപേർ കലഹമുണ്ടാക്കുന്നുണ്ട്. ഇസ്‌ലാമിൽ ഭിന്നിപ്പുണ്ടാക്കാനുള്ള ശ്രമങ്ങളിൽ അവർ മുഴുകിയിരിക്കുകയാണ്. എന്നാൽ, ഖലീഫയെ നിയമിക്കുന്നത് അല്ലാഹുവാണെന്ന കാര്യം പോലും അവർ ചിന്തിച്ചില്ല. അല്ലാഹു പറയുന്നു: **വഅദല്ലാഹുല്ലദീന ആമനൂ മിൻകും വ അമിലുസ്സാലിഹാത്തി ല യസ്തഖ്ലിഫന്നഹും ഫിൽ അർളി**(24:56)

അതായത് നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്കു മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. തുടർന്ന് പറഞ്ഞു: ഇവർ ഐക്യത്തെ വിലമതിക്കുന്നില്ല. വാസ്തവത്തിൽ അല്ലാഹു കല്പിക്കുന്നത്, **വഅ്തസിമൂ ബിഹബ്‌ലില്ലാഹി ജമീഅൻ**(3:7) നിങ്ങളെല്ലാവരും ചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക എന്നാണ്.' പിന്നീട് അവിടന്ന് പറഞ്ഞു, 'എനിക്കുമേൽ ആരോപണങ്ങൾ ഉന്നയിക്കുന്നവർ പറയുന്നത് അംഗീകരിക്കുകയും വിശുദ്ധ ഖുർആനിലെ **യാ അയ്യുഹല്ലദീന ആമനൂ ഇൻ ജാഅക്കും ഫാസിഖുൻ ബിനബ്ഇൻഫ്തബയ്യനൂ**(49:7) എന്ന കല്പനയെ മാനിക്കാതിരിക്കുകയും ചെയ്യുന്നു. അതായത് വിശ്വസിച്ചവരേ! ദുർമാർഗിയായ ഒരാൾ വല്ല വാർത്തയുമായി നിങ്ങളുടെയടുക്കൽ വന്നാൽ അതിന്റെ(വസ്തുത) നിങ്ങൾ ശരിക്കും അന്വേഷിച്ചറിയുക. പിന്നീട് പറഞ്ഞു: എന്നോട് ബയ്അത്തിനോട് മര്യാദ കാണിച്ചില്ല. വാസ്തവത്തിൽ അല്ലാഹു അവന്റെ റസൂലിനെ കുറിച്ച് പറയുന്നത്, **ഇന്നല്ലദീന യുബായിഊനക്ക ഇന്നമാ യുബായിഊനല്ലാഹ്**(48:11)എന്നാണ്. നിന്നോടു ബയ്അത്ത് അഥവാ അനുസരണപ്രതിജ്ഞ ചെയ്യുന്നവർ യഥാർഥത്തിൽ അല്ലാഹുവിനോടു തന്നെയാണ് അനുസരണപ്രതിജ്ഞ ചെയ്യുന്നത്.' അദ്ദേഹം പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനിയുടെ പ്രതിനിധിയാണ്. അതായത് അതുകൊണ്ട് ഈ കല്പന എന്റെ കാര്യത്തിലും ബാധകമാണ്. ഒരു സമുദായവും നേതാവില്ലാതെ പുരോഗതി പ്രാപിക്കുകയില്ല. ഈ ഇമാമില്ലെങ്കിൽ ജമാഅത്തിന്റെ എല്ലാ കാര്യങ്ങളും നശിച്ചൊടുങ്ങുന്നതാണ്. ഇക്കൂട്ടർ മുസ്‌ലിം സമുദായത്തെ നശിപ്പിക്കാനാഗ്രഹിക്കുന്നു. അതല്ലാതെ അവരൊന്നും ഉദ്ദേശിക്കുന്നില്ല. കാരണം ഞാൻ അവർ പറയുന്നത് അംഗീകരിച്ചതും ഗവർണർമാരെ മാറ്റുമെന്ന് വാക്കു കൊടുത്തതുമാണ്. എന്നിട്ടും അവർ കലാപങ്ങൾ ഉപേക്ഷിച്ചില്ല. ഇക്കൂട്ടർ മൂന്നു കാര്യങ്ങളിലൊന്ന് അംഗീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. എന്റെ ഭരണത്തിൽ ശിക്ഷ ലഭിച്ചവർക്കെല്ലാം ഞാൻ പ്രതിക്രിയ ചെയ്യണമത്രെ! അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഞാൻ ഖിലാഫത്ത് ഉപേക്ഷിക്കണമത്രെ!എന്റെ സ്ഥാനത്ത് ഇവർ മറ്റാരെയെങ്കിലും നിശ്ചയിക്കുന്നതാണത്രെ! അതും സമ്മതിച്ചില്ലെങ്കിൽ ഇവർ തങ്ങളോട് സമാന ചിന്താഗതി വച്ചുപുലർത്തുന്ന എല്ലാവർക്കും എന്റെ അനുസരണത്തിൽ നിന്നു പുറത്തുകടക്കാനായി സന്ദേശമയക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു.

'ഒന്നാമത്തെ കാര്യത്തിനുള്ള മറുപടിയിതാണ്. എനിക്ക് മുമ്പേയും ഖലീഫമാർക്ക് തീരുമാനങ്ങളിൽ പിഴവ് സംഭവിച്ചിട്ടുണ്ട്. എന്നാൽ, അവർക്കൊന്നും ശിക്ഷ ലഭിച്ചിട്ടില്ല. തെറ്റുപറ്റിയെന്ന് കരുതി അവരിൽ നിന്നു പ്രതിക്രിയ ആവശ്യപ്പെടുകയുണ്ടായിട്ടില്ല. അവർക്ക് ഒരു വിധ ശിക്ഷയുമുണ്ടായിട്ടില്ല. എനിക്കുമേൽ ഇത്രയുമധികം ശിക്ഷാനടപടികൾ എടുക്കുന്നതിന്റെ പിറകിലുള്ള ഉദ്ദേശ്യം എന്നെ വധിക്കുക എന്നതല്ലാതെ മറ്റെന്താകാനാണ്? പ്രതിക്രിയ ചെയ്യ

ണം അല്ലെങ്കിൽ ശിക്ഷ വാങ്ങണമെന്നു പറയുന്നതിന്റെ ഏക ഉദ്ദേശ്യം നിങ്ങൾ എന്നെ വധിക്കാൻ ആഗ്രഹിക്കുന്നു എന്നതാണ്.' തുടർന്ന് പറഞ്ഞു: 'ഖിലാഫത്തിൽനിന്നു സ്ഥാനഭ്രഷ്ടനാകുന്നതിനെ കുറിച്ചുള്ള മറുപടിയാണിത്. ഇവർ എന്നെ പിച്ചിച്ചീന്തി ഇറച്ചിക്കഷണങ്ങളാക്കി മാറ്റുന്നത് എനിക്ക് സമ്മതമാണ്. എന്നാലും ഞാൻ ഖിലാഫത്തിൽനിന്ന് വേർപ്പെടുന്നതല്ല. അല്ലാഹു അണിയിച്ച കുപ്പായം ഞാൻ ഒരിക്കലും ഉപേക്ഷിക്കുകയില്ല. മൂന്നാമത്തെ കാര്യം, ഇവർ സ്വന്തം ആളുകളെ നാലു ഭാഗത്തേക്കും അയച്ച് ഞാൻ പറയുന്നത് അനുസരിക്കാതിരിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചാൽ അതിനു ദൈവസമക്ഷം ഞാൻ ഉത്തരവാദിയല്ല. ഇവർ ശരീഅത്തിന് വിരുദ്ധമായി ഒരു കാര്യം ചെയ്യാൻ ആഗ്രഹിക്കുന്നെങ്കിൽ അത് ചെയ്തുകൊള്ളട്ടെ. മുമ്പേയും എനിക്ക് ബയ്അത്തു ചെയ്യാൻ ഞാൻ സമ്മർദ്ദം ചെലുത്തിയിരുന്നില്ല. എനിക്ക് നിർബന്ധമായും ബയ്അത്തു ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടില്ല. ആരാണോ തന്റെ പ്രതിജ്ഞ ലംഘിക്കുന്നത് അയാളുടെ ആ പണിയിൽ എനിക്കും തൃപ്തിയില്ല. ഇത് തെറ്റായ പ്രവൃത്തിയാണ്. അല്ലാഹു അത് ഇഷ്ടപ്പെടുന്നില്ല.' ഹജ്ജിന്റെ നാളുകൾ അടുത്തിരുന്നു. നാലു ദിക്കുകളിൽ നിന്നും ആളുകൾ മക്കയിൽ ഒത്തുകൂടുന്നുണ്ടായിരുന്നു. അതുകൊണ്ട് ഹദ്റത്ത് ഉഥ്മാൻ, മക്കയിലും ഈ കലാപകാരികൾ വല്ല കുഴപ്പവും സൃഷ്ടിക്കാതിരിക്കാനും മദീനക്കാരെ സഹായിക്കാൻ മക്കക്കാരോട് ആഹ്വാനം ചെയ്യാനുംവേണ്ടി അബ്ദുല്ലാഹ് ബിൻ അബ്ബാസിനെ ഹജ്ജിന്റെ അമീറായി നിശ്ചയിച്ചു യാത്രയാക്കി. അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) പറഞ്ഞു: 'എനിക്ക് ഇക്കൂട്ടരോട് ജിഹാദ് ചെയ്യാനാണ് കൂടുതൽ ഇഷ്ടം. താങ്കൾ എന്നെ എന്തിനാണ് ഹജ്ജിന് അയക്കുന്നത്?' ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തെ ഹജ്ജിനു പോകാനും ഹജ്ജ് ദിവസങ്ങളിൽ അമീറാകാനും നിർബന്ധിച്ചു. അവിടെ കലാപകാരികൾ കുഴപ്പങ്ങൾ സൃഷ്ടിക്കാതിരിക്കാനും ഹജ്ജിന് വരുന്നവരോട് മദീനാ വാസികളെ സഹായിക്കാൻ ആഹ്വാനം ചെയ്യാനും വേണ്ടിയായിരുന്നു അത്. പ്രസ്തുത കത്ത് അദ്ദേഹത്തിന്റെ കൈയിൽത്തന്നെയാണ് കൊടുത്തയച്ചത്.

ഈ കത്തുകളെ കുറിച്ച് കലാപകാരികൾ അറിഞ്ഞപ്പോൾ അവർ കൂടുതൽ പ്രയാസമുണ്ടാക്കാൻ തുടങ്ങി. എങ്ങനെയെങ്കിലും യുദ്ധം ഉണ്ടാക്കി ഹദ്റത്ത് ഉഥ്മാനെ ശഹീദാക്കാനുള്ള അവസരം ലഭിക്കാനായി അവർ കാരണങ്ങൾ അന്വേഷിച്ചു നടന്നു. എന്നാൽ, അവരുടെ പ്രയത്നങ്ങളെല്ലാം വൃഥാവിലായി. ഹദ്റത്ത് ഉഥ്മാൻ(റ) പ്രശ്നങ്ങൾ ഉണ്ടാക്കാൻ അവർക്ക് ഒരു അവസരവും നല്കിയില്ല. അവസാനം ഗത്യന്തരമില്ലാതെ അവർ രാത്രി എല്ലാവരും ഉറങ്ങിക്കഴിഞ്ഞാൽ ഹദ്റത്ത് ഉഥ്മാന്റെ വീടിന് കല്ലെറിയണമെന്നും പദ്ധതിയിട്ടു. അങ്ങനെ വീട്ടുകാർ പ്രകോപിതരാകുകയും തിരിച്ച് കല്ലെറിയാൻ നിർബന്ധിതരാകുകയും ചെയ്യുമെന്നും അപ്പോൾ തങ്ങളെ ഇവർ ആക്രമിക്കുന്നത് നിങ്ങൾ കണ്ടില്ലേ? അതുകൊണ്ട് ഇവർക്ക് മറുപടി നല്കാൻ തങ്ങൾ നിർബന്ധിതരാണെന്നുപറയാൻ അവസരം ലഭിക്കുന്നതാണെന്നും അവർ കരുതി. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ എല്ലാവരോടും ഒരു പ്രതികരണവും നടത്തരുതെന്ന് കണിശമായി വിലക്കിയിരുന്നു. ഒരുദിവസം അവസരം കിട്ടിയതും ഹദ്റത്ത് ഉഥ്മാൻ(റ) വീട്ടിന്റെ മതിലിനരികിൽച്ചെന്ന് കലാപകാരികളോട് പറഞ്ഞു: 'നിങ്ങൾ കരുതുന്നത് ഞാൻ കുറ്റക്കാരനാണെന്നല്ലേ? അതിൽ മറ്റുള്ളവർ എന്ത് പിഴച്ചു? എന്റെ കുറ്റത്തിന് എന്റെമേൽ എന്തുവേണമെങ്കിലും അതിക്രമം ചെയ്തുകൊള്ളുക. നിങ്ങൾ കല്ലെറിയുമ്പോൾ മറ്റുള്ളവർക്കും പരിക്കുപറ്റാനും അപകടമുണ്ടാകാനുള്ള സാധ്യതയുണ്ട്.' അവർ തീർത്തും അക്കാര്യം നിഷേധിച്ചുകൊണ്ട് പറഞ്ഞു: 'ഞങ്ങൾ കല്ലെറിഞ്ഞില്ല.' അപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ)പറഞ്ഞു: 'നിങ്ങളല്ലെങ്കിൽ പിന്നെ ആരാണ് എറിയുന്നത്?' അവർ പറഞ്ഞു: 'അല്ലാഹു എറിയുന്നതാകും.' (നഊദുബില്ലാഹ് മിൻ ദാലിക്) അതുകേട്ട് ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: 'നിങ്ങൾ കള്ളം പറയുകയാണ്. അല്ലാഹുവാണ് ഞങ്ങൾക്കു മേൽ കല്ലെറിയുന്നതെങ്കിൽ അവനൊരിക്കലും ഉന്നം പിഴക്കുകയില്ല. എന്നാൽ, നിങ്ങൾ എറിയുന്ന കല്ലുകൾ അവിടെയും ഇവിടെയുമാണ് ചെന്ന് വീഴുന്നത്.' ഇതും പറഞ്ഞ് അദ്ദേഹം അവിടെ നിന്നുമാറി.

സ്വഹാബാക്കൾക്ക് ഹദ്റത്ത് ഉഥ്മാന്റെ അടുത്ത് ഒത്തുകൂടാനുള്ള അവസരം നിഷേധിക്കപ്പെട്ടിരുന്നിട്ടും അവർ തങ്ങളുടെ കടമകളിൽ അലംഭാവം കാണിച്ചില്ല. സന്ദർഭോചിതമായി അവർ തങ്ങളുടെ പ്രവർത്തനങ്ങളെ രണ്ടു ഭാഗമായി തിരിച്ചിരുന്നു. വൃദ്ധരായ സ്വഹാബാക്കൾ ജനങ്ങളിൽ അവരുടെ പ്രഭാവം കൂടുതലായതിനാൽ സാധാരണക്കാരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നതിനായി തങ്ങളുടെ സമയം ചെലവഴിച്ചിരുന്നു. അത്തരത്തിൽ സമൂഹത്തിൽ വലിയ സ്വാധീനമില്ലാത്തവരും യുവാക്കളും ഹദ്റത്ത് ഉഥ്മാനെ സംരക്ഷിക്കാനായി കിണഞ്ഞു പരിശ്രമിച്ചിരുന്നു. ആദ്യ വിഭാഗക്കാരിൽ ഹദ്റത്ത് അലി, ഫാരിസ് ജേതാവായ ഹദ്റത്ത് സഅ്ദ് ബിൻ വഖാസ് എന്നിവർ ഫിത്ന കുറയ്ക്കാനായി ഏറ്റവും കൂടുതൽ യത്നിച്ചിരുന്നു. പ്രത്യേകിച്ച് ഹദ്റത്ത് അലി തന്റെ മറ്റെല്ലാ ജോലികളും മാറ്റിനിറുത്തി അതിൽ തന്നെ മുഴുകിയിരുന്നു. ഈ സംഭവങ്ങൾക്കുള്ള സാക്ഷികളിൽ ഒരാളായ അബ്ദുർറഹ്മാൻ എന്നു പേരുള്ള ഒരു വ്യക്തി നിവേദനം ചെയ്യുന്നു: കലാപത്തിന്റെ ആ നാളുകളിൽ ഹദ്റത്ത് അലി എല്ലാ ജോലികളും ഉപേക്ഷിച്ച് ഹദ്റത്ത് ഉഥ്മാന്റെ ശത്രുക്കളുടെ കോപം തണുപ്പിക്കാനും അദ്ദേഹത്തിന്റെ പ്രയാസങ്ങൾ അകറ്റാനുമുള്ള ചിന്തയിൽ ദിനരാത്രങ്ങൾ കഴിച്ചു കൂട്ടിയതായി ഞാൻ കണ്ടിട്ടുണ്ട്. ഒരിക്കൽ അദ്ദേഹത്തിന് വെള്ളമെത്തിക്കുന്നത് വൈകി. അതിന്റെ ചുമതലയുള്ള ഹദ്റത്ത് ത്വൽഹയോട് ഹദ്റത്ത് അലി കുപിതനാകുകയും അദ്ദേഹത്തിന് വെള്ളം എത്തുന്നതുവരെ വിശ്രമിക്കാതിരിക്കുകയും ചെയ്യുകയുണ്ടായി. രണ്ടാമത്തെ വിഭാഗക്കാർ അവസരം കിട്ടുമ്പോഴൊക്കെ ഹദ്റത്ത് ഉഥ്മാന്റെയോ അദ്ദേഹത്തിന്റെ അയൽവാസികളുടെയോ വീടുകളിൽ ഒരുമിച്ചുകൂടാൻ തുടങ്ങി. എന്നിട്ട് അവർ തങ്ങളുടെ ജീവൻ പോയാലും ഹദ്റത്ത് ഉഥ്മാന് ഒരു പോറൽ പോലും വരുത്തിക്കില്ലെന്ന് ദൃഢനിശ്ചയമെടുക്കുകയും ചെയ്തു. ഇക്കൂട്ടത്തിൽ ഹദ്റത്ത് അലി, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബയ്ർ എന്നിവരുടെ മക്കളെ കൂടാതെ ഒരുപറ്റം സ്വഹാബാക്കളുമുണ്ടായിരുന്നു. ഇവർ രാപ്പകൽ ഹദ്റത്ത് ഉഥ്മാന്റെ വീടിന് പാറാവു നിൽക്കുകയും അദ്ദേഹത്തിന്റെ അടുത്ത് ഒരു ശത്രുവും എത്താതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുമായിരുന്നു. ഈ ചെറു സംഘത്തിന് ശത്രുക്കളുടെ വൻസംഘത്തെ നേരിടാൻ ആകുമായിരുന്നില്ല. എന്നാൽ, ഹദ്റത്ത് ഉഥ്മാനെ ശഹീദാക്കാൻ കാരണങ്ങൾ അന്വേഷിക്കുന്നതിനാൽ ശത്രുക്കളും വലുതായി ശക്തി ചെലുത്തിയിരുന്നില്ല. ആ സമയത്തുള്ള സ്ഥിതിഗതികൾ ഹദ്റത്ത് ഉഥ്മാൻ എത്രത്തോളം ഇസ്ലാമിന്റെ നന്മ കാംക്ഷിച്ചിരുന്നുവെന്ന കാര്യത്തിൽ വെളിച്ചം വീശുന്നുണ്ട്. അതു കാണുമ്പോൾ ആരും അമ്പരന്നുപോകും. കലാപകാരികളുടെ മൂവായിരം പേരുള്ള സൈന്യം ഹദ്റത്ത് ഉഥ്മാന്റെ വീടു വാതിൽക്കൽ നില്പുണ്ട്. രക്ഷപ്പെടാനുള്ള ഒരു പോംവഴിയും കാണാനില്ല. അദ്ദേഹത്തെ രക്ഷിക്കാൻ വരുന്നവരോടും അദ്ദേഹം ഇപ്രകാരമായിരുന്നു പറഞ്ഞിരുന്നത്: 'ഇവിടെ നിന്നു പൊയ്ക്കൊള്ളുക. സ്വന്തം ജീവൻ അപകടത്തിലാക്കരുത്. ഇവർക്ക് എന്നോടു മാത്രമാണ് വിദ്വേഷമുള്ളത്. നിങ്ങളോട് ഒരു എതിർപ്പുമില്ല.' ഇസ്ലാം ഈ കലാപകാരികളുടെ കൈകളാൽ ഒരു വൻവിപത്തിലാകുന്നതും അധികം വൈകാതെ ബാഹ്യമായ അഖണ്ഡത മാത്രമല്ല ആത്മീയമായ വ്യവസ്ഥിതിയും താറുമാറാകുന്നതും അദ്ദേഹത്തിന്റെ ദീർഘദൃഷ്ടി കാണുന്നുണ്ടായിരുന്നു. ആ സമയത്ത് ഇസ്ലാമിന്റെ സംരക്ഷണത്തിനും ഇസ്ലാമിന്റെ നിലനില്പിനും ഓരോരോ സ്വഹാബികളുടെയും ആവശ്യമുണ്ടാകുമെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. അദ്ദേഹത്തെ രക്ഷിക്കാനുള്ള വിഫലമായ പരിശ്രമത്തിനിടയിൽ സ്വഹാബാക്കൾ ജീവൻവെടിയരുതെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഇവരുമായി ഏറ്റുമുട്ടരുതെന്നായിരുന്നു അദ്ദേഹം എല്ലാവരെയും ഉപദേശിച്ചിരുന്നത്. സാധ്യമാകുന്നത്ര ഭാവിയിലെ കലാപങ്ങൾ ദൂരീകരിക്കാനായി സ്വഹാബാക്കളുടെ സംഘം സുരക്ഷിതമാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. എന്നാൽ, അദ്ദേഹം എത്ര പറഞ്ഞിട്ടും സ്വഹാബാക്കൾ അവസരം കിട്ടുമ്പോഴെല്ലാം അദ്ദേഹത്തിന്റെ വീട്ടിലെത്തുകയും തങ്ങളുടെ കടമകളിൽ അലംഭാവം കാണിക്കാതിരിക്കുകയും വരാനിരിക്കുന്ന അപകടത്തിനുമേൽ നിലവിലുള്ള അപകടത്തെ മുൻഗണിക്കുകയും ചെയ്തിരുന്നു. അത്രയും കാലത്തോളം അവരുടെ ജീവൻ സുരക്ഷിതമായതിന്റെ ഏകകാരണം കലാപകാരികൾക്ക് ഒരു തിടുക്കം കൂട്ടേണ്ട ആവശ്യമുള്ളതായി തോന്നാത്തതാണ്. അവരാണെങ്കിൽ കാരണം കിട്ടാൻ കാത്തിരിക്കുകയായിരുന്നു.

എന്നാൽ, അവസാനം ആ ദിവസവും വന്നെത്തി. ഹദ്റത്ത് ഉഥ്മാനെ ആക്രമിക്കുന്നതിന് അവർക്ക് ലഭിച്ച ന്യായീകരണമിതായിരുന്നു. ഹജ്ജ് വേളയിൽ ഒത്തുകൂടുന്ന മുസ്ലിമീങ്ങൾക്കായി ഹദ്റത്ത് ഉഥ്മാൻ അയച്ച ഹൃദയത്തെ പിടിച്ച് കുലുക്കുന്ന സന്ദേശം ഹാജികളുടെ സംഘത്തിന് മുമ്പാകെ വായിച്ചു കേൾപ്പിക്കപ്പെട്ടു. മക്കാ താഴ്വാരയുടെ ഒരറ്റം മുതൽ മറ്റേയറ്റംവരെ അതിന്റെ ശബ്ദം പ്രതിധ്വനിച്ചു. ഹജ്ജിനു ശേഷം അവർ ജിഹാദിന്റെ പ്രതിഫലത്തിൽ നിന്നൊരിക്കലും ഹതഭാഗ്യരാകുന്നതല്ലെന്ന് ഹജ്ജിന് ഒരുമിച്ചുകൂടിയ മുസ്ലിമീങ്ങൾ തീരുമാനിച്ചുറച്ചു; ഈജിപ്തുകാരായ കലാപകാരികളെയും അവരുടെ കൂട്ടാളികളെയും ഉന്മൂലനം ചെയ്യാതെ അവർ അടങ്ങുന്നതല്ല. കലാപകാരികളുടെ ചാരന്മാർ അവരെ ഇക്കാര്യം അറിയിച്ചതും അവരുടെ തമ്പുകളിൽ വെപ്രാളം പടർന്നുപിടിച്ചു. അവരുടെ ഇടയിൽ ചർച്ചകൾ നടന്നു. ഇനി ഇദ്ദേഹത്തെ വധിക്കാതെ നിർവാഹമില്ല. അല്ലാത്തപക്ഷം മുസ്ലിമീങ്ങളുടെ കൈകളാൽ തങ്ങൾ വധി ക്കപ്പെടുമെന്ന കാര്യം നിസംശയമാണ്. സിറിയയിലും കൂഫയിലും ബസ്വറയിലും ഹദ്റത്ത് ഉഥ്മാന്റെ കത്തുകൾ എത്തിയെന്നും അദ്ദേഹത്തിന്റെ കല്പനകൾക്ക് കാതോർക്കുന്ന മുസ്ലിമീങ്ങൾ കൂടുതൽ ആവേശഭരിതരായെന്നും സ്വഹാബാക്കൾ തങ്ങളുടെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞുകൊണ്ട് മസ്ജിദുകളിലും സദസ്സുകളിലും മുസ്ലിമീങ്ങളെ അവരുടെ കടമകളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും കലാപകാരികൾക്കെതിരെ ജിഹാദ് ചെയ്യണമെന്ന് ഫത്വ നല്കുകയും ഇന്ന് ജിഹാദ് ചെയ്തില്ലെങ്കിൽ പിന്നെയൊന്നും ചെയ്യാത്തതിന് സമമാണെന്നു പറയുകയും ചെയ്തിരിക്കുന്നുവെന്നും വിവരം ലഭിച്ചപ്പോൾ കലാപകാരികളുടെ ഭയാശങ്കകൾ ഇരട്ടിച്ചു. കൂഫയിൽ ഉഖ്ബാ ബിൻ അംറ്, അബ്ദുല്ലാഹ് ബിൻ അബീ ഔഫ, ഹൻളല ബിൻ റബീഅ് അത്തമീമിയും മറ്റു സ്വഹാബാക്കളും ജനങ്ങളെ മദീനക്കാരെ സഹായിക്കാൻ പ്രേരിപ്പിച്ചു. ബസ്വറയിൽ ഇംറാൻ ബിൻ ഹുസയ്ൻ, അനസ് ബിൻ മാലിക്, ഹിശാം ബിൻ ആമിർ തുടങ്ങി മറ്റു സ്വഹാബാക്കളും

ഹദ്റത്ത് ഉഥ്മാന്റെ ശബ്ദത്തിന് ലബ്ബയ്ക്ക് പറയാൻ ജനങ്ങളെ പ്രചോദിതരാക്കി. ഈജിപ്തിൽ ഖാരിജയും മറ്റുള്ളവരും ജനങ്ങളെ പ്രേരിപ്പിച്ചു. എല്ലാ രാജ്യങ്ങളിൽനിന്നും പട്ടാളക്കാർ ഒരുമിച്ചുകൂടി. മദീനയിലേക്ക് മുന്നേറ്റം നടത്തി. ഈ വാർത്തകൾ കലാപകാരികളെ കൂടുതൽ ഭയമുള്ളവരാക്കി. അവസാനം അവർ ഹദ്റത്ത് ഉഥ്മാനെ വധിക്കാനായി അദ്ദേഹത്തിന്റെ വീട് ആക്രമിക്കുകയും ബലപ്രയോഗത്താൽ വീട്ടിൽ പ്രവേശിക്കാൻ ശ്രമിക്കുകയും ചെയ്തു. സ്വഹാബാക്കൾ അവരെ നേരിട്ടു. ഘോരയുദ്ധം നടന്നു. സ്വഹാബാക്കൾ കുറവായിരുന്നിട്ടും അവരുടെ ഈമാനിന്റെ അഭിനിവേശം അംഗബലത്തിലുള്ള കുറവ് നികത്തുന്നുണ്ടായിരുന്നു. യുദ്ധം നടന്ന ഹദ്റത്ത് ഉഥ്മാന്റെ വീടിന് മുൻവശത്ത് സ്ഥലവും കുറവായിരുന്നു. അതുകൊണ്ട് കലാപകാരികൾക്ക് സേനാബലത്തിലെ വർധന പ്രയോജനപ്പെടുത്താനായില്ല. ഹദ്റത്ത് ഉഥ്മാന് ഈ യുദ്ധത്തെ കുറിച്ച് അറിവ് ലഭിച്ചപ്പോൾ സ്വഹാബാക്കളെ യുദ്ധം ചെയ്യുന്നതിൽ നിന്നു പിന്തിരിപ്പിച്ചു. എന്നാൽ, ആ സമയത്ത് ഉഥ്മാനെ ഏകനായി ഉപേക്ഷിക്കുന്നത് വിശ്വസ്തതയ്ക്ക് വിരുദ്ധവും അനുസരണക്കേട് കാണിക്കുന്നത് കല്പനയ്ക്ക് എതിരുമായി കരുതി. ഹദ്റത്ത് ഉഥ്മാൻ അല്ലാഹുവിൽ ആണയിട്ട് ആവശ്യപ്പെട്ടിട്ടും അവർ മടങ്ങി പോകുന്നതിനു സമ്മതിച്ചില്ല. അവസാനം ഹദ്റത്ത് ഉഥ്മാൻ പരിചയുമെടുത്ത് പുറത്തുവന്നു. സ്വഹാബാക്കളെ തന്റെ വീടിനകത്തേക്ക് കൊണ്ടുപോയി. എന്നിട്ട് കതകുകൾ അടപ്പിച്ചു. എന്നിട്ട് സ്വഹാബാക്കളോടും അവരുടെ സഹായികളോടും വസ്വിയ്യത്ത് ചെയ്തു: 'നിങ്ങൾക്ക് ഇഹലോകം പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നത് ഇതിലേക്ക് കുമ്പിടാനല്ല. മറിച്ച് പരലോകത്തിനുള്ള സംവിധാനങ്ങൾ ഇത് മുഖേന സ്വരുക്കൂട്ടാനാണ്. ഈ ലോകം നശിക്കുന്നതാണ്. പരലോകം മാത്രമേ അവശേഷിക്കുകയുള്ളൂ. നശ്വര വസ്തു നിങ്ങളെ അലംഭാവത്തിലാക്കരുത്. അവശേഷിക്കുന്ന വസ്തുവിനെ നശിക്കുന്ന വസ്തുവിന്മേൽ മുന്തിക്കുക. ദൈവവുമായുള്ള കൂടിക്കാഴ്ചയെക്കുറിച്ച് ഓർക്കുക. നിങ്ങളുടെ സംഘബലത്തെ ക്ഷയിപ്പിക്കരുത്. നിങ്ങൾ നാശത്തിന്റെ ഗർത്തത്തിൽ വീഴാനിരിക്കുമ്പോൾ അല്ലാഹു അവന്റെ അനുഗ്രഹത്താൽ നിങ്ങളെ രക്ഷിക്കുകയും നിങ്ങളെ പരസ്പരം സഹോദരങ്ങളാക്കുകയും ചെയ്യുകയുണ്ടായി. ആ ദൈവാനുഗ്രഹത്തെ സ്മരിക്കുക.' അതിനു ശേഷം അദ്ദേഹം അവരെ പറഞ്ഞയച്ചു. എന്നിട്ട് പറഞ്ഞു: 'അല്ലാഹു നിങ്ങളുടെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. നിങ്ങളെല്ലാവരും ഇപ്പോൾ ഈ വീടു വിട്ടു പോവുക. എന്റെ അടുത്തേക്ക് വരാൻ അനുവദിക്കപ്പെടാത്തവരെ പ്രത്യേകിച്ച് ഹദ്റത്ത് അലി, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബയ്ർ എന്നിവരെ വിളിക്കുക.' ഇവർ പുറത്തു വന്ന് മറ്റു സ്വഹാബാക്കളെ വിളിച്ചു. എല്ലാവർക്കും ആ സമയത്ത് പ്രത്യേക മാനസികാവസ്ഥയും ദുഃഖവുമായിരുന്നു. പ്രക്ഷോഭകാരികൾക്കുപോലും അതുണ്ടായി. അദ്ദേഹം പുറത്തു പോകാൻ പറഞ്ഞപ്പോൾ താല്കാലികമായി ഉണ്ടായ സ്ഥിതിവിശേഷമായിരുന്നു അത്. കലാപകാരികൾ ആക്രമണം നടത്തിയില്ല. മറ്റു മുതിർന്ന സ്വഹാബാക്കളെ ഒക്കെ പുറത്തുവന്നവർ ഒരുമിച്ചുകൂട്ടി. അങ്ങനെ ഒരു ചുറ്റുപാട് എന്തായാലും ഉണ്ടാകേണ്ടതുമായിരുന്നു. കാരണം മുഹമ്മദ് റസൂലുല്ലാഹ്(സ) തിരികൊളുത്തിയ ഒരു മെഴുകുതിരി ഈ ലോകത്തിലെ ആയുസ്സ് പൂർത്തിയാക്കി ലോകരുടെ ദൃഷ്ടികളിൽ നിന്ന് അണയാൻ പോകുന്നത് എല്ലാവരും സാക്ഷ്യം വഹിക്കാൻ പോകുകയായിരുന്നു.

ചുരുക്കത്തിൽ കലാപകാരികൾ കൂടുതൽ എതിർത്തില്ല. എല്ലാ സ്വഹാബാക്കളും ഒരുമിച്ചുകൂടി. അവരും ഒന്നും പറഞ്ഞില്ല. സ്വഹാബാക്കളെ സംഘടിക്കാൻ വിട്ടു. എല്ലാവരും സംഘടിച്ചപ്പോൾ അദ്ദേഹം(റ) മതിലിൽ കയറിക്കൊണ്ട് പറഞ്ഞു: 'എല്ലാവരും അടുത്തേക്ക് വരിക.' എല്ലാവരും അടുത്തു വന്നപ്പോൾ അദ്ദേഹം പറഞ്ഞു: 'എല്ലാവരും ഇരിക്കുക.' അപ്പോൾ സ്വഹാബാക്കൾ മാത്രമല്ല, കലാപകാരികളും പ്രഭാവിതരായി ഇരുന്നു. തുടർന്ന് അദ്ദേഹം പറഞ്ഞു: 'അല്ലയോ മദീനാ വാസികളേ! നിങ്ങളെ ഞാൻ അല്ലാഹുവിനെ ഏല്പിക്കുന്നു. അവൻ എനിക്കു ശേഷം നിങ്ങൾക്കുവേണ്ടി ഖിലാഫത്തിന്റെ ശ്രേഷ്ഠമായ സംവിധാനം ഒരുക്കട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. ഇന്നുമുതൽ അല്ലാഹു എന്നെക്കുറിച്ച് എന്തെങ്കിലും തീരുമാനമെടുക്കുന്നതുവരെ ഞാൻ പുറത്തു വരില്ല. നിങ്ങൾക്കുമേൽ ലൗകിക കാര്യത്തിലോ, മതകാര്യത്തിലോ അധികാരം നടത്താനായി ഞാൻ ആരെയും ചുമതലപ്പെടുത്തുന്നതുമല്ല. അക്കാര്യം ഞാൻ അല്ലാഹുവിന് വിടുന്നതാണ്. അവൻ അവന്റെ ജോലികൾക്കായി ആരെ വേണമെങ്കിലും തിരഞ്ഞെടുത്തു കൊള്ളട്ടെ.' തുടർന്ന് സ്വഹാബാക്കളോടും മദീനാവാസികളോടും സത്യം ചെയ്തു പറഞ്ഞു: 'നിങ്ങൾ എന്നെ രക്ഷിക്കാനായി നിങ്ങളുടെ ജീവനെ അപകടത്തിലാക്കരുത്. സ്വന്തം വീടുകളിലേക്ക് എല്ലാവരും തിരികെ പോകണം.' അദ്ദേഹത്തിന്റെ ഈ ആജ്ഞയ്ക്കുശേഷം സ്വഹാബാക്കൾക്കിടയിൽ മുമ്പേയൊരിക്കലും സമാനതകളില്ലാത്ത അഭിപ്രായഭിന്നത ഉടലെടുത്തു. അനുസരണമല്ലാത്ത ഒന്നും സ്വഹാബാക്കൾക്ക് അറിയില്ലായിരുന്നു. എന്നാൽ, അന്ന് ചിലർക്ക് ആ കല്പന അനുസരിക്കുന്നതിൽ വഞ്ചന മണക്കുന്നുണ്ടായിരുന്നു. ഇക്കാര്യം അനുസരിച്ചാൽ അത് അനുസരണമല്ല. മറിച്ച് അത് വഞ്ചനയായിരിക്കുമെന്നവർ കരുതി. ചില സ്വഹാബാക്കൾ അനുസരണത്തിന്റെ വശത്തിന് മുൻഗണന നല്കുകയും ഇഷ്ടമില്ലാത്തതുകൊണ്ട് ശത്രുക്കളോട് പോരാടുന്നതിൽ നിന്നു പിന്തിരിയാൻ തീരുമാനിക്കുകയും ചെയ്തു. അവർ കരുതിക്കാണും തങ്ങളുടെ പ്രവൃത്തി അനുസരണം മാത്രമാണെന്ന്! അങ്ങനെ ചെയ്താൽ അതിന്റെ പരിണിതഫലം എന്തായിരിക്കുമെന്ന് ചിന്തിക്കുന്നത് നമ്മുടെ പ്രവൃത്തിയല്ല. എന്നാൽ, ചില സ്വഹാബാക്കൾ ഈ കല്പന അനുസരിക്കുന്നതിനു വിസമ്മതിച്ചു. അവർ കരുതി ഖലീഫയെ അനുസരിക്കുന്നത് നിർബന്ധംതന്നെ. പക്ഷേ, എന്നെ വിട്ടു പോവുക എന്ന് ഖലീഫ പറഞ്ഞാൽ അതിനർഥം ഖിലാഫത്തുമായുള്ള ബന്ധം ഉപേക്ഷിക്കലാണ്. അതുകൊണ്ട് ഈ അനുസരണം ഫലത്തിൽ വിദ്രോഹമാണ്. മാത്രമല്ല ഹദ്റത്ത് ഉഥ്മാൻ(റ) അവരോട് വീടുകളിലേക്ക് തിരിച്ചു പോകാൻ ആവശ്യപ്പെട്ടത് അവരുടെ അതായത് സ്വഹാബാക്കളുടെ ജീവൻ രക്ഷിക്കാനാണ്. അങ്ങനെയിരിക്കെ ഇത്രയും സ്നേഹനിധിയായ വ്യക്തിയെ അപകടത്തിൽ വിട്ടു കൊണ്ട് വീട്ടിലേക്ക് പോകാൻ പാടുള്ളതാണോ? ഹദ്റത്ത് ഉഥ്മാൻ(റ) അവരോടുള്ള സ്നേഹത്താൽ അവരുടെ ജീവൻ നഷ്ടമാകുന്നതിൽ നിന്ന് സുരക്ഷിതമാക്കുകയാണ് ചെയ്യുന്നത്. എന്നിരിക്കെ അവർക്ക് ഹദ്റത്ത് ഉഥ്മാനെ ഉപേക്ഷിക്കാനാകുമോ? അത് സാധ്യമായിരുന്നില്ല. ഈ ഗണത്തിൽ മുതിർന്ന സ്വഹാബാക്കളെല്ലാവരും ഉണ്ടായിരുന്നു. ഹദ്റത്ത് അലി, ഹദ്റത്ത് തൽഹ, ഹദ്റത്ത് സുബയ്ർ എന്നിവരുടെ മക്കൾ അവരുടെ പിതാക്കളുടെ നിർദേശപ്രകാരം ഹദ്റത്ത് ഉഥ്മാന്റെ പടിവാതിൽക്കൽതന്നെ തമ്പടിച്ചു. തങ്ങളുടെ വാളുകൾ ഉറയിലേക്ക് തിരിച്ച് ഇട്ടതുമില്ല.

ഹജ്ജ് കഴിഞ്ഞു വന്നവർ ഒറ്റയും തെറ്റയുമായി മദീനയിൽ പ്രവേശിച്ചു തുടങ്ങിയപ്പോൾ കലാപകാരികളുടെ വിഭ്രാന്തിയ്ക്കും ആവേശത്തിമിർപ്പിനും അറ്റമില്ലാതായി. തങ്ങളുടെ വിധി എന്താകുമെന്നുള്ള നിർണായക സമയം വളരെ സമീപസ്ഥമായെന്ന് അവർ മനസ്സിലാക്കി. ഹജ്ജിനുശേഷം ജിഹാദിന്റെ പുണ്യം ലഭിക്കാനായി, മദീനയിലെത്തിയ ആദ്യ വ്യക്തി മുഗീറ ബിൻ അഖ്നസ് ആയിരുന്നു. അതോടൊപ്പംതന്നെ മദീനയിൽ നിന്നു വെറും ഒരു ദിവസത്തെ യാത്രാ ദൂരമുള്ള സ്വിറാർ എന്ന സ്ഥലത്ത് മുസ്‌ലിമീങ്ങളെ സഹായിക്കാനായി ബസ്റക്കാരുടെ സൈന്യം എത്തിയ വിവരവും അവർക്ക് ലഭിച്ചു. ആ വാർത്തകൾ കേട്ടതും ഏതുവിധേനെയും തങ്ങളുടെ ലക്ഷ്യം പൂർത്തിയാക്കണമെന്ന് അവർ തീരുമാനിച്ചുറച്ചു. കാരണം ഹദ്റത്ത് ഉഥ്മാൻ വിലക്കിയിട്ടും സ്വഹാബാക്കളും കൂട്ടരും അദ്ദേഹത്തിന്റെ സംരക്ഷണ ചുമതല ഒഴിഞ്ഞിരുന്നില്ല. തങ്ങളുടെ കൈകൾക്ക് പോരാട്ടത്തിനുള്ള ശക്തിയുണ്ടായിട്ടും താങ്കളെ ഉപേക്ഷിച്ചാൽ അല്ലാഹുവിനെ ഞങ്ങളെങ്ങനെ മുഖം കാണിക്കുമെന്ന് അവർ ചോദിക്കുന്നുമുണ്ടായിരുന്നു. അംഗബലം കുറഞ്ഞതിനാൽ അവർ വീടിന്റെ ഉൾഭാഗത്തുനിന്ന് അദ്ദേഹത്തെ സംരക്ഷിക്കുകയായിരുന്നു. വാതിൽക്കൽ എത്തുക കലാപകാരികൾക്ക് പ്രയാസമായിരുന്നില്ല. അവർ വാതിലിനു മുന്നിൽ വിറകുകൾ കൂട്ടിയിട്ട് കത്തിച്ചു. വാതിൽ കത്തിയമർന്ന് അകത്തേക്ക് പ്രവേശിക്കാനുള്ള വഴി കിട്ടാനായിരുന്നു അത്. സ്വഹാബാക്കൾ ഇതു കണ്ടപ്പോൾ ഇനി അകത്തിരിക്കുന്നത് പന്തിയല്ലെന്ന് മനസ്സിലാക്കി വാളുമേന്തി പുറത്തിറങ്ങാൻ ഒരുങ്ങി. ഹദ്റത്ത് ഉഥ്മാൻ(റ) അവരെ തടഞ്ഞുകൊണ്ട് പറഞ്ഞു: 'വീടു കത്തിച്ചാൽ പിന്നെന്ത് ബാക്കിയുണ്ടാകാനാണ്. സംഭവിക്കാനുള്ളത് സംഭവിച്ചു കഴിഞ്ഞു. നിങ്ങൾ സ്വന്തം ജീവൻ അപായപ്പെടുത്താതെ വീട്ടിലേക്ക് തിരിച്ചു പോകുക. ഇവർക്ക് എന്നോട് മാത്രമാണ് ശത്രുത. അവർക്ക് താമസിയാതെ അതേക്കുറിച്ച് കുറ്റബോധമുണ്ടാകുന്നതാണ്. എന്നെ അനുസരിക്കുന്നത് നിർബന്ധമായ എല്ലാവരെയും ഞാൻ അതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. എന്റെ അവകാശം ഞാൻ പൊറുത്തു തന്നിരിക്കുന്നു.' എന്നാൽ, സ്വഹാബാക്കളും മറ്റുള്ളവരും ഇക്കാര്യം അംഗീകരിച്ചില്ല. വാളുമൂരി അവർ പുറത്തിറങ്ങി. അവർ പുറത്തിറങ്ങിയപ്പോൾ ഹദ്റത്ത് അബൂഹുറയ്റയും വന്നു. അദ്ദേഹം പട്ടാളക്കാരനായിരുന്നില്ല. എന്നിട്ടും അവരോടൊപ്പം ചേർന്നുകൊണ്ട് പറഞ്ഞു: 'ഇന്നത്തെ ദിവസത്തെ യുദ്ധത്തേക്കാൾ ശ്രേഷ്ഠമായ യുദ്ധം വേറെന്തുണ്ടാകാനാണ്? എന്നിട്ട് കലാപകാരികളെ നോക്കിക്കൊണ്ട് പറഞ്ഞു: **'യാഖൗമീ, മാലീ അദ്ഊക്കും ഇലന്നജാത്തി വതദ്ഊനനീ ഇലന്നാർ**,(40:42) അല്ലയോ എന്റെ സമുദായമേ! എന്തുപറ്റി? ഞാൻ നിങ്ങളെ മോക്ഷത്തിലേക്കു വിളിക്കുന്നു. എന്നാൽ, നിങ്ങളെന്നെ നരകത്തിലേക്ക് ക്ഷണിക്കുന്നു.'

ഈ യുദ്ധം ഒരു പ്രത്യേക യുദ്ധമായിരുന്നു. ആവൻസൈന്യവുമായി വിരലിലെണ്ണാവുന്ന സ്വഹാബാക്കൾ ജീവൻമരണ പോരാട്ടം നടത്തി. രഞ്ജിപ്പിന്റെ രാജകുമാരനായ ഇമാം ഹസ്സനും അന്ന് യുദ്ധഗീതം ആലപിച്ചുകൊണ്ട് ശത്രുക്കളെ ആക്രമിച്ചു. അദ്ദേഹത്തിന്റെയും മുഹമ്മദ് ബിൻ ത്വൽഹയുടെയും അന്നേ ദിവസത്തെ യുദ്ധഗീതം പ്രത്യേകം സ്മരണാർഹമാണ്. അതിൽ അവരുടെ മാനസികാവസ്ഥ വളരെ നന്നായി വർണിച്ചിട്ടുണ്ട്. ഹദ്റത്ത് ഇമാം ഹസ്സൻ(റ) ഈ വരികൾ ചൊല്ലിയാണ് ശത്രുക്കളോട് പൊരുതിയിരുന്നത് :

*ലാ ദീനുഹും ദീനീ വലാ അനാ മിൻഹും ഹത്താ അസീറ ഇലാ ത്വമാരി ശമാമീ*

ഇക്കൂട്ടരുടെ മതമല്ല എന്റെ മതം. ശമാം പർവതത്തിന്റെ കൊടുമുടിയിലെത്തുന്നതുവരെ ഞാൻ ഇവരോട് പൊരുതുന്നതാണ്. ശമാം എന്നത് അറേബ്യയിലെ ഒരു പർവതമാണ്. അതിനെ ഉന്നതിയിലെത്തുന്നതിനും ലക്ഷ്യപ്രാപ്തിക്കുമായി ഉപമിക്കാറുണ്ട്. എന്തായാലും ഹദ്റത്ത് ഇമാം ഹസ്സൻ(റ) പറഞ്ഞതിന്റെ സാരാംശമിതാണ്. തന്റെ ഉദ്ദേശ്യപ്രാപ്തിവരെ താൻ

ഇവരോട് അവിരാമം യുദ്ധം ചെയ്യുന്നതാണ്. അവരുമായി രഞ്ജിപ്പിലാകുന്നതല്ല. അവരെ കീഴടക്കാതെ അവരുമായി ബന്ധം സ്ഥാപിക്കാൻ, അവരുമായി നമുക്കുള്ളത് സാധാരണമായ അഭിപ്രായഭിന്നതയല്ല. രഞ്ജിപ്പിന്റെ രാജകുമാരന്റെ ഹൃദയത്തിൽ അലയടിച്ചിരുന്ന ചിന്തകളായിരുന്നു ഇവ. ഇനി നമുക്ക് ത്വൽഹയുടെ മകനായ മുഹമ്മദിന്റെ യുദ്ധഗീതം നോക്കാം. പറയുന്നു:

*അനബ്നു മൻ ഹാമാ അലയ്ഹി ബിഉഹുദിൻ*
*വറദ്ദ അഹ്സാബൻ അലാ റഗ്മി മഅദ്ദിൻ*

നബി(സ)തിരുമേനിയെ ഉഹുദ് ദിവസം രക്ഷിച്ചവന്റെ മകനാണ് ഞാൻ. അറബികൾ മുഴുവൻ ശക്തി ചെലുത്തിയിട്ടും അവരെ പരാജയപ്പെടുത്തിയവന്റെ മകനാണ് ഞാൻ. അതായത് ഇന്നും ഉഹുദ് പോലുള്ള സംഭവമായിരിക്കും അരങ്ങേറുക. എന്റെ പിതാവ് അസ്ത്രങ്ങളേറ്റ് കൈപ്പത്തി അരിപ്പയാക്കി. എന്നിട്ടും നബി(സ)തിരുമേനിയ്ക്കുമേൽ പോറൽ വീഴാൻ അനുവദിച്ചില്ല. ഞാനും അപ്രകാരം ചെയ്യുന്നതായിരിക്കും. അബ്ദുല്ലാഹ് ബിൻ സുബയ്റും ആ യുദ്ധത്തിൽ പങ്കെടുത്തു. അദ്ദേഹത്തിന് ഗുരുതരമായ പരിക്കേറ്റു. മർവാനും സാരമായ പരിക്കുകളുണ്ടായി. മരണത്തോട് മുഖാമുഖമായ ശേഷം തിരിച്ചുവന്നു. മുഗീറ ബിൻ അഖ്നസ് വധിക്കപ്പെട്ടു. അദ്ദേഹത്തെ വധിച്ച വ്യക്തി അദ്ദേഹത്തിന് പരിക്കുകളേൽക്കുക അല്ല അദ്ദേഹം മരണപ്പെട്ടതാണെന്നു കണ്ടപ്പോൾ ഉറക്കെ *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* എന്ന് ചൊല്ലി. സൈനാധിപൻ അയാളെ വഴക്കുപറഞ്ഞു, ഈ സന്തോഷ വേളയിൽ എന്തിനാണ് ദുഃഖപ്രകടനം നടത്തുന്നതെന്ന് ചോദിച്ചു. അയാൾ പറഞ്ഞു: 'ഇന്നലെ രാത്രി ഞാനൊരു സ്വപ്നം കണ്ടു. അതിൽ ഒരാൾ പറയുകയുണ്ടായി. മുഗീറയുടെ ഘാതകനെ നരക വാർത്ത അറിയിക്കുക. ഞാനാണ് ഇദ്ദേഹത്തെ വധിച്ചത്. അതുകൊണ്ട് എനിക്ക് ആഘാതമുണ്ടാകുക സ്വാഭാവികമാണ്. ഇവരെക്കൂടാതെ വേറെയുമാളുകൾക്ക് പരിക്കേല്ക്കുകയുണ്ടായി. പലരും മരിക്കുകയുണ്ടായി. അങ്ങനെ ഹദ്റത്ത് ഉഥ്മാനെ സംരക്ഷിക്കുന്നവരുടെ എണ്ണം വീണ്ടും കുറഞ്ഞു. ദൈവിക മുന്നറിയിപ്പുണ്ടായിട്ടും കലാപകാരികൾ വാശി ഉപേക്ഷിച്ചില്ല. ദൈവത്തിന്റെ പ്രിയ ജനങ്ങളുമായി പോരാടുന്നത് തുടർന്നു. മറുഭാഗത്ത് ആത്മാർഥരായ മുസ്ലിമീങ്ങളും ഈമാനിന്റെ ഉന്നത മാതൃക കാഴ്ച വയ്ക്കുന്നതിൽ വീഴ്ച കാണിച്ചില്ല. മിക്ക കാവൽഭടന്മാരും മരിക്കുകയോ പരിക്കേല്പിക്കപ്പെടുകയോ ചെയ്തിട്ടും അവിഘ്നം വാതിൽക്കൽ കാവൽ തുടർന്നു.(ഇസ്ലാംമെ ഇഖ്തിലാഫാത്ത് കാ ആഗാസ് , അൻവാറുൽ ഉലൂം വാല്യം 4, പേജ് 314-327)

എന്തായാലും ഇതിന്റെ പരമ്പര ഇനിയും മുന്നോട്ടുപോകുന്നതായിരിക്കും. വരുന്ന ജുമുഅയിൽ അത് അവതരിപ്പിക്കുന്നതാണ്. ഇൻശാ അല്ലാഹ്. പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടി ദുആക്ക് അപേക്ഷിക്കുകയാണ്. വീണ്ടും അൽജീരിയക്ക് വേണ്ടി ദുആക്ക് അഭ്യർഥിക്കുന്നു. അവിടെ വീണ്ടും കേസുകൾ തുടരുകയാണ്. അല്ലാഹു എല്ലാവർക്കും കാര്യങ്ങൾ എളുപ്പമാക്കിത്തീർക്കുമാറാകട്ടെ. നമസ്കാരശേഷം ചില പരേതാത്മാക്കളെ അനുസ്മരിക്കുന്നതാണ്. തുടർന്ന് അവരുടെ ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്.

ആദ്യത്തെ ജനാസ മുക്ർറം മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ് നാഇബ് നാളിർ ദഅ്വത്തെ ഇലല്ലാഹ് സൗത്ത് ഇന്ത്യയുടേതാണ്. അദ്ദേഹം കേരളത്തിലെ എറണാകുളം ജില്ലയിലെ കാക്കനാട് ജമാഅത്തിലെ മർഹൂം ബി.എം മുഹമ്മദ് മാസ്റ്റർ(വി.എം.മുഹമ്മദ് മാസ്റ്റർ.വിവ:) സാഹിബിന്റെ മകനാണ്. ഫെബ്രുവരി 14ന് ഹൃദയാഘാതമൂലം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസിയായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യയെക്കൂടാതെ മൂന്ന് ആൺമക്കളുണ്ട്. മൂവരും 'വഖ്ഫെ നൗ' എന്ന അനുഗൃഹീത പദ്ധതിയിൽ അംഗങ്ങളാണ്. ഒരു മകൻ ജാമിയ അഹ്മദിയ്യായിൽ പഠിക്കുകയാണ്. മർഹൂം ജന്മനാ അഹ്മദിയായിരുന്നില്ല. മറിച്ച് മർഹൂമിന് തന്റെ പിതാവ് മുഖേനയാണ് ജമാഅത്തിനെക്കുറിച്ച് അറിവു ലഭിച്ചത്. അതിനുശേഷം അദ്ദേഹം ജമാഅത്തിന്റെ പുസ്തകങ്ങൾ, പ്രത്യേകിച്ചും 'ഇസ്ലാംമത തത്ത്വജ്ഞാനം' വായിക്കാൻ തുടങ്ങി. ഒരുദിവസം അദ്ദേഹം പിതാവിനോട് ചോദിച്ചു: 'ഒരു കുട്ടിക്ക് എത്രാമത്തെ വയസ്സിലാണ് സ്വന്തം തീരുമാനമെടുക്കാൻ സാധിക്കുക?' പിതാവ് പറഞ്ഞു: '17, 18 വയസ്സിൽ സ്വന്തംതീരുമാനമെടുക്കാനാകും.' ശേഷം മർഹൂം മൗലാനാ മുഹമ്മദ് അലവി സാഹിബ് മുഖേന ബയ്അത്ത് ചെയ്ത് ജമാഅത്തിൽ അംഗമായി. ബയ്അത്തിനെ സംബന്ധിച്ച് മൗലാനാ അലവി സാഹിബ് പറയുമായിരുന്നു, ഞാൻ ഒരു സ്വപ്നം കാണുകയുണ്ടായി. ഒരുപാട് നക്ഷത്രങ്ങൾ എന്റെ അടുത്തേക്ക് വരുന്നു. അതിൽ ഒരു ചെറു നക്ഷത്രം വളരെ വേഗം എന്റെ അടുത്തേക്ക് വരുന്നുണ്ടായിരുന്നു. ആ ചെറിയ നക്ഷത്രം കൊണ്ടുള്ള ഉദ്ദേശ്യം മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബാണെന്ന്. എന്തായാലും അദ്ദേഹം ആ വീട്ടിലെ ആദ്യമായി ബയ്അത്ത് ചെയ്ത വ്യക്തിയാണ്. അദ്ദേഹത്തിന്റെ പിതാവിന് ജമാഅത്തിനെക്കുറിച്ച് അറിയാമായിരുന്നെങ്കിലും ബയ്അത്ത് ചെയ്തിരുന്നില്ല. തുടർന്ന് മർഹൂമിന്റെ പരിശ്രമഫലമായി മാതാവും സഹോദരങ്ങളും പിതാവും ബയ്അത്തു ചെയ്തു. ബയ്അത്തിനു ശേഷം മർഹൂം ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ജാമിയ അഹ്മദിയായിൽ പ്രവേശനം നേടി. വഖ്ഫെ സിന്ദഗിയായി ജമാഅത്തിനെ സേവിക്കാൻ തീരുമാനമെടുത്തു. ഖാദിയാനിലെ പഠനം പൂർത്തിയാക്കിയശേഷം ഇന്ത്യയിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. ആദ്യം ചണ്ഡീഗഢിലും തുടർന്ന് പലയിടങ്ങളിലും മുബല്ലിഗായി സേവനമനുഷ്ഠിച്ചു. പിന്നീട് ഞാൻ അദ്ദേഹത്തെ നാഇബ് നാളിർ ദഅ്വത്തെ ഇലല്ലാഹ് സൗത്ത് ഇന്ത്യയാക്കി നിയമിച്ചു. അതുപോലെ നാഇബ് ഇൻ ചാർജ് നൂറുൽ ഇസ്ലാമിലും തബ്ലീഗ് പ്രവർത്തനങ്ങൾ നല്ലവണ്ണം നിർവഹിക്കുകയുണ്ടായി.

നമസ്കാരവും നോമ്പും കൃത്യമായി അനുഷ്ഠിക്കാറുണ്ടായിരുന്നു. അതുപോലെ തഹജ്ജുദ് നമസ്കരിക്കുകയും ഖിലാഫത്തുമായി സത്യസന്ധമായ ബന്ധം പുലർത്തുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. വിശ്വസ്തതയും യഥാർഥ സ്നേഹവും ആത്മാർഥതയും വച്ചുപുലർത്തുന്ന ആളായിരുന്നു. എല്ലാ ജോലികളും ആത്മാർഥമായും ഗൗരവത്തോടെയും മുറപ്രകാരവും സമയനിഷ്ഠമായും ചെയ്തിരുന്നു. ജോലികൾ കാര്യഗൗരവത്തോടും സമയബന്ധിതമായും ചെയ്യുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. ആരാധനാകൃത്യങ്ങളിൽ നല്ല ശ്രദ്ധ പുലർത്തിയിരുന്നു. വീട്ടുകാരെയും ഇതേക്കുറിച്ച് ഉണർത്തുമായിരുന്നു. സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്ന കാര്യത്തിലും പ്രത്യേകമായി ഭാഗഭാക്കാകുമായിരുന്നു. നൂറുൽ ഇസ്ലാമിന്റെ ഇൻചാർജായ ശീറാഥ് സാഹിബ് എഴുതുന്നു: 'സ്ഥിരമായി ബയ്ത്തുദ്ദുആയിൽ പോയി ദുആ ചെയ്യുമായിരുന്നു. വളരെ മാന്യനായിരുന്നു. ദീനി സേവനത്തിനുള്ള അടങ്ങാത്ത അഭിനിവേശമുണ്ടായിരുന്നു. കാലത്തിന്റെ ഖലീഫയുടെ തർബിയത്തും തബ്ലീഗും സംബന്ധിച്ച ടാർജറ്റുകൾ പൂർത്തിയാക്കുന്നതിൽ വ്യഗ്രത കാണിച്ചിരുന്നു. ജമാഅത്തിന്റെ പുസ്തകങ്ങൾ മലയാള ഭാഷയിൽ തർജ്ജമ ചെയ്യാനും തർജ്ജമ നടന്ന പുസ്തകങ്ങൾ റിവ്യൂ ചെയ്യാനും പരിശോധിക്കാനും തൗഫീഖ് ലഭിച്ചു.' നാളിർ നശ്റോ ഇശാഅത്ത് ഖാദിയാൻ മർഹൂമിന്റെ ഈ സേവനങ്ങളെ കുറിച്ച് എഴുതുന്നു: 'മർഹൂമിന് അൽവസിയ്യത്ത്, തജല്ലിയാത്തെ ഇലാഹിയ, ഇർഫാനെ ഇലാഹി, ഖായിദ യസ്സർനൽ ഖുർആൻ, അതുപോലെ തഹ്രീക്കെ ജദീദ് സംബന്ധമായ എന്റെ ഖുത്ബകൾ എന്നിവ തർജ്ജമ ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. അതുപോലെ തഫ്സീർ സ്വഗീറിന്റെ മലയാള പരിഭാഷയുടെ റീപ്രിന്റിംഗിന്റെ സമയത്ത് അത് പരിശോധിക്കാനും അദ്ദേഹത്തിനു തൗഫീഖ് ലഭിച്ചു. 'നിസ്വാബെ തഅ്ലീം' എന്ന പേരിൽ മൂന്നു ഭാഗങ്ങളായി ഇദ്ദേഹം മലയാളത്തിൽ പു സ്തകവും തയ്യാറാക്കിയിട്ടുണ്ട്. 2013 മുതൽ 2016 വരെ സ്വദ്ർ റിവ്യൂ കമ്മിറ്റി കേരളയായി സേവനമനുഷ്ഠിക്കാനുള്ള സൗഭാഗ്യവും സിദ്ധിച്ചു. കേരളത്തിലെ എറണാകുളം ജില്ലാ അമീർ അബൂബക്ർ സാഹിബ് എഴുതുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തു ജനങ്ങളിലെത്തിക്കാൻ അദ്ദേഹത്തിന് ഉൽക്കടമായ അഭിവാഞ്ഛയായിരുന്നു. അതുപോലെ ദുർബലമായ വിശ്വാസമുള്ളവരെ ഈമാനിൽ സ്ഥൈര്യം വരിക്കുന്ന നിലവാരത്തിലെത്തിക്കാനും അവരിൽ സ്ഥൈര്യമുണ്ടാക്കാനും സദാ യത്നിച്ചിരുന്നു. അല്ലാഹു മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത അനുസ്മരണം ചൗദ്ദരി അഹ്മദ് ദീൻ സാഹിബ് ചട്ടയുടെ മകനും അഡീഷണൽ നാളിർ ഇശാഅത്തുമായ മുനീർ ബസ്മൽ സാഹിബിന്റെ ജ്യേഷ്ഠ സഹോദരനുമായ നദീർ അഹ്മദ് ഖാദിം സാഹിബിനെ കുറിച്ചാണ്. ഫെബ്രുവരി 6 -ന് ഇദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ പിതാമഹനായ ചൗദ്ദരി ശാഹ്ദീൻ സാഹിബ് മുഖേനയാണ് കുടുംബത്തിൽ ആദ്യമായി അഹ്മദിയത്ത് പ്രവേശിച്ചത്. നദീർ അഹ്മദ് സാഹിബ് കോളേജ് കാലഘട്ടത്തിൽത്തന്നെ ദീനി സേവനത്തിന് പ്രാരംഭം കുറിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തിന് എഴുത്തിലും പ്രഭാഷണത്തിലും പ്രത്യേക പ്രതിപത്തി നല്കി. യൗവ്വനം തൊട്ടു ജീവിതാവസാനം വരെ പ്രഭാഷണങ്ങൾ, രചനകൾ, ഉപദേശങ്ങൾ തുടങ്ങിയവയിലൂടെ ദീനി സേവനവും ദീനി പ്രചാരണവും നടത്തുന്നതിൽ മുഴുകിയിരുന്നു.


**അമീറുൽ മുഅ്മിനീന്റെ ഉപദേശം**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'(ജുമുഅ ഖുത്ബ 4-10-2019)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

ഖുദ്ദാമുൽ അഹ്മദിയ്യാ റബ്‌വയിൽ അസിസ്റ്റന്റ് സ്വദ്റായിരുന്നു. പിന്നീട് മുഅ്ത്തമിദായി സേവനമനുഷ്ഠിക്കാനുള്ള തൗഫീഖ് ലഭിച്ചു. ജില്ലാ ബഹാവൽ നഗറിലും നാഇബ് അമീറായിരുന്നു. മജ്‌ലിസ് അൻസാറുല്ലാഹ് നാഇബ് ഖാഇദ് ഉമൂമി എന്ന നിലയിലും സേവനമനുഷ്ഠിക്കാൻ സൗഭാഗ്യമുണ്ടായി. ദാറുൽ ഖളാ റബ്‌വയുടെ ഖാളിയുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന് പാപപ്പൊറുതി നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ബന്ധുമിത്രാദികൾക്ക് അദ്ദേഹത്തിന്റെ നന്മകൾ പിന്തുടരാനും മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടു പോകാനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ.

അടുത്തതായി അനുസ്മരിക്കുന്നത് ഘാനയിലെ ബഹുമാന അൽഹാജ് ഡോക്ടർ നാനാ മുസ്തഫാ ഓട്ടി ബവാട്ടങ് സാഹിബിനെയാണ്. ഘാനയിൽ അൽ ഹാജ് ചോചോ എന്ന പേരിൽ പ്രസിദ്ധനായിരുന്നു. ജനുവരി 17ന് എഴുപതാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഒരു ക്രിസ്തീയ കുടുംബത്തിലാണ് ജനിച്ചത്. 1979–ൽ അഹ്മദിയ്യത്ത് സ്വീകരിക്കുവാനുള്ള തൗഫീഖ് ലഭിച്ചു. അദ്ദേഹം ഒരു ഡ്രൈവറായാണ് ഔദ്യോഗിക ജീവിതം തുടങ്ങിയത്. അദ്ദേഹത്തിന് അമീർ അബ്ദുൽവഹാബ് ആദം സാഹിബിനൊപ്പം സുദീർഘകാലം ഡ്രൈവറായി സേവനത്തിനുള്ള അവസരം ലഭിച്ചു. യു.കെ.യിലും പിന്നെ ഘാനയിലും ജമാഅത്തിന്റെ പ്രസ്സിൽ സേവനം ചെയ്യാനുള്ള അവസരം ലഭിച്ചു. കുറച്ചു കാലം ജപ്പാനിലുണ്ടായിരുന്നു. അവിടെ ജമാഅത്തിന്റെ പ്രാദേശിക പ്രസിഡന്റായിരുന്നു. ഞാൻ അവിടെയുള്ളപ്പോൾ ഇദ്ദേഹത്തെ കണ്ടിരുന്നു. സുസ്മേരവദനനും സദാ ദീനിസേവനത്തിൽ നിരതനുമായിരുന്നു. സ്ഥാനമാനങ്ങളൊന്നുമില്ലാതെയും എപ്പോഴും പ്രവർത്തനങ്ങൾക്കായി സന്നിഹിതനാകാൻ ശ്രമിക്കുമായിരുന്നു. തുടർന്ന് അദ്ദേഹം ഘാനയിൽ സ്വന്തം ബിസിനസ് ആരംഭിച്ചു. അങ്ങനെ അത് പുരോഗമിച്ചു പുരോഗമിച്ച് ഘാനയിലെ പ്രശസ്തരായ ബിസിനസുകാരിലൊരാളായി മാറി. അദ്ദേഹത്തിന് 'ചോചോ' ഇൻഡസ്ട്രി എന്ന പേരിൽ ഒരു ഫാക്ടറിയുമുണ്ടായിരുന്നു. ആ ബിസിനസിലെ വിജയമുണ്ടായത് അല്ലാഹുവിന്റെ അനുഗ്രഹവും കാലത്തിന്റെ ഖലീഫയുടെ ദുആകളും ത്യാഗ മനോഭാവവും കാരണമായാണെന്നു പറയുമായിരുന്നു. ഒരുപാട് ധനത്യാഗങ്ങൾ ചെയ്യുകയുണ്ടായി. 11 വർഷത്തോളം ഘാനയിൽ നാഷണൽ ജാഇദാദ് സെക്രട്ടറിയായി സേവനം അനുഷ്ഠിക്കാൻ അവസരം ലഭിച്ചു. റീജ്യണൽ പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മർഹൂം മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ മൂന്ന് ഭാര്യമാരും മൂന്നു പെൺമക്കളുമുണ്ട്. അദ്ദേഹത്തിന് ഒരു മകനുമുണ്ടായിരുന്നു. ഏതാനും വർഷങ്ങൾക്കുമുമ്പേ മകൻ വഫാത്തായി.

കോഫോറിഡ്വാ(Koforidua)യിലെ മിഷണറിയായ മുബാറക്ക് അഹ്മദ് ആദിൽ സാഹിബ് എഴുതുന്നു: 'ദീനിനെയും മനുഷ്യകുലത്തെയും സേവിക്കാനായി സമയവും ധനവും അളവില്ലാതെ ത്യാഗം ചെയ്യുന്നതും വിനയവും അദ്ദേഹത്തിന്റെ ഗുണങ്ങളിൽ സവിശേഷതയുള്ളവയാണ്. അഞ്ചുനേര നമസ്കാരങ്ങൾ, തഹജ്ജുദ് എന്നിവ നിർവഹിക്കുന്നതിൽ പ്രത്യേകം ശ്രദ്ധയായിരുന്നു. ചന്ദകൾ കൃത്യമായും സമയനിഷ്ഠയോടെയും നല്കിയിരുന്നു. അദ്ദേഹം ഒരു മസ്ജിദ് നിർമാണത്തിനുള്ള മുഴുവൻ ചെലവും വഹിക്കുകയുണ്ടായി. അനേകം മസ്ജിദുകളുടെ പകുതിയിലധികം ചെലവുകൾ വഹിക്കുകയുണ്ടായി. അതുപോലെ ചില മിഷൻ ഹൗസുകളുടെ നിർമാണത്തിനും നവീകരണത്തിനും വലിയ പങ്കുകൾ വഹിക്കുകയുണ്ടായി. ജമാഅത്തിന്റെ സ്ഥലത്ത് ആരെങ്കിലും കൈയേറ്റം നടത്തിയാലോ വല്ല പ്രശ്നങ്ങളോ മറ്റോ ഉണ്ടായാലോ കോടതി നടപടികൾക്കായി സ്വയം വക്കീലിനെ നിയമിക്കുകയും കേസ് നടത്തുകയും എല്ലാ ചെലവുകളും പോക്കറ്റിൽനിന്ന് നടത്തുകയും ചെയ്യുമായിരുന്നു. ജമാഅത്തിൽനിന്ന് പണം വാങ്ങില്ലായിരുന്നു. അഹ്മദിയ്യാ സന്ദേശം പ്രചരിപ്പിക്കുന്നതിന് ഹൃദയത്തിൽ ഒരു പ്രത്യേക താല്പര്യമായിരുന്നു. മാതാപിതാക്കളെയും അദ്ദേഹം തബ്‌ലീഗ് ചെയ്ത് ജമാഅത്തിൽ പ്രവേശിപ്പിച്ചു. പത്തിലധികം വർഷങ്ങളായി ഘാനയിലെ ജനസംഖ്യയുടെ പകുതി ശ്രോതാക്കളുള്ള ഒരു റേഡിയോ ചാനലിൽ സ്വന്തം ചെലവുനടത്തി അരമണിക്കൂർ തബ്‌ലീഗ് പ്രോഗ്രാം നടത്തിയിരുന്നു. അത് ഇന്നും തുടരുന്നുണ്ട്. അദ്ദേഹം ഒരു ടിവി ചാനലിലും ദിവസവും ഒരു തബ്‌ലീഗ് പ്രോഗ്രാമും ആഴ്ചതോറും തബ്‌ലീഗ് വീഡിയോ പ്രോഗ്രാമും സംപ്രേഷണം ചെയ്യിച്ചിരുന്നു. ഈ പ്രോഗ്രാമുകൾ മുഖേന ലക്ഷക്കണക്കിന് ആളുകളിലേക്ക് ജമാഅത്തിന്റെ സന്ദേശമെത്തി. നൂറുക്കണക്കിന് ആളുകൾക്ക് അതുമുഖേന അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കാനുള്ള തൗഫീഖും ലഭിച്ചു. തബ്‌ലീഗ് പ്രവർത്തനങ്ങൾക്കു മാത്രമായി ഒരു വണ്ടി വഖ്ഫാക്കിയിരുന്നു. തബ്‌ലീഗ്, തർബിയത്ത് സംബന്ധിച്ച ഉത്തരവാദിത്വങ്ങളിൽ എളുപ്പവും വേഗവും വരുത്തുന്നതിന് ചില മുഅല്ലിമീങ്ങൾക്കും മുബല്ലിഗീങ്ങൾക്കും മോട്ടോർ സൈക്കിളുകളും ചിലർക്കു കാറുകളും സ്വയം നല്കിയിരുന്നു. രഹസ്യമായ നിലയിൽ അവരെ സഹായിക്കുമായിരുന്നു. ജമാഅത്തംഗങ്ങളോട് ഇപ്രകാരം ഉപദേശിക്കുമായിരുന്നു: 'അഹ്മദിയ്യത്തിനെ സ്വന്തവും അമൂല്യവുമായ സ്വത്തായി കണക്കാക്കിയും സ്നേഹവാത്സല്യങ്ങളോടെ കണ്ടും ആത്മാർഥമായി അതിനെ സേവിക്കുകയും സംരക്ഷിക്കുകയും അതുപോലെ തബ്‌ലീഗിനായ എല്ലാ തരത്തിലുമുള്ള ത്യാഗങ്ങളും ചെയ്യുകയും വേണം. അങ്ങനെയായാൽ അല്ലാഹുവും നിങ്ങളുടെമേൽ ഒട്ടനവധി അനുഗ്രഹങ്ങളും ഔദാര്യങ്ങളും ചെയ്യുന്നതാണ്.' അക്കാര്യത്തിന് ഇദ്ദേഹം സ്വയം തന്നെ ഒരു ഉദാഹരണമാണ്. മറ്റുള്ളവരെ ഉപദേശിക്കുന്ന നിലയിൽ തന്നെ തന്റെ പ്രവർത്തനമാതൃകയും കാഴ്ച വയ്ക്കാൻ ശ്രമിക്കുമായിരുന്നു. കോഫോറിഡ്വാ(Koforidua) റീജ്യണിലുള്ള ഏറ്റവും വലിയ ആശുപത്രിയുടെ റോഡുകൾ പൊട്ടിപ്പൊളിഞ്ഞിരുന്നു. രോഗികൾ നന്നേ ബുദ്ധിമുട്ടിയിരുന്നു. അദ്ദേഹം സ്വന്തം ചെലവിൽ റോഡ് പുതുക്കി പണിയിക്കുകയുണ്ടായി. അതിന്റെ ഉദ്ഘാടനത്തിൽ റീജ്യണൽ മിനിസ്റ്ററും രാഷ്ട്രീയക്കാരും ഡോക്ടർമാരും മീഡിയയും എല്ലാമുണ്ടായിരുന്നു. മിക്കവരും അനഹ്മദികളോ, ക്രിസ്ത്യാനികളോ ആയിരുന്നു. ആ സന്ദർഭത്തിൽ അദ്ദേഹം തന്റെ പ്രഭാഷണത്തിൽ പറഞ്ഞു: ഞാൻ ഒരു അഹ്മദി മുസ്‌ലിമാണ്. മിശിഹായുടെ രണ്ടാം വരവായ മിർസാ ഗുലാം അഹ്മദ് ഖാദിയാനിയിൽ വിശ്വസിക്കുന്ന വ്യക്തിയാണ് ഞാൻ. വാഗ്ദത്ത മസീഹും ഖലീഫമാരുമാണ് ദൈവത്തോടുള്ള കടമകൾ നിറവേറ്റുന്നതിന് മനുഷ്യസേവനം നടത്താൻ എന്നെ പഠിപ്പിച്ചത്. അതുകാരണത്താൽ ഒരു അഹ്മദി മുസ്‌ലിമെന്ന നിലയിൽ ഞാൻ മനുഷ്യരോടുള്ള സഹാനുഭൂതിയും അവരുടെ വിഷമങ്ങൾ ദൂരീകരിക്കലും സ്വന്തം ബാധ്യതയായി കണക്കാക്കുന്നു. അതുകൊണ്ടാണ് ഞാൻ ഈ ആശുപത്രിയിലെ റോഡ് പണിയിച്ചത്.' നല്പത്തെട്ടാം വയസ്സിൽ അദ്ദേഹം മുഅല്ലിം ജമാലുദ്ദീൻ സാഹിബിൽനിന്ന് രണ്ടാമതും വിശുദ്ധ ഖുർആൻ പാരായണവും അതുപോലെ അക്ഷര ശുദ്ധി വരുത്താൻ വീണ്ടും യസ്സർനൽ ഖുർആനും പഠിച്ചു. തുടർന്ന് സ്ഥിരമായി പരിഭാഷയോടുകൂടി ഖുർആൻ പാരായണം ശീലിച്ചു. പാരായണ വേളയിൽ വളരെ ആഴത്തിൽ ചിന്തിക്കുമായിരുന്നു. ഒരുപാട് കുട്ടികളെ അദ്ദേഹം ദത്തെടുത്തിരുന്നു. അവർക്ക് താമസിക്കാൻ വീട്ടിൽ മുറിയും ഒരുക്കിയിരുന്നു. അവരുടെ ഭൗതികവും മതപരവുമായ വിദ്യാഭ്യാസത്തിന് സംവിധാനം ചെയ്തിരുന്നു. നിരവധി നന്മകൾ ചെയ്യുന്ന വ്യക്തിയായിരുന്നു ഇദ്ദേഹം. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും കാരുണ്യവും നല്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ ബന്ധുമിത്രാദികൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടു പോകാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

അടുത്തതായി അനുസ്മരിക്കുന്നത് റബ്‌വയിലെ ഫള്ൽ ദീൻ സാഹിബിന്റെ മകൻ ഗുലാംനബി സാഹിബിനെയാണ്. ഇദ്ദേഹം ഗാബൂണിലെ(Gabon) മുറബ്ബിയായ സിയാഉർറഹ്മാൻ സാഹിബ് ത്വയ്യിബിന്റെ പിതാവാണ്. ഫെബ്രുവരി രണ്ടിനാണ് ഇദ്ദേഹം വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ജന്മനാ അഹ്മദിയായിരുന്നു. ബാങ്കുദ്യോഗസ്ഥനായിരുന്നു. ജോലിയിൽനിന്ന് വിരമിച്ചശേഷം ഡസ്കയിൽ സ്ഥിരതാമസമാക്കി. അവിടെ മാൽസെക്രട്ടറിയായിരുന്നു. നാഇബ് സ്വദ്റും ജനറൽ സെക്രട്ടറിയും സയീം അൻസാറുല്ലായുമായിരുന്നു. ഇമാമുസ്സ്വലാതത്തായും സേവനമനുഷ്ഠിക്കുകയുണ്ടായി. തഹജ്ജുദ് പതിവായി നമസ്കരിച്ചിരുന്നു. നമസ്കാരങ്ങൾ മസ്ജിദിൽ വച്ച് അനുഷ്ഠിക്കാൻ പരിശ്രമിച്ചിരുന്നു. സ്ഥിരമായി ഉറക്കെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന വ്യക്തിയായിരുന്നു. വളരെ വാത്സല്യനിധിയും അനുകമ്പാലുവും സൗമ്യഹൃദയനും ക്ഷമാശീലനും കൃതജ്ഞനുമായിരുന്നു. ഗാബൂണിലെ മുറബ്ബി സിൽസില സിയാഉർറഹ്മാൻ സാഹിബ് ത്വയ്യിബിന്റെ പിതാവായിരുന്നു. നിലവിലെ സാഹചര്യം നിമിത്തം അദ്ദേഹത്തിന് തന്റെ പിതാവിന്റെ ജനാസയിലും മരണാനന്തര ക്രിയകളിലും പങ്കെടുക്കാനായില്ല. അല്ലാഹു അദ്ദേഹത്തിന് ക്ഷമയും ധൈര്യവും നല്കുമാറാകട്ടെ. മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. (വിവർത്തകൻ: പി.കെ.അംനാസ് കടലായ്. ടൈപ്പ് സെറ്റിംഗ്: ഹാശിം അശ്റഫ് ആലപ്പുഴ)




(പേജ് 1ൽനിന്ന്)

**ത്തുൽഉദ്റ.** യൂസുഫ് നബി കഴിഞ്ഞതുപോലെ ഞാൻ ദീർഘകാലം ജയിലിൽ കഴിഞ്ഞിരുന്നെങ്കിൽ ഞാൻ വിളിക്കുന്നയാളുടെ കാര്യത്തെ സ്വീകരിക്കുകമായിരുന്നു.(ബുഖാരി വ മുസ്‌ലിം, അബുഹുറയ്റായിൽനിന്ന്). മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ അബൂഹുറയ്റായുടെതന്നെ നിവേദനമുണ്ട്. **ലഅസ്റഅ്ത്തുൽഇജാബത്തവമബ്ഗയ്ത്തുൽഉദ്റ** ഞാൻ ക്ഷണത്തിൽ പറഞ്ഞകാര്യം സ്വീകരിക്കുമായിരുന്നു. ആദ്യം എന്നെ നിരപരാധിയാക്കുക എന്ന് പറയുമായിരുന്നില്ല. രണ്ടു സ്ഥലങ്ങളിൽനിന്ന് കൂടുതൽ ഉയർന്നത് നബി(സ)തിരുമേനി ഇഷ്ടപ്പെട്ടതാണെന്ന് ഓരോ ബുദ്ധിമാനും മനസ്സിലാക്കാൻ കഴിയും. എന്തുകൊണ്ടെന്നാൽ അന്തസ്സിന്റെ സംരക്ഷണം ഉന്നത നിലയിലുള്ള ഒരു ജോലിയാണ്. പക്ഷേ, പ്രബോധനപ്രവർത്തനങ്ങളെ ബാധിക്കാതേയും അല്ലെങ്കിൽ ജനകീയപരമോ മതനിയമപരമോ ആയ കാര്യങ്ങളെ മുന്നിൽവച്ചുകൊണ്ട് മനുഷ്യൻ തന്റെ അന്തസ്സിനെ ത്യാഗം ചെയ്യുകയും തന്റെമേലുണ്ടാകുന്ന ആക്ഷേപങ്ങളെ അവഗണിക്കുകയും ചെയ്യുകയാണെങ്കിൽ അങ്ങനെയുള്ള വ്യക്തി തീർച്ചയായും തന്റെ അന്തസ്സിന്റെ സംരക്ഷണത്തിന്റെ ആവശ്യം ഏതെങ്കിലും സൽവിചാരത്തോടെ തേടുന്ന വ്യക്തിയെക്കാൾ കൂടുതൽ ഉന്നത നിലയിലാണ്. (തഫ്സീറെ കബീർ വാള്യം 3, പേജ് 324, ഖാദിയാൻ പ്രസിദ്ധീകരണം 2018)

# ഖുത്ബ ജുമുഅ

ഹദ്റത്ത് ഉഥ്മാൻ(റ) ഒരു സാധാരണ വ്യക്തിയായിരുന്നില്ല. അദ്ദേഹത്തിന്റെ സ്വഭാവങ്ങൾ ഉൽകൃഷ്ടമായിരുന്നു. ഭൗതിക ഐശ്വര്യങ്ങളുടെ കാര്യത്തിലും അദ്ദേഹം സവിശേഷസ്ഥാനീയനായിരുന്നു. ഇസ്‌ലാമിലും ആദ്യഗണത്തിലുള്ള വ്യക്തിയായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിൽ അങ്ങേയറ്റം സന്തോഷവാനായിരുന്നു.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ദുന്നൂറയ്ൻ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

അല്ലാഹുവാണ! നിങ്ങളെന്നെ വധിച്ചാൽ പിന്നെ നിങ്ങൾക്കൊരിക്കലും ഒരുമിച്ചു നമസ്ക്കരിക്കാനാകില്ല. ഒരിക്കലും സംഘടിച്ച് ശത്രുക്കളെ നേരിടാൻ സാധിക്കില്ല. നിങ്ങൾ നിശ്ചയമായും പരസ്പരം ഭിന്നിക്കുന്നതാണ്. ഇപ്രകാരം നിങ്ങൾ പ്രതിസന്ധിയിൽ അകപ്പെടുന്നതാണ്.'

ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത് അൻസ്വാരി, ഹദ്റത്ത് ഉഥ്മാന്റെ സന്നിധിയിൽ ഹാജരായിക്കൊണ്ടു പറഞ്ഞു: വാതിൽക്കൽ അൻസ്വാർ ഹാജരായിട്ടുണ്ട്. അങ്ങ് ആഗ്രഹിക്കുന്നെങ്കിൽ തങ്ങൾ രണ്ടാംവട്ടവും അല്ലാഹുവിന്റെ അൻസ്വാർ അഥവാ സഹായികളാകാൻ തയ്യാറാണെന്ന് അവർ പറയുന്നു. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ)പറഞ്ഞു, 'പാടില്ല. എന്തുവന്നാലും യുദ്ധം ചെയ്യരുത്.'

മുബല്ലിഗ് ഐവറികോസ്റ്റ് മൗലവി മുഹമ്മദ് ഇദ്‌രീസ് തേറോ സാഹിബ്, ഉഗാണ്ട ഇൻചാർജ് മുബല്ലിഗും അമീറുമായ മുഹമ്മദ് അലി കയ്റെ സാഹിബിന്റെ ഭാര്യ അമീന നായേഗാ കയ്റെ(ഗമശൃല) സാഹിബ, സിറിയയിലെ ലിവ ഖസ്ഖ് സാഹിബ്, മുഹമ്മദ് ഇബ്റാഹീം സാഹിബ് ഹനീഫ് സാർചൂരിയുടെ ഭാര്യ ഫർഹത്ത് നസീം സാഹിബ തുടങ്ങിയവരെക്കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2021 മാർച്ച് 12/1400 അമാൻ 12**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് ഉഥ്മാൻ(റ)നെ കുറിച്ചുള്ള അനുസ്മരണമാണ് തുടരുന്നത്. ഹദ്റത്ത് ഉഥ്മാൻ(റ) അവസാനത്തെ ഹജ്ജ് നിർവഹിച്ചത് അദ്ദേഹത്തിന്റെ മരണത്തിന് ഒരു വർഷം മുമ്പേ കലഹങ്ങൾ ഉയരാൻ തുടങ്ങിയപ്പോഴാണ്. അദ്ദേഹത്തിന്റെ അവസാനത്തെ ഹജ്ജുവേളയിൽ കലാപകാരികൾ തലപൊക്കാൻ തുടങ്ങിയിരുന്നു. ഹദ്റത്ത് അമീർ മുആവിയക്ക് അക്കാര്യം നല്ലവണ്ണം അനുഭവപ്പെട്ടിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: 'ഹജ്ജിൽനിന്നു മടങ്ങുമ്പോൾ ഹദ്റത്ത് മുആവിയ, ഹദ്റത്ത് ഉഥ്മാനോടൊപ്പം മദീനയിലേക്ക് പോന്നു. കുറച്ചുനാൾ അവിടെ തങ്ങിയശേഷം മടങ്ങാൻ ഒരുങ്ങിയപ്പോൾ അദ്ദേഹം ഹദ്റത്ത് ഉഥ്മാനെ തനിച്ച് കാണുകയും കലഹം വർധിച്ചു വരുന്നതായി അനുഭവപ്പെടുന്നതായും അതെക്കുറിച്ച് അങ്ങ് അനുവദിക്കുകയാണെങ്കിൽ ചില കാര്യങ്ങൾ ബോധിപ്പിക്കാൻ താൻ ആഗ്രഹിക്കുന്നതായും പറയുകയുണ്ടായി. ഹദ്റത്ത് ഉഥ്മാൻ(റ) പറയാൻ അദ്ദേഹത്തിന് സമ്മതം നല്കി. അദ്ദേഹം പറഞ്ഞു: 'അങ്ങ് എന്നോടൊപ്പം സിറിയയിലേക്കു വരണമെന്നാണ് എന്റെ ആദ്യത്തെ അഭിപ്രായം. കാരണം അവിടെ എല്ലാ വിധത്തിലും സമാധാനപരമായ അന്തരീക്ഷമാണ്. ഒരുതരത്തിലുള്ള കുഴപ്പങ്ങളുമില്ല. ഇവിടെ പൊടുന്നനെ ഒരു കലാപം പൊട്ടിപുറപ്പെടുകയും അതിനെ ചെറുക്കാനുള്ള സംവിധാനമില്ലാതെ വരികയും ചെയ്തേക്കാമെന്ന് ഞാൻ ഭയപ്പെടുന്നു. ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തിന് മറുപടി നല്കി: 'എന്റെ ശരീരം തുണ്ടം തുണ്ടമാക്കപ്പെട്ടാലും ശരി, ഞാൻ എന്തു തന്നെയായാലും നബി(സ) തിരുമേനിയുടെ സ്മരണകളുറങ്ങുന്ന ഭൂമിയെ ഉപേക്ഷിക്കാൻ തയ്യാറല്ല.' ഹദ്റത്ത് മുആവിയ പറഞ്ഞു: 'എന്നാൽ, എന്റെ രണ്ടാമത്തെ അഭിപ്രായമിതാണ്, 'അങ്ങയുടെ സുരക്ഷയ്ക്കായി സിറിയയിൽ നിന്നു ഒരു സൈനിക വിഭാഗത്തെ അയക്കാൻ എനിക്ക് അങ്ങ് അനുമതി നല്കണം. അവരുണ്ടെങ്കിൽ ഒരുത്തനും അങ്ങയെ ഉപദ്രവിക്കാൻ മുതിരുകയില്ല.' ഹദ്റത്ത് ഉഥ്മാൻ(റ) മറുപടി നല്കി, 'ഉഥ്മാന്റെ ജീവൻ രക്ഷിക്കാൻ ബയ്ത്തുൽ മാലിനുമേൽ ഇത്രയും ഭാരം ചുമത്താനോ സൈന്യത്തെ ഇറക്കി മദീനവാസികളെ ഞെരുക്കത്തിലാക്കാനോ ഞാൻ താൽപര്യപ്പെടുന്നില്ല.' അപ്പോൾ ഹദ്റത്ത് മുആവിയ പറഞ്ഞു: 'എന്നാൽ, എന്റെ മൂന്നാമത്തെ അഭിപ്രായമിതാണ്, സ്വഹാബാക്കൾ ഇവിടെയുള്ളപ്പോൾ ഉഥ്മാനില്ലെങ്കിൽ മറ്റാരെയെങ്കിലും ആ സ്ഥാനത്തേക്കു കൊണ്ടുവരുമല്ലോ എന്ന് ചിന്തിക്കാൻ ജനങ്ങൾക്ക് ധൈര്യമുണ്ടാകും. അതുകൊണ്ട് അവരെ വി വിധ രാജ്യങ്ങളിലേക്ക് അയക്കുക.' അതുകേട്ടപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു, 'നബി(സ)തിരുമേനി ഒരുമിച്ചുകൂട്ടിയവരെ വേർപെടുത്താനും അകറ്റാനും എനിക്കു സാധിക്കുമോ?' അതുകേട്ടതും മുആവിയ(റ) കരഞ്ഞുകൊണ്ട് ഇങ്ങനെ അപേക്ഷിച്ചു, 'അങ്ങയുടെ സുരക്ഷയ്ക്കായി ഞാൻ മുന്നോട്ടുവച്ച അഭിപ്രായങ്ങൾ അങ്ങയ്ക്ക് സമ്മതമല്ലെങ്കിൽ കുറഞ്ഞപക്ഷം അങ്ങ് ഇങ്ങനെ ഒരു വിളംബരമെങ്കിലും നടത്തണം; 'എന്റെ ജീവന് എന്തെങ്കിലും സംഭവിച്ചാൽ എനിക്കുവേണ്ടി പ്രതികാരം ചെയ്യാൻ മുആവിയക്ക് അ വകാശമുണ്ടാകുന്നതായിരിക്കും. ഒരുപക്ഷേ, ഇതുകേട്ട് ഭയന്ന് ജനങ്ങൾ ദ്രോഹങ്ങളിൽനിന്നു വിട്ടുനിന്നേക്കും.' അപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു: 'അല്ലയോ മുആവിയ! സംഭവിക്കാനുള്ളത് സംഭവിക്കുകതന്നെ ചെയ്യും. എനിക്ക് അപ്രകാരം ചെയ്യാനാകില്ല. കാരണം താങ്കൾ കർക്കശക്കാരനാണ്. താങ്കൾ മുസ്‌ലിമീങ്ങൾക്കുമേൽ കാഠിന്യം പ്രവർത്തിച്ചേക്കാം.' അത് കേട്ടപ്പോൾ ഹദ്റത്ത് മുആവിയ കരഞ്ഞുകൊണ്ട് അവിടെ നിന്നെഴുന്നേറ്റിട്ടു പറഞ്ഞു, 'ചിലപ്പോൾ ഇത് നമ്മുടെ അവസാനത്തെ കൂടിക്കാഴ്ച്ചയായിരിക്കും എന്നെനിക്ക് തോന്നുന്നു.' പുറത്തിറങ്ങി സ്വഹാബാക്കളോടു പറഞ്ഞു, 'ഇസ്‌ലാമിന്റെ കെട്ടുറപ്പ് ഇനി നിങ്ങളുടെ കൈകളിലാണ്. ഹദ്റത്ത് ഉഥ്മാൻ ഇപ്പോൾ വളരെ ക്ഷീണിതനായിരിക്കുന്നു. കലഹം വർധിച്ചിരിക്കുകയാണ്. നിങ്ങൾ അദ്ദേഹത്തെ സംരക്ഷിക്കണം.' ഇത്രയും പറഞ്ഞ് മുആവിയ മടങ്ങി.' (ഇസ്‌ലാം മെ ഇഖ്തിലാഫാത്ത് കാ ആഗാസ്, അൻവാറുൽഉലൂം വാല്യം 4, പേജ് 285–286)

ഹദ്റത്ത് ഉഥ്മാന്റെ നിശ്ചയദാർഢ്യത്തെയും തന്റേടത്തെയും കുറിച്ചുള്ള വിവരണമുണ്ട്. മുജാഹിദ് വിവരിക്കുന്നു: 'ഹദ്റത്ത് ഉഥ്മാൻ(റ) തന്റെ വീട്ടിൽനിന്ന് പുറത്തേക്ക് എത്തിനോക്കിക്കൊണ്ട് ഉപരോധം തീർത്തവരോട് ഇപ്രകാരം പറഞ്ഞു, 'അല്ലയോ എന്റെ സമുദായമേ! എന്നെ വധിക്കരുത്. കാരണം ഞാൻ നിങ്ങളുടെ നിലവിലെ ഭരണാധികാരിയാണ്. നിങ്ങളുടെ മുസ്‌ലിം സഹോദരനുമാണ്. അല്ലാഹുവാണ! എന്റെ സിദ്ധാന്തങ്ങൾ ശരിയായിരുന്നപ്പോഴും വല്ല പിഴവും സംഭവിച്ചപ്പോഴും ഏതവസ്ഥയിലും ഞാൻ ആവുന്നത്ര ജനക്ഷേമത്തിനായി പ്രയത്നിച്ചു. ഒന്നോർക്കുക. നിങ്ങൾ എന്നെ വധിച്ചാൽ പിന്നെ നിങ്ങൾക്കൊരിക്കലും ഒരുമിച്ചു നമസ്ക്കരിക്കാനാകില്ല. ഒരുമിച്ച് ജിഹാദ് ചെയ്യാനും കഴിയില്ല. യുദ്ധമുതലുകൾ നീതിയോടെ നിങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നതുമല്ല.' നിവേദകൻ പറയുന്നു: ഉപരോധകർ അത് വിസമ്മതിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, 'ഞാൻ നിങ്ങളെക്കൊണ്ട് ദൈവനാമത്തിൽ സത്യം ചെയ്യിച്ച് ചോദിക്കുന്നു. എന്താ, നിങ്ങൾ ഐക്യത്തിലും സത്യമതത്തിലും ആയിരിക്കവെ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഉമറിന്റെ വഫാത്ത് വേളയിൽ ഖിലാഫത്തിനുവേണ്ടി ദുആ ചെയ്തിരുന്നില്ലേ? എന്നിരിക്കെ നിങ്ങൾ എന്താണ് പറയാനാഗ്രഹിക്കുന്നത്? അല്ലാഹു നിങ്ങളുടെ ദുആകൾ സ്വീകരിച്ചില്ലെന്നാണോ? അതോ അല്ലാഹുവിന് ഇപ്പോൾ ദീനിനെക്കുറിച്ച് ഒരു ചിന്തയുമില്ലെന്നാണോ? അതോ ഞാൻ ഈ ഖിലാഫത്തിനെ വാൾ ബലത്താലോ, അതിക്രമത്താലോ കൈയേറിയതാണെന്നും മുസ്‌ലിമീങ്ങളുടെ കൂടിയാലോചനയാൽ നേടിയതല്ലെന്നുമാണോ? അതോ ഈ ഖിലാഫത്തിന്റെ ആരംഭകാലയളവിൽ അവന് ഇപ്പോഴറിഞ്ഞ കാര്യങ്ങൾ അറിഞ്ഞിരുന്നില്ലെന്നാണോ? അത് ഒരിക്കലുമുണ്ടാകില്ല. കാരണം അവൻ സർവജ്ഞനാണ്.' അപ്പോഴും ഉപരോധകർ അദ്ദേഹം പറഞ്ഞത് കേട്ടില്ല. അപ്പോൾ അദ്ദേഹം ദുആ ചെയ്തു: 'അല്ലാഹുവേ! നീ ഇവരെ നല്ലവണ്ണം എണ്ണിത്തിട്ടപ്പെടുത്തുക. എന്നിട്ട് ഓരോരുത്തരെയുമായി എണ്ണി എണ്ണി വധിക്കേണമേ. ഇതിൽ ഒരൊറ്റയൊരുത്തനെയും വെറുതെ വിടരുതേ.' മുജാഹിദ് പറയുന്നു, 'ഈ കലാപത്തിൽ പങ്കെടുത്ത എല്ലാവരെയും അല്ലാഹു നശിപ്പിക്കുകയുണ്ടായി.'(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 38, ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 1996)

അബൂലയ്‌ലാ കിൻദി വിവരിക്കുന്നു: ഹദ്റത്ത് ഉഥ്മാനെ ഉപരോധിക്കപ്പെട്ട നിലയിൽ ഞാൻ കണ്ടു. ഒരു കിളിവാതിലിലൂടെ എത്തിനോക്കി കൊണ്ട് അദ്ദേഹം പറഞ്ഞു, 'അല്ലയോ ജനങ്ങളേ! എന്നെ വധിക്കരുത്. എനിക്ക് തെറ്റുപറ്റിയെങ്കിൽ പശ്ചാത്തപിക്കാനുള്ള അവസരം തരിക. നിങ്ങളെന്നെ വധിച്ചാൽ പിന്നെ നിങ്ങൾക്കൊരിക്കലും ഒരുമിച്ചു നമസ്ക്കരിക്കാനാകില്ല. ഒരിക്കലും സംഘടിച്ച് ശത്രുക്കളെ നേരിടാൻ സാധിക്കില്ല. നിങ്ങൾ നിശ്ചയമായും ഭിന്നിക്കുന്നതാണ്. നിവേദകൻ പറയുന്നു, അദ്ദേഹം രണ്ട് കൈകളിലെയും വിരലുകൾ കോർത്തു കാണിച്ചുകൊണ്ടു പറഞ്ഞു, 'ഇതുപോലെ നിങ്ങളും പ്രതിസന്ധിയിൽ അകപ്പെടുന്നതായിരിക്കും. എന്നിട്ട് അദ്ദേഹം പറഞ്ഞു, **വ യാ ഖൗമീ ലായജ്‌രിമന്നക്കും ശിഖാഖീ അയ്യുസീബക്കും മ്മിഥ്‌ലു മാ അസാബ ഖൗമ നൂഹിൻ ഔ ഖൗമ ഹൂദിൻ ഔ ഖൗമ സ്വാലിഹിൻ വമാ ഖൗമു ലൂത്വിൻ മ്മിൻകും ബിബയീദിൻ**(11:90) എന്റെ ജനമേ! എന്റെ ശത്രുത നിങ്ങൾക്ക് നൂഹിന്റെയോ, ഹൂദിന്റെയോ, സ്വാലിഹിന്റെയോ സമുദായത്തിനുണ്ടായ പോലുള്ള ശിക്ഷ ലഭിക്കാൻ വഴിവയ്ക്കാതിരിക്കട്ടെ. ലൂത്വിന്റെ ജനത നിങ്ങളിൽ നിന്നു ദൂരെയുമല്ല.' ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാമിന് സന്ദേശമയച്ചു. അപ്പോൾ അദ്ദേഹം ഹാജരായി. എന്നിട്ട് ചോദിച്ചു, 'ഇപ്പോൾ നടക്കുന്ന സംഭവവികാസങ്ങളെ കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്? ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: യുദ്ധത്തിൽ നിന്നു മാറിനില്ക്കുക. കാരണം തെളിവെന്ന നിലയിൽ നിങ്ങൾക്ക് അത് കൂടുതൽ ശക്തിവത്തായിരിക്കും.' (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 39, ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബെയ്റൂത്ത് 1996)

മുഹമ്മദ് ബിൻ സീരീൻ വിവരിക്കുന്നു, ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത് അൻസ്വാരി, ഹദ്റത്ത് ഉഥ്മാന്റെ സന്നിധിയിൽ ഹാജരായിക്കൊണ്ടു പറഞ്ഞു: വാതില്ക്കൽ അൻസ്വാർ ഹാജരായിട്ടുണ്ട്. അങ്ങ് ആഗ്രഹിക്കുന്നെങ്കിൽ തങ്ങൾ രണ്ടാംവട്ടവും അല്ലാഹുവിന്റെ അൻസ്വാർ അഥവാ സഹായികളാകാൻ തയ്യാറാണെന്ന് അവർ പറയുന്നു.' അപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു, 'പാടില്ല. എന്തുവന്നാലും യുദ്ധം ചെയ്യരുത്.' ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു: 'യൗമുദ്ദാറിൽ ഞാൻ ഹദ്റത്ത് ഉഥ്മാന്റെ സന്നിധിയിൽ ഹാജരായിക്കൊണ്ട് പറഞ്ഞു: 'അല്ലയോ അമീറുൽ മുഅ്മിനീൻ! ഇനി വാളുയർത്തുന്നതാണ് ഉചിതം.' അപ്പോൾ അദ്ദേഹം പറഞ്ഞു, 'അബൂഹുറയ്റാ! താങ്കൾ സകല ജനങ്ങളെയും എന്നെയും വധിക്കാനാണോ ആഗ്രഹിക്കുന്നത്.' അപ്പോൾ ഞാൻ പറഞ്ഞു, 'ഒരിക്കലുമല്ല.' അപ്പോൾ അദ്ദേഹം പറഞ്ഞു, 'താങ്കൾ ഒരാളെപോലും വധിച്ചാൽ എല്ലാ ജനങ്ങളും വധിക്കപ്പെട്ടതുപോലെയാണ്.' അബൂഹുറയ്റ പറയുന്നു, 'ഞാൻ പിന്നെ അവിടെ നിന്നു തിരിച്ചുവന്നു. ആ യുദ്ധത്തിൽ പങ്കെടുത്തില്ല.' ആദ്യത്തെ നിവേദനത്തിൽ യുദ്ധം ചെയ്യാൻ പറ്റിയ അവസരം ഇന്നാണെന്ന് അദ്ദേഹം പറഞ്ഞിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ) വിവരിക്കുന്നു, 'ഉപരോധ ദിവസം ഞാൻ ഹദ്റത്ത് ഉഥ്മാനോട് ഇപ്രകാരം അപേക്ഷിച്ചു, 'അല്ലയോ അമീറുൽ മുഅ്മിനീൻ! ഇക്കൂട്ടരോട് യുദ്ധം ചെയ്തുകൊൾവിൻ! കാരണം ഇവരോട് യുദ്ധം ചെയ്യുന്നത് അല്ലാഹു താങ്കൾക്ക് അനുവദനീയമാക്കിയിരിക്കുന്നു.' അദ്ദേഹം പറഞ്ഞു, 'അല്ലാഹുവാണ! ഞാൻ ഇവരോട് ഒരിക്കലും യുദ്ധം ചെയ്യുകയില്ല.'

നിവേദകൻ പറയുന്നു, അപ്പോൾ അക്കൂട്ടർ അദ്ദേഹത്തിന്റെ വീട്ടിൽ തള്ളിക്കയറി. അദ്ദേഹം അന്ന് നോമ്പിലായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്റിനെ അദ്ദേഹം വീട്ടുവാതില്ക്കൽ പാറാവുനിറുത്തിയിരുന്നു. അദ്ദേഹം ഇപ്രകാരം വിളംബരപ്പെടുത്തിയിരുന്നു, 'എന്നെ അനുസരിക്കാൻ താൽപര്യമുള്ളവർ അബ്ദുല്ലാഹ് ബിൻ സുബയ്റിനെയും അനുസരിക്കുക.' അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ) പറയുന്നു:'ഞാൻ ഹദ്റത്ത് ഉഥ്മാന്റെ അടുത്ത് ഹാജരായി പറഞ്ഞു, 'അമീറുൽ മുഅ്മിനീൻ! അങ്ങയുടെ വീട്ടിൽ ദൈവസഹായം തുണയായുള്ള ഒരു വിഭാഗം അങ്ങയെ സംരക്ഷിക്കാനായുണ്ട്. എന്നാൽ, അവർ ഉപരോധിക്കുന്നവരെ അപേക്ഷിച്ച് എണ്ണത്തിൽ കുറവാണ്. അതുകൊണ്ട് എനിക്ക് കലാപകാരികളുമായി യുദ്ധം ചെയ്യാൻ അനുമതി നല്കിയാലും.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ അല്ലാഹുവിൽ സത്യം ചെയ്തു പറയുന്നു, അല്ലാഹുവിന്റെ നാമത്തിൽ താങ്കളെ ഉപദേശിക്കുന്നു, 'എനിക്കുവേണ്ടി ഒരാളും തന്റെ രക്തം ചിന്തരുത്. അല്ലെങ്കിൽ എനിക്കുവേണ്ടി മറ്റാരുടെയെങ്കിലും രക്തമൊഴുക്കുകയുമരുത്.'(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 39, ഉഥ് മാൻ ബിൻ അഫ്ഫാൻ, ദാറു അഹ്‌യാഉത്തുറാഥ് അൽ അറബി ബെയ്റൂത്ത് 1996)

ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തിനുമുമ്പേയുണ്ടായ കലാപങ്ങളെ കുറിച്ചും അദ്ദേഹത്തിന്റെ ശഹാദത്ത് സംഭവത്തെ കുറിച്ചും സ്മരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നല്കിയ വിവരണം ഇപ്രകാരമാണ്: 'കലാപകാരികൾക്ക് ബാഹ്യദൃഷ്ടിയിൽ വിജയം ലഭിച്ചുകഴിഞ്ഞിരുന്നു. അവർ അവസാനത്തെ അടവെന്ന നിലയിൽ ഹദ്റത്ത് ഉഥ്മാന്റെ അടുത്തേക്ക് ഒരാളെ വിട്ടുകൊണ്ട് ഖിലാഫത്ത് ഒഴിയാൻ ആവശ്യപ്പെട്ടു. അവർ മനസ്സിലാക്കിയിരുന്നത് അദ്ദേഹം സ്വയം സ്ഥാനഭ്രഷ്ടനായാൽ മുസ്‌ലിമീങ്ങൾക്ക് പിന്നെ അവരെ ശിക്ഷിക്കാനുള്ള അവസരം ലഭിക്കുകയില്ലെന്നായിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ അടുത്ത് ദൂതനെത്തിയപ്പോൾ അദ്ദേഹം അയാളോടു പറഞ്ഞു, 'ജാഹിലിയ്യ കാലഘട്ടത്തിലും ഞാൻ തിന്മകളിൽ നിന്ന് അകന്നിരുന്നു. ഇസ്‌ലാം സ്വീകരിച്ചശേഷം ഞാൻ ദൈവകല്പനകൾ ലംഘിച്ചിട്ടുമില്ല. പിന്നെ ഞാൻ എന്ത് അപരാധത്തിന്റെ പേരിലാണ് അല്ലാഹു എനിക്കു നല്കിയ ഈ സ്ഥാനത്തെ ഉപേക്ഷിക്കേണ്ടത്? അല്ലാഹു എന്നെ ധരിപ്പിച്ച ഈ കുപ്പായം ഞാൻ ഒരിക്കലും ഉപേക്ഷിക്കുന്നതല്ല.' ആ വ്യക്തി ഇതുകേട്ട് തിരിച്ചുപോയി. എന്നിട്ട് തന്റെ കൂട്ടുകാരോട് ഇപ്രകാരം പറഞ്ഞു, 'അല്ലാഹുവാണ! നമ്മൾ വലിയ വിപത്തിൽ പെട്ടിരിക്കുകയാണ്. ഉഥ്മാനെ വധിക്കാതെ നമുക്ക് മുസ്‌ലിമീങ്ങളുടെ പിടിയിൽനിന്ന് രക്ഷപ്പെടാനാകില്ല. കാരണം അപ്പോൾ ഭരണം അട്ടിമറിയുന്നതാണ്. സംവിധാനം തകിടം മറിയുന്നതാണ്. ചോദിക്കാനും പറയാനും അപ്പോൾ ആരുമുണ്ടാകില്ല. എന്നാൽ, അദ്ദേഹത്തെ വധിക്കുന്നതാകട്ടെ ഒരു തരത്തിലും അനുവദനീയവുമല്ല. അതായത് വധം മാത്രമെയുള്ളൂ പരിഹാരം. എന്നാൽ വധിക്കുന്നതിന് അനുവാദമില്ല.' ആ വ്യക്തിയുടെ വാക്കുകളിൽനിന്ന് അക്കൂട്ടരുടെ ഭയം മാത്രമല്ല വ്യക്തമാകുന്നത്. മറിച്ച് ആ സമയംവരെ അവർക്ക് ന്യായീകരിക്കാൻ മാത്രം ഒരു കാര്യത്തിനും ഹദ്റത്ത് ഉഥ്മാൻ വക കൊടുത്തിരുന്നില്ല. മാത്രവുമല്ല എന്തുതന്നെയായാലും ഹദ്റത്ത് ഉഥ്മാനെ വധിക്കുന്നത് അന്യായമാണെന്ന് അവർ മനസ്സിലാക്കുകയും ചെയ്തിരുന്നു.

ഇക്കൂട്ടർ ഹദ്റത്ത് ഉഥ്മാനെ വധിക്കാൻ പദ്ധതിയിടുകയായിരുന്നപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം അവിടെ വന്നു. അദ്ദേഹം കാഫിറായിരുന്നപ്പോഴും സമൂഹത്തിൽ ആദരണീയനായിരുന്നു. ജൂതന്മാർ അദ്ദേഹത്തെ തങ്ങളുടെ നേതാവും അദ്വിതീയനായ പണ്ഡിതനുമായി കണക്കാക്കിയുമിരുന്നു. അദ്ദേഹം വാതിൽക്കൽ നിന്നുകൊണ്ട് അക്കൂട്ടരെ ഗുണദോഷിക്കാനും ഹദ്റത്ത് ഉഥ്മാനെ വധിക്കുന്നത് വിലക്കാനും തുടങ്ങി. എന്നിട്ടു പറഞ്ഞു, 'അല്ലയോ ജനങ്ങളേ! നിങ്ങൾ സ്വയമേവ നിങ്ങൾക്കുമേൽ ദൈവത്തിന്റെ വാൾ ചലിപ്പിക്കരുത്. നിങ്ങൾ വാൾ ചലിപ്പിച്ചാൽ പിന്നെ അത് ഉറയിലിടാനുള്ള അവസരമുണ്ടാകില്ല. മുസ്‌ലിമീങ്ങൾക്കിടയിൽ എപ്പോഴും വാൾ ചലിച്ചുകൊണ്ടിരിക്കും. മുസ്‌ലിമീങ്ങൾക്കിടയിൽ എപ്പോഴും യുദ്ധവും വഴക്കുമുണ്ടാകും. ബുദ്ധി ഉപയോഗിക്കുക. ഇന്ന് നിങ്ങൾക്കുമേൽ ചാട്ടവാറടി മാത്രമേ ഉണ്ടാകുകയുള്ളൂ. ശരീഅത്ത് വിധിയനുസരിച്ച് സാധാരണഗതിയിൽ ചാട്ടവാറടി മാത്രമേ ശിക്ഷ ലഭിക്കാറുള്ളൂ. എന്നാൽ, ഇന്ന് നിങ്ങൾ ഈ വ്യക്തിയെ അതായത് ഹദ്റത്ത് ഉഥ്മാനെ വധിച്ചാൽ ഭരണകൂടത്തിന് വാൾപ്രയോഗം നടത്താതെ നിർവാഹമുണ്ടാകുകയില്ല. അതായത് നിസ്സാരമായ അപരാധങ്ങൾക്കുപോലും വധശിക്ഷ നടപ്പിൽ വരും. ഓർക്കുക, ഇപ്പോൾ മദീനയുടെ സംരക്ഷകർ മലക്കുകളാണ്. നിങ്ങൾ അദ്ദേഹത്തെ വധിച്ചാൽ മലക്കുകൾ മദീന വിട്ടുപോകും.' ആ ഉപദേശത്തിൽനിന്ന് അവർ പ്രയോജനമുൾക്കൊണ്ടില്ല. നബി(സ)തിരുമേനിയുടെ സ്വഹാബിയായ അബ്ദുല്ലാഹ് ബിൻ സലാമിനെ അവർ പുച്ഛിച്ചു തള്ളി. അദ്ദേഹത്തിന്റെ പൂർവമതത്തെ എടുത്തു പരിഹസിച്ചുകൊണ്ടു പറഞ്ഞു, 'ജൂതസ്ത്രീയുടെ മകനേ! ഇതുമായി നിനക്കെന്തു ബന്ധം?' കഷ്ടം! അബ്ദുല്ലാഹ് ബിൻ സലാം ഒരു ജൂതസ്ത്രീയുടെ മകനാണെന്നകാര്യം അവർ ഓർത്തെങ്കിലും അവർ ബാക്കി കാര്യങ്ങൾ ഓർത്തില്ല. നബി(സ)തിരുമേനി സന്തോഷം പ്രകടിപ്പിച്ചതും നബി(സ)തിരുമേനിയോടൊപ്പം എല്ലാ ബുദ്ധിമുട്ടുകളിലും പ്രയാസങ്ങളിലും അദ്ദേഹം നിലകൊണ്ടതും അവർ ഓർത്തില്ല. അതുപോലെ അവരെ ഇളക്കിവിട്ട അവരുടെ നേതാവും, ഹദ്റത്ത് അലിയെ നബി(സ)തിരുമേനിയുടെ അനന്തരവകാശിയാക്കുകയും ഹദ്റത്ത് ഉഥ്മാനെതിരെ പ്രതിഷ്ഠിക്കുകയും ചെയ്ത വ്യക്തി അതായത് അബ്ദുല്ലാഹ് ബിൻ സബാ ജൂതസ്ത്രീയുടെ മകനും മാത്രമല്ല സ്വയം ജൂതനും ബാഹ്യമായി മാത്രം ഇസ്‌ലാമിലാണെന്നു നടിക്കുന്നവനുമാണെന്ന് അവർ ഓർത്തതുമില്ല. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം അവരിൽനിന്നു ഹതാശനായി അവിടെനിന്നുപോയി. അവർ ഇതെല്ലാം കണ്ട് വാതിലിലൂടെ കടന്ന് ഹദ്റത്ത് ഉഥ്മാനെ വധിക്കുക പ്രയാസമാണെന്ന് മനസ്സിലാക്കി. കാരണം വളരെ കുറച്ചുപേരാണെങ്കിലും അവർ കൊല്ലാനും മരിക്കാനും തയ്യാറായാണ് വാതിൽക്കൽ നില്ക്കുന്നത്. അങ്ങനെ അവർ ഏതെങ്കിലും അയൽവാസിയുടെ മതിൽചാടി ഹദ്റത്ത് ഉഥ്മാനെ വധിക്കാമെന്ന് തീരുമാനിച്ചു. ആ ഉദ്ദേശ്യത്തോടെ കുറച്ചുപേർ ഒരു അയൽവാസിയുടെ മതിൽ ചാടി ഹദ്റത്ത് ഉഥ്മാന്റെ മുറിയിൽ കടന്നുകൂടി. ആ സമയത്ത് ഹദ്റത്ത് ഉഥ്മാൻ(റ) ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. ഉപരോധം തുടങ്ങിയതുമുതൽ അദ്ദേഹം നമസ്കരിക്കുകയോ തിലാവത്ത് ചെയ്യുകയോ ചെയ്യുന്നതിലല്ലാതെ മറ്റൊരുകാര്യത്തിലും ശ്രദ്ധവച്ചിരുന്നില്ല. അവർ അദ്ദേഹത്തിന്റെ വീട്ടിൽ കയറിക്കൂടുന്നതിനു മുമ്പേ ഖജനാവിനു കാവലായി രണ്ടുപേരെ നിയമിച്ചിരുന്നു. കാരണം അദ്ദേഹം തലേന്നുരാത്രി ഒരു സ്വപ്നദർശനത്തിൽ നബി(സ)തിരുമേനിയെ കാണുകയുണ്ടായി. നബി(സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു, ഉഥ്മാനേ! ഇന്ന് താങ്കൾക്ക് നമ്മോടൊപ്പം നോമ്പു തുറക്കാം.' ആ സ്വപ്നം കാരണം അദ്ദേഹത്തിന് താൻ ശഹീദാകുമെന്ന് ഉറപ്പായിരുന്നു. അതുകൊണ്ട് അദ്ദേഹം ബഹളത്തിനിടയിൽ ആരെങ്കിലും ഖജനാവ് കൊള്ളയടിക്കാതിരിക്കാൻ രണ്ടാളുകളെ ഖജനാവിന്റെ വാതിൽക്കൽ കാവൽ നിറുത്തി. അവർ അകത്തു കടന്നതും ഹദ്റത്ത് ഉഥ്മാൻ(റ) ഖുർആൻ ഓതുന്നതാണ് കണ്ടത്. ആ കലാപകാരികളിൽ മുഹമ്മദ് ബിൻ അബീബക്റും ഉണ്ടായിരുന്നു. അവർക്കുമേൽ തനിക്ക് ശ്രേഷ്ഠതയുള്ളതിനാൽ ഇതു തന്റെ കർത്തവ്യമായി അയാൾ കണ്ടിരുന്നു. അയാൾ ചിന്തിച്ചിരുന്നത് താൻ അബൂബക്റിന്റെ മകനാ ണ്.

തനിക്ക് ശ്രേഷ്ഠതയുണ്ട്. എല്ലാ കാര്യത്തിനും മുമ്പിൽ നില്ക്കേണ്ടത് തന്റെ ബാധ്യതയാണ്, എന്നൊക്കെയായിരുന്നു. അയാൾ മുന്നോട്ട് വന്ന് ഹദ്റത്ത് ഉഥ്മാന്റെ താടിപിടിച്ചു. ശക്തമായി കുലുക്കി. അയാളോടു ഹദ്റത്ത് ഉഥ്മാൻ(റ) ഇത്രമാത്രം പറഞ്ഞു, ‘എന്റെ സഹോദരപുത്രാ! നിന്റെ പിതാവ് അബൂബക്ർ ഇന്ന് ജീവിച്ചിരിപ്പുണ്ടെങ്കിൽ നീ ഇങ്ങനെ ഒരിക്കലും ചെയ്യുമായിരുന്നില്ല. നിനക്കിത് എന്തുപറ്റി? നീ അല്ലാഹുവിനുവേണ്ടിയാണോ എന്നോട് നീരസപ്പെട്ടിരിക്കുന്നത്. അല്ലാതെ നിനക്ക് എന്നോട് വേറെന്തെങ്കിലും കാര്യത്തിൽ ദേഷ്യമുണ്ടോ? അല്ലാഹുവിനോടുള്ള കടമകൾ നിർവഹിച്ചതിനാലാണോ എന്നോടു കോപിക്കുന്നത്? ഞാൻ പറയുന്നത് അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുക എന്നു മാത്രമല്ലേ?’ അപ്പോൾ മുഹമ്മദ് ബിൻ അബൂബക്ർ ലജ്ജിതനായി തിരികെ പോയി. മറ്റുള്ളവർ അവിടെത്തന്നെ തുടർന്നു. അന്നു രാത്രി ബസ്വറയിലെ സൈന്യം എത്തുമെന്ന കൃത്യമായ വിവരം അവർക്കു ലഭിച്ചിരുന്നു. അതുകൊണ്ട് അവരുടെ പക്കൽ അത് അവസാനത്തെ അവസരമായിരുന്നു. ആയതിനാൽ തങ്ങളുടെ പണി പൂർത്തിയാകാതെ തിരിച്ചുപോകില്ലെന്ന് അവർ തീരുമാനിച്ചിരുന്നു. അവരിലൊരാൾ മുന്നോട്ടുവന്ന് ഒരു ഇരുമ്പുദണ്ഡുകൊണ്ട് ഹദ്റത്ത് ഉഥ്മാന്റെ തലയ്ക്കടിച്ചു. എന്നിട്ട് ഹദ്റത്ത് ഉഥ്മാന്റെ മുമ്പിൽ വീണുകിടന്ന ഖുർആൻ ചവിട്ടിത്തെറിപ്പിച്ചു. ഖുർആൻ ഉരുണ്ടുരുണ്ട് ഹദ്റത്ത് ഉഥ്മാന്റെ മുമ്പിൽ ചെന്നെത്തി. അദ്ദേഹത്തിന്റെ തലയിൽനിന്നുള്ള ചോരത്തുള്ളികൾ അതിൽ വീണു. അവർ ഖുർആനിനെ എന്ത് അവഹേളിക്കാനാണ്. അവരുടെ വിശ്വാസത്തിന്റെ അവസ്ഥ ഈ സംഭവത്തിലൂടെ വളരെ സ്പഷ്ടമായ നിലയിൽ വെളിപ്പെട്ടു. അദ്ദേഹത്തിന്റെ രക്തത്തുള്ളികൾ പതിച്ച ഖുർആനിക വചനത്തിൽ ഒരു ശക്തമായ പ്രവചനമുണ്ടായിരുന്നു. അത് കൃത്യസമയത്ത് പ്രതാപത്തോടെ പുലരുകയും ചെയ്തു. അതു സംഭവിച്ചാൽ ആ രക്തരൂക്ഷിതമായ വാക്കുകളുടെ ബഹിർസ്ഫുരണം കണ്ട മാത്രയിൽ എത്ര കഠോരഹൃദയമുള്ളവനും ഭയത്താൽ കണ്ണടയ്ക്കുന്ന വിധം പ്രൗഢോജ്ജ്വലമായിരുന്നു അത്. ആ ആയത്ത് ഇതായിരുന്നു, **ഫസയക്ഫീക്കഹുമുല്ലാഹു വഹുവ സ്സമീഉൽ അലീം**(2:134) അല്ലാഹു നിശ്ചയമായും നിനക്കുവേണ്ടി അവരോട് പ്രതികാരം ചെയ്യുന്നതാണ്. അവൻ നല്ലവണ്ണം കേൾക്കുന്നവനും അറിയുന്നവനുമാണ്.

അതിനുശേഷം സൂദാൻ എന്നു പേരുള്ള ഒരാൾ മുന്നോട്ടുവന്ന് അദ്ദേഹത്തിന്റെമേൽ വാളുകൊണ്ട് വെട്ടാൻ തുടങ്ങി. ആദ്യത്തെ വെട്ട് അദ്ദേഹം തന്റെ കൈകൊണ്ട് തടയുകയും കൈ ഛേദിക്കപ്പെടുകയും ചെയ്തു. അപ്പോൾ അദ്ദേഹം പറ ഞ്ഞു, ‘അല്ലാഹുവാണ! ഇത് ഏറ്റവുമാദ്യം ഖുർആൻ എഴുതിയ കൈയാണ്.’ അതിനുശേഷം രണ്ടാമതും അയാൾ വെട്ടി അദ്ദേഹത്തെ വധിക്കാൻ നോക്കിയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ നാഇല അവിടെ അദ്ദേഹത്തിനു മുമ്പിൽ വന്നുനിന്നു. എന്നാൽ, ആ ദുർഭഗൻ ഒരു സ്ത്രീയ്ക്കുമേൽ പോലും ആക്രമണം നടത്തുന്നതിൽ നിന്നു വിട്ടുനിന്നില്ല. ആ വെട്ടിൽ അദ്ദേഹത്തിന്റെ ഭാര്യയുടെ വിരലുകൾ അറ്റുവീണു. അയാൾ വീണ്ടും ഹദ്റത്ത് ഉഥ്മാനെ വെട്ടി. സാരമായ പരിക്കേല്പ്പിച്ചു. ഇദ്ദേഹം മരിച്ചിട്ടുണ്ടാവില്ല, രക്ഷപ്പെട്ടേക്കാൻ സാധ്യതയുണ്ടെന്ന് ആ ദുർഭഗൻ കരുതി. ആ സമയത്ത് പരുക്കിന്റെ തീവ്രതയാൽ അദ്ദേഹത്തിന് ബോധക്ഷയമുണ്ടാകുകയും വേദനയുടെ കാഠിന്യത്താൽ അദ്ദേഹം വിറയ്ക്കുകയുമായിരുന്നു. അയാൾ അദ്ദേഹത്തിന്റെ കഴുത്ത് പിടിച്ച് ശ്വാസം മുട്ടിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ പ്രാണൻ ശരീരം വെടിഞ്ഞ് നബി(സ)തിരുമേനിയുടെ ഭക്ഷണസൽക്കാരത്തിന് ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് പരലോകത്തേക്ക് പറന്നുയരുന്നതുവരെ അയാൾ കഴുത്ത് പിടിച്ചു ഞെരിച്ചു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ആ ഭീകരദൃശ്യം കണ്ട് ആദ്യം ഹദ്റത്ത് ഉഥ്മാന്റെ ഭാര്യയ്ക്കു ശബ്ദം പുറത്തുവന്നിരുന്നില്ല. അവസാനം അവർ ഒച്ച വയ്ക്കുകയും വാതിൽക്കലുണ്ടായവർ അകത്തേക്ക് ഓടിയണയുകയും ചെയ്തു. എന്നാൽ, ഇനി സഹായങ്ങൾ വ്യർഥമായിരുന്നു. നടക്കാനുള്ളത് നടന്നു കഴിഞ്ഞിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ) സ്വതന്ത്രനാക്കിയ ഒരടിമ സൂദാന്റെ കൈകളിൽ രക്തംപുരണ്ട വാൾ(ഹദ്റത്ത് ഉഥ്മാനെ വധിച്ച) കണ്ടപ്പോൾ സഹിക്കാനാകാതെ തന്റെ വാൾകൊണ്ട് അയാളുടെ തല വെട്ടിയെടുത്തു. അപ്പോൾ അയാളുടെ കൂട്ടുകാർ അദ്ദേഹത്തേയും വധിച്ചു.

ഇപ്പോൾ ഇസ്‌ലാമിക ഭരണത്തിന്റെ സിംഹാസനം ഖലീഫയില്ലാതെ ശൂന്യമായി. മദീനക്കാർ കൂടുതൽ പരിശ്രമം വ്യർഥമായി മനസ്സിലാക്കുകയും എല്ലാവരും അവരവരുടെ വീടുകളിൽ പോയി ഇരിക്കുകയും ചെയ്തു. അവർ ഹദ്റത്ത് ഉഥ്മാനെ വധിച്ച് വീട്ടിൽ മുട്ടിവിളിച്ച് ബഹളം വെക്കാൻ തുടങ്ങി. ഹദ്റത്ത് ഉഥ്മാന്റെ ഭാര്യ അവിടെ നിന്നു മാറി നില്ക്കാമെന്നു കരുതി തിരികെ പോകുമ്പോൾ അക്കൂട്ടരിൽ ഒരു ദുർഭഗൻ അവരെ കുറിച്ച് കൂട്ടുകാരോട് അങ്ങേയറ്റം വൃത്തികേട് പറഞ്ഞു. ഏതു മതാനുയായി ആയാലും ലജ്ജയുള്ള ഒരുവന് അക്കാര്യം വിശ്വസിക്കുന്നതുപോലും പ്രയാസമാകുമായിരുന്നു. നബി(സ)തിരുമേനിയുടെ ആദ്യകാലത്തെ സ്വഹാബിയും ജാമാതാവും സകല ഇസ്‌ലാമിക രാഷ്ട്രങ്ങളുടെയും ചക്രവർത്തിയും കാലത്തിന്റെ ഖലീഫയുമായ ഒരു മഹാമനുഷ്യനെ വധിച്ചയുടൻതന്നെ ഇത്രയും വൃത്തികെട്ട ചിന്തകളാണ് അവർ പ്രകടിപ്പിച്ചത്. എന്നാൽ, അവർ എത്രത്തോളം ലജ്ജ വെടിഞ്ഞിരുന്നുവെന്നാൽ ഏതുതരത്തിലുള്ള ദുഷ്കൃത്യങ്ങളും കാണിക്കാൻ മടിച്ചിരുന്നില്ല. അവർ ഏതെങ്കിലും സദുദ്ദേശ്യത്തോടെയായിരുന്നില്ല ഇറങ്ങിപ്പുറപ്പെട്ടത്. അവരുടേത് സജ്ജനങ്ങളുടെ സംഘവുമായിരുന്നില്ല. അവരിൽ ചിലർ അബ്ദുല്ലാഹ് ബിൻ സബാ യഹൂദിയുടെ വലയിൽപെട്ടവരും അയാളുടെ അതിവിചിത്ര ഇസ്‌ലാമിക വിരുദ്ധ അധ്യാപനങ്ങളെ പുകഴ്ത്തുന്നവരുമായിരുന്നു. അതിരുവിട്ട സോഷ്യലിസത്തിന്റെയും അതിലുമുപരിയായി ബോൾഷെവിസത്തിന്റെയും വക്താക്കളായിരുന്നു അവർ. ചിലർ ശിക്ഷിക്കപ്പെട്ട അപരാധികളായിരുന്നു. തങ്ങളുടെ ദീർഘകാലത്തെ അമർഷം പുറത്തുകൊണ്ടുവരാൻ കാത്തിരിക്കുന്നവരായിരുന്നു. ചിലർ കൊള്ളക്കാരും പിടിച്ചുപറിക്കാരുമായിരുന്നു. അവർ ആ കലാപത്തിനുശേഷം തങ്ങൾക്ക് നേട്ടമുണ്ടാകുമെന്നു പ്രതീക്ഷിച്ചിരിക്കുന്നവരായിരുന്നു. അതുകൊണ്ട് അവരുടെ നാണംകെട്ട പ്രവർത്തി അമ്പരിപ്പിക്കുന്നതായിരുന്നില്ല. അവർ ഇത്തരം ദുഷ്ചെയ്തികൾ ചെയ്തില്ലെങ്കിലേ അത്ഭുതമുള്ളൂ. അവർ കൊള്ളയടിക്കുമ്പോൾ ഹദ്റത്ത് ഉഥ്മാന്റെ വീട്ടുകാരുടെ നിലവിളികേട്ട് സഹിക്കവയ്യാതെ അവിടെയുണ്ടായിരുന്ന മറ്റൊരു സ്വതന്ത്രനായ അടിമ ആദ്യത്തെ അടിമയെ വധിച്ച ആളെ വെട്ടിക്കൊന്നു. അപ്പോൾ അക്കൂട്ടർ അദ്ദേഹത്തെയും വധിച്ചു. സ്ത്രീകളുടെ ദേഹത്തുനിന്നു ആഭരണങ്ങളും ഊരിയെടുത്തു. അട്ടഹസിച്ചുകൊണ്ട് ആ വീട്ടിൽനിന്നു ഇറങ്ങിപ്പോയി.’(ഇസ്‌ലാം മെ ഇഖ്തിലാഫാത്ത് കാ ആഗാസ്, അൻവാറുൽഉലൂം വാള്യം 4, പേജ് 327–331)

ആ കൊലപാതകികളുടെ ദുർനടപടികളെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഒരിടത്തു വിവരിക്കുന്നു: ‘അവർ ഹദ്റത്ത് ഉഥ്മാനെ വധിക്കുമ്പോൾ അദ്ദേഹം ചോരയിൽ കുതിർന്ന് പിടയ്ക്കുമ്പോൾ ആ കൊലപാതകി അദ്ദേഹത്തിന്റെ ഭാര്യയുടെ ശരീരത്തെ കുറിച്ച് വൃത്തികേട് പറയുകയായിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ ഭാര്യയെ കുറിച്ച് മാത്രമല്ല അതിലും കൂടിയ നിലയിൽ അനാവശ്യം പറഞ്ഞുകൊണ്ട് അവർ ഹദ്റത്ത് ആഇശയെ കുറിച്ച് സംസാരിക്കുകയായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇക്കാര്യങ്ങൾ കേൾക്കുമ്പോൾ ഞാൻ കരുതുന്നത്, എനിക്ക് അല്ലാഹു മഹത്തായ പദവിയാണ് നല്കിയത്. ഞാൻ അതിൽ അഭിമാനിക്കുന്നുമുണ്ട് എന്നത് ശരിതന്നെ. എന്നാൽ, എന്റെ ഹൃദയാഭിലാഷം ഞാൻ ഇപ്പോഴല്ല അക്കാലത്താണ് ഉണ്ടാകേണ്ടിയിരുന്നതെന്നാണ്. ഞാൻ അവരെ തുണ്ടംതുണ്ടമാക്കിയേനെ. അവർ അനാവശ്യത്തിൽ അതിരുകടക്കുകയുണ്ടായി. ഞാൻ പറഞ്ഞതുപോലെ അവർ ഹദ്റത്ത് ആഇശ(റ)യുടെ പർദ്ദ നീക്കി, ആ മഹതിയെ കണ്ടിട്ട് ഇവൾ യുവതിയാണല്ലോ എന്നുവരെ പറഞ്ഞു.’(റിപ്പോർട്ട് മജ്‌ലിസെ മുശാവറത്ത് 1925 ഏപ്രിൽ 11, 12. പേജ് 32–33)

ഹദ്റത്ത് ആഇശ(റ)യെ കുറിച്ച് നിന്ദാവാക്കുകൾ പറയുന്നതിൽ നിന്നു അവർ പിന്മാറിയില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ‘ഹദ്റത്ത് ഉഥ്മാനുമായി ബന്ധപ്പെട്ടു നടന്ന സംഭവങ്ങളിൽ നിന്നു മനസ്സിലാകുന്നത് അദ്ദേഹമൊരിക്കലും ഇവരെ ഭയപ്പെട്ടിരുന്നില്ലെന്നും തനിക്ക് എന്തുപറ്റുമെന്ന് വേവലാതി പെട്ടിരുന്നില്ലെന്നുമാണ്. ചരിത്രത്തിൽനിന്നു തെളിയുന്നത് കലാപകാരികൾ മദീന പിടിച്ചടക്കിയപ്പോൾ നമസ്ക്കാരത്തിനുമുമ്പേ അവർ എല്ലാ മസ്ജിദുകളിലും ചെന്നെത്തുമായിരുന്നു. ഒരുമിച്ചുകൂടി തങ്ങളെ നേരിടാതിരിക്കാൻവേണ്ടി മദീനക്കാരെ പരസ്പരം അകറ്റി നിറുത്തുമായിരുന്നു. എന്നാൽ, ഈ കുത്സിത പ്രവർത്തനങ്ങളും ഫിത്നകളുമുണ്ടായിട്ടും ഹദ്റത്ത് ഉഥ്മാൻ(റ) തനിയെ മസ്ജിദിലേക്ക് നമസ്കരിക്കാൻ വരുമായിരുന്നു. ഒട്ടും ഭയന്നിരുന്നില്ല. ജനങ്ങൾ അദ്ദേഹത്തെ വിലക്കുന്നതുവരെ അദ്ദേഹം തുടർച്ചയായി മസ്ജിദിൽ പോയിരുന്നു. കലഹം ഒരുപാട് രൂക്ഷമായപ്പോഴും ഹദ്റത്ത് ഉഥ്മാന്റെ വീട് കലാപകാരികൾ ആക്രമിച്ചപ്പോഴും സ്വഹാബാക്കളോട് വീട്ടിനു കാവൽ നില്ക്കാൻ പറയുന്നതിനുപകരം അദ്ദേഹം അവരോട് ദൈവത്തെതൊട്ട് സത്യം ചെയ്ത് പറഞ്ഞിരുന്നത്, ‘നിങ്ങൾ എന്നെ രക്ഷിക്കാനായി സ്വന്തം ജീവൻ അപകടത്തിലാക്കരുതെന്നും സ്വന്തം വീടുകളിലേക്ക് മടങ്ങിപ്പോകണം’ എന്നുമായിരുന്നു. ഇതിൽനിന്നു തെളിയുന്നത് ഹദ്റത്ത് ഉഥ്മാന് ശഹാദത്ത് വരിക്കുന്നതിൽ ഭയമുണ്ടായിരുന്നില്ലെന്നാണ്. ഹദ്റത്ത് ഉഥ്മാൻ(റ)ന് ഈ സംഭവങ്ങളെ കുറിച്ച് ലവലേശം ഭയമുണ്ടായിരുന്നില്ലെന്നതിന് ഒരു ശക്തമായ തെളിവ് ഖുത്ബയുടെ തുടക്കത്തിൽ വിവരിച്ച സംഭവമാണ്. ഈ കലഹങ്ങൾ നടക്കുമ്പോൾ ഒരിക്കൽ ഹദ്റത്ത് മുആവിയ ഹജ്ജിനു വന്നു. തിരികെ സിറിയയിലേക്കു പോകുന്നതിനു മുമ്പേ മദീനയിൽവന്ന് ഹദ്റത്ത് ഉഥ്മാൻ(റ)നെ കണ്ടു. എന്നിട്ട് ‘തന്നോടൊപ്പം അങ്ങ് സിറിയയിലേക്കു വരണമെന്നും അവിടെ അങ്ങ് ഈ കുഴപ്പങ്ങളിൽ നിന്നു സുരക്ഷിതനായിരിക്കുമെന്നും’ പറഞ്ഞു. അദ്ദേഹം പറഞ്ഞു, ‘മുആവിയാ! നബി(സ)തിരുമേനിയുടെ സ്മരണകൾ ഉറങ്ങുന്ന ഈ പ്രദേശത്തെക്കാൾ ഞാൻ ഒന്നിനും മുൻഗണന നല്കുന്നതല്ല.’ അപ്പോൾ മുആവിയ(റ)പറഞ്ഞു, ‘ഇക്കാര്യം അങ്ങയ്ക്കു സമ്മതമല്ലെങ്കിൽ അങ്ങയുടെ സംരക്ഷണത്തിന് ഒരു സൈന്യത്തെ ഞാൻ അയച്ചു തരാം.’ ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു, ‘സ്വന്തം സംരക്ഷണത്തിന് ഒരു സൈന്യത്തെവച്ചുകൊണ്ട് മുസ്‌ലിമീങ്ങളുടെ ഭക്ഷണത്തിൽ കുറവുവരുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല.’ ഹദ്റത്ത് മുആവിയ(റ) പറഞ്ഞു:‘അല്ലയോ അമീറുൽ മുഅ്മിനീൻ! ഇക്കൂട്ടർ അങ്ങയെ ചതി പ്രയോഗത്തിൽ വധിച്ചേക്കാം. അല്ലെങ്കിൽ അങ്ങയ്ക്കെതിരെ യുദ്ധം ചെയ്തെന്നും വരാം.’ ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു, ‘എനിക്ക് അതേകുറിച്ച് ആധിയില്ല. എനിക്ക് എന്റെ അല്ലാഹു മതിയായവനാണ്.’ അവസാനം മുആവിയ(റ) പറഞ്ഞു, അങ്ങയ്ക്ക് ഇക്കാര്യങ്ങളൊന്നും സമ്മതമല്ലെങ്കിൽ കുറഞ്ഞത് ഇപ്രകാരം ചെയ്യുക. ചില മുതിർന്ന സ്വഹാബാക്കളെ കുറിച്ച് കലാപകാരികൾ

അഹങ്കരിക്കുന്നു. അവർ കരുതുന്നത് താങ്കൾക്കു ശേഷം അവർ എല്ലാം നോക്കി നടത്തിക്കൊള്ളുമെന്നാണ്. അതുകൊണ്ട് അക്കൂട്ടർ ഓരോ സ്വഹാബാക്കളുടെയും പേരെടുത്തു പറഞ്ഞ് ജനങ്ങളെ വഞ്ചിക്കുകയാണ്. താങ്കൾ അവരെയെല്ലാവരെയും മദീനയിൽ നിന്നു പറഞ്ഞയക്കുക. വ്യത്യസ്ത രാജ്യങ്ങളിലേക്ക് അവരെ വിന്യസിക്കുക. അപ്പോൾ കലാപകാരികളുടെ ആവേശം കെട്ടണയുന്നതാണ്. അങ്ങനെ അങ്ങയെ എതിർത്തിട്ട് എന്തുചെയ്യാനാണെന്ന് അവർ ചിന്തിക്കുന്നതാണ്. കാരണം മദീനയിൽ കാര്യങ്ങൾ നോക്കി നടത്താൻ വേറെയാരും അവശേഷിക്കുകയില്ലല്ലോ?' ഹദ്റത്ത് ഉഥ്മാൻ അക്കാര്യവും അംഗീകരിച്ചില്ല. നബി(സ)തിരുമേനി ഒരുമിച്ചു കൂട്ടിയവരെ എനിക്ക് എങ്ങനെ നാടുകടത്താനാകും എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഹദ്റത്ത് മുആവിയ(റ) ഇത് കേട്ടതും പൊട്ടിക്കരഞ്ഞു. എന്നിട്ട് പറഞ്ഞു, 'അങ്ങ് ഇതൊന്നും ചെയ്യുന്നില്ലെങ്കിൽ കുറഞ്ഞത് എന്റെ ചോരയ്ക്കു മുആവിയ പകരം വീട്ടുമെന്നെങ്കിലും വിളംബരപ്പെടുത്തുക.' അദ്ദേഹം പറഞ്ഞു, 'അല്ലയോ മുആവിയാ! താങ്കൾ ദേഷ്യപ്രകൃതനാണ്. താങ്കൾ മുസ്ലിമീങ്ങൾക്കു മേൽ കാഠിന്യം പ്രവർത്തിച്ചാലോ എന്നു ഞാൻ ഭയക്കുന്നു. അതുകൊണ്ട് എനിക്ക് ഇപ്രകാരം വിളംബരപ്പെടുത്താനുമാകില്ല.' ഹദ്റത്ത് ഉഥ്മാന്റെ ഹൃദയം ദുർബലമാണെന്നു പറയുന്നവരുണ്ടാകും. എന്നാൽ, നിങ്ങൾതന്നെ പറയുക, എത്രപേർക്കു ഇത്തരം ധൈര്യം പ്രകടിപ്പിക്കാനാകും? ഈ സംഭവങ്ങൾ ഉള്ളപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭയപ്പാട് ഉണ്ടായിരുന്നെന്ന് പറയാനാകുമോ? ഭയമുണ്ടായിരുന്നെങ്കിൽ അദ്ദേഹം പറയേണ്ടിയിരുന്നത്, താങ്കൾ ഒരു സൈന്യത്തെ എന്റെ സുരക്ഷയ്ക്കായി അയക്കുക, അവർക്ക് ശമ്പളത്തിനുള്ള സംവിധാനം താൻ ചെയ്യുന്നതാണെന്നായിരുന്നു. അദ്ദേഹത്തിന് ശരിക്കും ഭയമുണ്ടായിരുന്നെങ്കിൽ അദ്ദേഹം ഇങ്ങനെ വിളംബരപ്പെടുത്തിയേനെ, അതായത് ആരെങ്കിലും എനിക്കുനേരെ കൈഉയർത്തിയാൽ കേട്ടുകോൾക! എനിക്കുവേണ്ടി മുആവിയ പകരം വീട്ടുന്നതായിരിക്കും.' എന്നാൽ, അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു, 'അല്ലയോ മുആവിയ! താങ്കൾ കോപപ്രകൃതനാണ്. താങ്കൾക്ക് അതിനുള്ള അധികാരം നല്കിയാൽ താങ്കൾ മുസ്ലിമീങ്ങൾക്കുമേൽ കാഠിന്യം കാണിച്ചേക്കുമെന്നു ഞാൻ ഭയക്കുന്നു.' മാത്രവുമല്ല ശത്രുക്കൾ മതിൽ ചാടി, അദ്ദേഹത്തെ ആക്രമിക്കാൻ വന്നപ്പോൾ അദ്ദേഹം ഭയാശങ്കകളൊന്നും പ്രകടിപ്പിക്കാതെ ഖുർആൻ ഓതിക്കൊണ്ടിരിക്കുകയാണ് ചെയ്തത്. ഹദ്റത്ത് അബൂബക്റിന്റെ മകൻ(അല്ലാഹു അദ്ദേഹത്തോട് കാരുണ്യം കാണിക്കട്ടെ) മുന്നോട്ട് വന്ന് അദ്ദേഹത്തിന്റെ താടിപിടിച്ച് ശക്തമായി കുലുക്കിയപ്പോൾ ഹദ്റത്ത് ഉഥ്മാൻ അവനുനേരെ കണ്ണുയർത്തി പറഞ്ഞു, 'അല്ലയോ സഹോദര പുത്രാ! നിന്റെ പിതാവ് ഇപ്പോഴും ഉണ്ടായിരുന്നെങ്കിൽ നീ ഒരിക്കലും ഇതുചെയ്യില്ലായിരുന്നു.' അതുകേട്ടതും അവന്റെ അടിതൊട്ട് മുടിവരെ വിറയ്ക്കുകയും ലജ്ജിതനായി അവിടെനിന്ന് മടങ്ങി പോവുകയും ചെയ്തു. തുടർന്ന് മറ്റൊരു വ്യക്തി മുന്നോട്ടുവന്ന് ഞാൻ പറഞ്ഞതുപോലെ ഒരു ഇരുമ്പുദണ്ഡുകൊണ്ട് ഹദ്റത്ത് ഉഥ്മാന്റെ തലയ്ക്കു അടിച്ചു. മുന്നിൽ വീണുകിടന്ന ഖുർആനിനെ ചവിട്ടി ദൂരേക്കു മാറ്റി. മറ്റൊരു വ്യക്തി വന്ന് തന്റെ വാളാൽ അദ്ദേഹത്തെ ശഹീദാക്കി. ഈ സംഭവങ്ങൾ വായിക്കുമ്പോൾ ആർക്കാണ് ഹദ്റത്ത് ഉഥ്മാൻ(റ) ഇക്കാര്യങ്ങളെ ഭയന്നിരുന്നെന്നു പറയാനാകുക.'(ഖിലാഫത്തെ റാശിദ, അൻവാറുൽഉലൂം വാല്യം 15, പേജ് 536–537)

ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു:'ഹദ്റത്ത് നൂഹ്, ഹദ്റത്ത് ഇബ്റാഹീം, ഹദ്റത്ത് ദാവൂദ്, ഹദ്റത്ത് സുലയ്മാൻ തുടങ്ങി മറ്റ് പ്രവാചകന്മാരെപോലെ തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം നിയുക്തനായത്. മുൻപ്രവാചകന്മാർക്കുശേഷം ഖിലാഫത്ത് പരമ്പര തുടങ്ങി. നമ്മൾ ബുദ്ധിപൂർവം നോക്കുകയും യാഥാർഥ്യം മനസ്സിലാക്കാൻ ശ്രമിക്കുകയുമാണെങ്കിൽ ഖിലാഫത്ത് ഒരു മഹത്തായ പ്രസ്ഥാനമാണെന്ന് മനസ്സിലാകുന്നതാണ്. എനിക്ക് പറയാനുള്ളത് ഇതിന്റെ സ്ഥാപനത്തിനായി പതിനായിരം തലമുറകൾ ത്യജിച്ചാലും അവയ്ക്കൊന്നും ഇതിനു മുമ്പിൽ ഒരു വിലയുമുണ്ടാകില്ല. എനിക്ക് മറ്റുള്ളവരെ കുറിച്ചൊന്നും അറിയില്ലെങ്കിലും നബി(സ)തിരുമേനിയുടെ കാലത്തെ ചരിത്രം വായിച്ചശേഷം ഞാൻ ഹദ്റത്ത് ഉഥ്മാനുമേലുണ്ടായ പീഡനങ്ങളെ കുറിച്ച് ചിന്തിക്കുമ്പോൾ അതോടൊപ്പം മറ്റൊരു വശത്ത് നബി(സ)തിരുമേനി ആഗതനായപ്പോൾ അദ്ദേഹത്തിൽ ഉടലെടുത്ത പ്രകാശവും ആത്മീയതയും വിലയിരുത്തുമ്പോൾ ഞാൻ പറയുന്നു, എനിക്ക് ഉണ്ടാകാനിരിക്കുന്ന പതിനായിരം പരമ്പരകളെയെല്ലാം ഒരുമിച്ചുകൂട്ടി ആ ഫിത്നയില്ലാതാക്കാനായി ത്യജിച്ചാലും അതെല്ലാം പേൻ കൊടുത്ത് ആന വാങ്ങുന്നതിനു സമമാണെന്നേ ഞാൻ കരുതുകയുള്ളൂ. അതായത് പേൻ എന്ന വളരെ നിസ്സാരമായ ജീവിയെ കൊടുത്തിട്ട് അതിനുപകരമായി ആനയെ വാങ്ങുന്ന കച്ചവടത്തിനു തുല്ല്യമാണത്. അതിലും തുച്ഛമായ കച്ചവടമാണ്. സത്യത്തിൽ നമുക്ക് ഏതു വസ്തുവിന്റെയും വില പിന്നീടാണ് മനസ്സിലാകുക.'(നുബുവ്വത്ത് ഔർ ഖിലാഫത്ത് അപ്നെ വഖ്ത്ത് ളുഹൂർ പദീർ ഹോ ജാത്തി ഹെ, അൻവാറുൽഉലൂം വാല്യം 18, പേജ് 246)

പിന്നീടാണ് ശരിയായ വില എന്താണെന്ന് മനസ്സിലാകുന്നത്. ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തിനു ശേഷമാണ് ഖിലാഫത്തിന്റെ പ്രാധാന്യമെന്താണെന്നു മനസ്സിലാകുന്നത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'ഹദ്റത്ത് ഉമറിനുശേഷം എല്ലാ സ്വഹാബാക്കളുടേയും(റളിയല്ലാഹു അൻഹും) കണ്ണുകൾ ഖിലാഫത്ത് സ്ഥാനത്തിൽ അവരോധിതനാകുന്നതിന് ഹദ്റത്ത് ഉഥ്മാനിലേക്ക് തിരിഞ്ഞു. മുതിർന്ന സ്വഹാബാക്കളുടെ അഭിപ്രായത്താൽ അദ്ദേഹം ഇതിന് തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം നബി(സ)തിരുമേനിയുടെ ജാമാതാവായിരുന്നു. ഒന്നിനുശേഷം മറ്റൊന്നായി നബി(സ)തിരുമേനിയുടെ രണ്ട് പെൺമക്കളെ അദ്ദേഹം വിവാഹം ചെയ്തു. നബി(സ)തിരുമേനിയുടെ രണ്ടാമത്തെ മകളും മരണപ്പെട്ടപ്പോൾ അവിടന്ന് പറഞ്ഞു, 'എനിക്ക് വേറെയും മകളുണ്ടായിരുന്നെങ്കിൽ ഞാൻ അവളെയും ഹദ്റത്ത് ഉഥ്മാന് വിവാഹം ചെയ്തു കൊടുത്തേനെ.' നബി(സ)തിരുമേനിയുടെ ദൃഷ്ടിയിൽ അദ്ദേഹത്തിന് സവിശേഷ സ്ഥാനമാഹാത്മ്യങ്ങൾ ഉണ്ടായിരുന്നെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അദ്ദേഹം മക്കക്കാരുടെ ദൃഷ്ടിയിലും വളരെ സവിശേഷമുള്ളയാളായിരുന്നു. അപ്പോൾ അറബ് രാജ്യത്തിന്റെ സ്ഥിതികളനുസരിച്ച് അദ്ദേഹം ധനാഢ്യനായിരുന്നു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ഇസ്ലാം സ്വീകരിച്ചശേഷം ഇസ്ലാമിനുവേണ്ടി തബ്ലീഗ് ചെയ്യാൻ തിരഞ്ഞെടുത്ത പ്രത്യേക വ്യക്തികളിൽ ഹദ്റത്ത് ഉഥ്മാനുമുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്ർ അദ്ദേഹത്തെ കുറിച്ച് ധരിച്ചിരുന്നത് തെറ്റിയില്ല. കുറച്ചുനാൾ തബ്ലീഗ് ചെയ്തപ്പോഴേക്കും ഹദ്റത്ത് ഉഥ്മാൻ ഇസ്ലാം സ്വീകരിച്ചു. അപ്രകാരം അസ്സാബിഖൂനൽ അവ്വലൂൻ അഥവാ ഇസ്ലാമിൽ പ്രവേശിച്ച പ്രഥമഗണത്തിൽ അദ്ദേഹവും ഉൾപ്പെട്ടു. അവരെ കുറിച്ച് വിശുദ്ധ ഖുർആനിൽ അസൂയാവഹമായ നിലയിൽ പ്രതിപാദനമുണ്ട്. അറേബ്യയിൽ അദ്ദേഹത്തിന് എത്രത്തോളം ബഹുമാനാദരങ്ങൾ ലഭിച്ചിരുന്നുവെന്ന് ഈ സംഭവത്തിൽനിന്നു മനസ്സിലാക്കാം. നബി(സ)തിരുമേനി ഒരു സ്വപ്നദർശനത്തിന്റെ അടിസ്ഥാനത്തിൽ മക്കയിൽ വരികയുണ്ടായി. എന്നാൽ, മക്കക്കാർ ശത്രുതയാൽ അന്ധരായിക്കൊണ്ട് അദ്ദേഹത്തിന് ഉംറ ചെയ്യാനുള്ള അനുമതി നല്കിയില്ല. മക്കക്കാരോട് ഇക്കാര്യത്തെ കുറിച്ച് സംസാരിക്കാനായി ഏതെങ്കിലും സവിശേഷവാനും വിശ്വസ്തനുമായ ആളെ അയക്കാമെന്ന് നബി(സ)തിരുമേനി നിർദ്ദേശിച്ചു. ഹദ്റത്ത് ഉമറിനെ ഇക്കാര്യത്തിനായി തിരഞ്ഞെടുക്കുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ! ഞാൻ പോകാൻ തയ്യാറാണ്. എന്നാൽ, മക്കക്കാരോട് ഇക്കാര്യത്തിൽ സംസാരിക്കാൻ യോഗ്യനായ വ്യക്തി ഹദ്റത്ത് ഉഥ്മാനാണ്. കാരണം ജനങ്ങളുടെ കണ്ണിൽ അദ്ദേഹത്തിന് പ്രത്യേകമായ ബഹുമാനമുണ്ട്. ഹദ്റത്ത് ഉഥ്മാനല്ലാതെമറ്റൊരാളെ അയച്ചാൽ ഇക്കാര്യത്തിൽ വിജയസാധ്യത ഇല്ല.' അദ്ദേഹം പറഞ്ഞത് ശരിയാണെന്ന് നബി(സ)തിരുമേനിയ്ക്കും തോന്നി. അങ്ങനെ ഹദ്റത്ത് ഉഥ്മാനെത്തന്നെ അക്കാര്യത്തിന് അയച്ചു. ഈ സംഭവം വിളിച്ചോതുന്നത് ഹദ്റത്ത് ഉഥ്മാനെ(റ)സത്യനിഷേധികളും പ്രത്യേകം ആദരവോടെ നോക്കാറുണ്ടായിരന്നുവെന്നാണ്.

നബി(സ)തിരുമേനി അദ്ദേഹത്തെ വളരെയധികം ബഹുമാനിച്ചിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി ഉറങ്ങുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ)വന്നു. അപ്പോഴും നബി(സ)കിടക്കുന്നതു തുടർന്നു. പിന്നീട് ഉമർ(റ)വന്നു. അപ്പോഴും നബി(സ)തിരുമേനി കിടക്കുക തന്നെ ചെയ്തു. തുടർന്ന് ഹദ്റത്ത് ഉഥ്മാൻ(റ)വന്നു. അപ്പോൾ പെട്ടെന്നുതന്നെ നബി(സ)തിരുമേനി തന്റെ വസ്ത്രം ഒരുമിച്ചുകൂട്ടി ശരിയാക്കി. എന്നിട്ടു പറഞ്ഞു, 'ഹദ്റത്ത് ഉഥ്മാൻ വളരെ ലജ്ജയുള്ള പ്രകൃതക്കാരനാണ്. അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തെ മാനിച്ചുകൊണ്ട് ഇങ്ങനെ ചെയ്യുന്നത്.' ഇസ്ലാം സ്വീകരിക്കുന്നതിനുമുമ്പേയും മദ്യം തൊടാത്ത വളരെ ചുരുക്കം പേരിൽ ഒരാൾ ഹദ്റത്ത് ഉഥ്മാനുമായിരുന്നു. അദ്ദേഹം വ്യഭിചാരത്തിന്റെ അടുത്തുപോലും പോയിരുന്നില്ല. അറേബ്യയിൽ മദ്യപാനം അന്തസ്സും വ്യഭിചാരം ദിനചര്യയുമായി കണക്കാക്കിയിരുന്നു. ഇപ്പറഞ്ഞ സവിശേഷതകൾ ഇസ്ലാമിന്റെ ആഗമനത്തിനുമുമ്പേ വളരെ ചുരുക്കം പേരിൽ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ചുരുക്കത്തിൽ അദ്ദേഹം ഒരു സാധാരണ വ്യക്തിയായിരുന്നില്ല. അദ്ദേഹത്തിന്റെ സ്വഭാവങ്ങൾ ഉൽകൃഷ്ടമായിരുന്നു. ഭൗതിക ഐശ്വര്യങ്ങളുടെ കാര്യത്തിലും അദ്ദേഹം സവിശേഷസ്ഥാനീയനായിരുന്നു. ഇസ്ലാമിലും ആദ്യഗണത്തിലുള്ള വ്യക്തിയായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിൽ അങ്ങേയറ്റം സന്തോഷവാനായിരുന്നു. ഹദ്റത്ത് ഉമർ അദ്ദേഹത്തെ നബി(സ)തിരുമേനിയുടെ വഫാത്തുവരെ തിരുനബിയുടെ അതിയായ പ്രസന്നതയ്ക്കു പാത്രീഭൂതരായ ആറുപേരിൽ ഉൾപ്പെടുത്തിയിരുന്നു. അദ്ദേഹം അശ്റമുബശറയിലുമുള്ള വ്യക്തിയായിരുന്നു. അതായത് നബി(സ)തിരുമേനി സ്വർഗവാകാശികളായി ഈ ലോകത്തുതന്നെ പ്രഖ്യാപിച്ച പത്തുപേരിൽ ഒരാൾ ഹദ്റത്ത് ഉഥ്മാനാണ്.'(ഇസ്ലാം മെ ഇഖ്തിലാഫാത്ത് കാ ആഗാസ്, അൻവാറുൽഉലൂം വാല്യം 4, പേജ് 251–253)

ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തിന്റെ ദിവസത്തെ കുറിച്ച് പറയപ്പെടുന്നത്, അദ്ദേഹം ഹിജ്റ വർഷം 35 ന് ദുൽഹജ്ജ് പതിനാറിനോ, പതിനെട്ടിനോ ഒരു വെള്ളിയാഴ്ച്ച ശഹീദാക്കപ്പെട്ടു എന്നാണ്. അബൂ ഉഥ്മാൻ നഹ്ദിയുടെ അഭിപ്രായത്തിൽ ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്ത് അയ്യാമുത്തശ്രീഖിന്റെ മധ്യത്തിൽ അതായത് ദുൽഹജ്ജ് പന്ത്രണ്ടിനാണ് നടന്നത്. ഇബ്നു ഇസ്ഹാഖ് പറഞ്ഞതനുസരിച്ച് ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്ത് സംഭവം ഹദ്റത്ത് ഉമറിന്റെ ശഹാദത്ത് സംഭവത്തിന് പതിനൊന്നു വർഷവും പതിനൊന്നു മാസവും ഇരുപത്തിയൊന്നു ദിവസത്തിനുശേഷവുമാണുണ്ടായത്. നബി(സ)തിരുമേനിയുടെ വഫാത്തിന് ഇരുപത്തഞ്ച് വർഷത്തിനുശേഷമാണുണ്ടായത്.(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്വഹാബ് ഭാഗം 3, പേജ് 159, ഉഥ്മാൻ

ബിൻ അഫ്ഫാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)

മറ്റൊരു നിവേദനത്തിൽ അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ഉഥ്മാൻ വിവരിക്കുന്നു, ഹദ്റത്ത് ഉഥ്മാൻ 82-ാം വയസ്സിൽ ദുൽഹജ്ജ് 18, ഹിജ്റ 36ന് വെള്ളിയാഴ്ച്ച അസ്റിനുശേഷമാണ് ശഹാദത്ത് വരിച്ചത്. അദ്ദേഹം ശഹാദത്ത് ദിവസം നോമ്പെടുത്തിരുന്നു. അബൂ മഅ്ശറിന്റെ പക്കൽ ശഹാദത്ത് സംഭവിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രായം 75 വയസ്സായിരുന്നു.(അത്ത്വബഖാത്തുൽകുബ്റ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 43, ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 1996)

ഹദ്റത്ത് ഉഥ്മാന്റെ ഖബ്റടക്കത്തെ കുറിച്ച് വിവരിക്കുന്നു. നിയാസ് ബിൻ മുകർറം പറയുന്നു: ശനിയാഴ്ച്ച രാത്രി മഗ്രിബ്-ഇശായുടെ ഇടയിൽ ഹദ്റത്ത് ഉഥ്മാന്റെ മയ്യിത്തിനെ ഞങ്ങൾ നാലു പേർ ചേർന്ന് ചുമലിലേറ്റി, അതായത് ഞാനും ജുബയ്ർ ബിൻ മുത്യിമും ഹക്കീം ബിൻ ഹിസാമും അബുജുഹം ബിൻ ഹുദയ്ഫയും. ഹദ്റത്ത് ജുബയ്ർ ബിൻ മുത്യിം അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. മുആവിയ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ നാലുപേരുമാണ് അദ്ദേഹത്തിന്റെ ഖബ്റിൽ ഇറങ്ങിയത്. ഒരു നിവേദനപ്രകാരം ഹദ്റത്ത് ജുബയ്ർ ബിൻ മുത്യിം പതിനാറുപേരോടൊപ്പം ഹദ്റത്ത് ഉഥ്മാന്റെ ജനാസ നമസ്കരിപ്പിച്ചു. ആദ്യ നിവേദനമാണ് കൂടുതൽ ശരിയെന്ന് അല്ലാമ ഇബ്നു സഅ്ദിന്റെ ഖൗലുണ്ട്; അതായത് നാലുപേരെ കുറിച്ച് പറഞ്ഞിരിക്കുന്നത്.(അത്ത്വബഖാത്തുൽകുബ്റ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 43, ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 1996)

അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ഉഥ്മാൻ വിവരിക്കുന്നു: ഹദ്റത്ത് ഉഥ്മാനെ ശനിയാഴ്ച്ച മഗ്രിബിനും ഇശായ്ക്കുമിടയിൽ 'ഹശ്ശ്കൗകബിൽ' ഖബ്റടക്കി. റബീഅ് ബിൻ മാലിക്ക് തന്റെ പിതാവിൽ നിന്നു നിവേദനം. അദ്ദേഹം പറഞ്ഞു:തങ്ങളുടെ പരേതാത്മക്കളെ ഹശ്ശ് കൗക്കബിൽ മറവാടുകയെന്നത് ജനങ്ങളുടെ വലിയ ആഗ്രഹമായിരുന്നു. ചെറിയ തോട്ടത്തിനാണ് ഹശ്ശ് എന്ന് പറയുന്നത്, കൗകബ് എന്നത് ഒരു അൻസ്വാരിയുടെ പേരാണ്. അയാളുടെ തോട്ടമായിരുന്നു അത്. ജന്നത്തുൽ ബഖീയിന് വളരെ അടുത്ത ഒരു സ്ഥലമായിരുന്നു അത്. 'അടുത്തുതന്നെ ഒരു സുകൃതവാൻ മരണപ്പെടുകയും അദ്ദേഹം ഇവിടെ അതായത് ഹശ്ശ് കൗകബിൽ മറവാടപ്പെടുകയും ചെയ്യുമെന്ന്' ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ) പറയുമായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ പിന്തുടരുന്നതാണ്. മാലിക്ക് ബിൻ അബൂ ആമിർ നിവേദനം. അദ്ദേഹം പറയുന്നു:അവിടെ ഏറ്റവുമാദ്യം മറവാടപ്പെട്ട വ്യക്തി ഹദ്റത്ത് ഉഥ്മാനാണ്.' (അത്ത്വബഖാത്തുൽകുബ്റ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 42-43, ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 1996)(അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, വാള്യം 5, പേജ് 468, കൗകബ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് ലബ്നാൻ 2005)

ഹദ്റത്ത് ഉഥ്മാന്റെ ഖബ്റടക്കലിനെ സംബന്ധിച്ച് ഇപ്രകാരം ഒരു നിവേദനം ലഭിക്കുന്നു. കുഴപ്പക്കാരും കലാപകാരികളും മൂന്നു ദിവസം വരെ അദ്ദേഹത്തിന്റെ ജനാസയെടുക്കാൻ അനുവദിച്ചില്ല. താരീഖ് ത്വബരിയിൽ വന്നിരിക്കുന്നു, അബൂബശീർ ആബിദിയിൽ നിന്നു നിവേദനം. അദ്ദേഹം പറയുന്നു: ഹദ്റത്ത് ഉഥ്മാന്റെ മയ്യിത്ത് മൂന്നുദിവസംവരെ കഫൻ പൊതിയാതെയും ഖബ്റടക്കാതെയും കിടന്നു. അദ്ദേഹത്തെ ഖബ്റടക്കാൻ കലാപകാരികൾ അനുവദിച്ചിരുന്നില്ല. തുടർന്ന് ഹദ്റത്ത് ഹക്കീം ബിൻ ഹിസാമും ഹദ്റത്ത് ജുബയ്ർ ബിൻ മുത്യിമും ഹദ്റത്ത് അലിയോട് ഹദ്റത്ത് ഉഥ്മാനെ ഖബ്റടക്കുന്നതു സംബന്ധിച്ച് സംസാരിച്ചു. ഹദ്റത്ത് ഉഥ്മാന്റെ കുടുംബത്തോട് അദ്ദേഹത്തെ ഖബ്റടക്കാൻ അനുവാദം തേടാൻ അപേക്ഷിച്ചു. ഹദ്റത്ത് അലി അപ്രകാരം ചെയ്തു. അവർ ഹദ്റത്ത് അലിക്ക് അനുമതി നല്കി. കലാപകാരികൾ ഇക്കാര്യം അറിഞ്ഞപ്പോൾ കല്ലുകളുമായി വഴിയിൽ കാത്തിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ ജനാസയോടൊപ്പം അദ്ദേഹത്തിന്റെ കുടുംബത്തിലെ ചിലരും പുറപ്പെട്ടു. അവർ മദീനയിലെ ഹശ്ശ് കൗകബ് എന്ന ഭാഗത്തേക്കാണ് പോകാനുദ്ദേശിച്ചത്. ജൂതന്മാർ അവിടെ മൃതദേഹങ്ങൾ മറവാടുമായിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ ജനാസ പുറത്തുവന്നപ്പോൾ അക്കൂട്ടർ അദ്ദേഹത്തെ കിടത്തിയ മയ്യിത്തുകട്ടിലിൽ കല്ലെറിഞ്ഞ് അദ്ദേഹത്തെ വീഴ്ത്താൻ ശ്രമിച്ചു. ഇക്കാര്യം ഹദ്റത്ത് അലി അറിയാനിടയായപ്പോൾ അദ്ദേഹം അവരോട് അതിൽ നിന്നു വിട്ടു നില്ക്കണമെന്ന് സന്ദേശമയച്ചു. അപ്പോൾ അവർ മടങ്ങി. അങ്ങനെ ജനാസ പുറപ്പെടുകയും ഹദ്റത്ത് ഉഥ്മാനെ ഹശ്ശ് കൗകബിൽ ഖബ്റടക്കുകയും ചെയ്തു. അമീർ മുആവിയക്ക് വിജയം ലഭിച്ചപ്പോൾ അദ്ദേഹം ആ ഭാഗത്തുള്ള ചുറ്റുമതിൽ പൊളിച്ച് ജന്നത്തുൽ ബഖീയുമായി അതിനെ ലയിപ്പിക്കാൻ കല്പന നല്കി. അദ്ദേഹം ജനങ്ങളോട് തങ്ങളുടെ പരേതാത്മാക്കളെ ഹദ്റത്ത് ഉഥ്മാന്റെ ഖബറിനടുത്തായി ഖബ്റടക്കാനും അങ്ങനെ ആ ഭാഗം മുസ്ലിമീങ്ങളുടെ ഖബറുകളോട് ചേർക്കാനും കല്പന നല്കി. ചില ചരിത്ര ഗ്രന്ഥങ്ങളിൽ ഇപ്രകാരവും വന്നിരിക്കുന്നു. ഈ സ്ഥലം ഹദ്റത്ത് ഉഥ്മാൻതന്നെ വിലയ്ക്കു വാങ്ങി ജന്നത്തുൽ ബഖീയുമായി ചേർത്തതാണ്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 3, പേജ് 586, ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2003)

എന്തായാലും ഇനിയും കുറച്ചുകാര്യങ്ങൾ വിവരിക്കാനുണ്ട്, അല്പം ബാക്കി വന്നത് ഇൻശാ അല്ലാഹ് പിന്നീട് കേൾപ്പിക്കുന്നതായിരിക്കും.

ഇന്ന് ചില ജനാസകളും നമസ്ക്കരിപ്പിക്കാനുണ്ട്. പരേതാത്മാക്കളെ കുറിച്ച് അനുസ്മരിക്കുന്നതുമാണ്. ആദ്യത്തെ ജനാസ ഐവറികോസ്റ്റിലെ മുബല്ലിഗ് സിൽസില മൗലവി മുഹമ്മദ് ഇദ്രീസ് തേറു സാഹിബിന്റേതാണ്. ഒരു ഹ്രസ്വകാലം രോഗാവസ്ഥയ്ക്കുശേഷം അദ്ദേഹം ഫെബ്രുവരി 27നും 28 നും ഇടയ്ക്കുള്ള രാത്രി വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ഐവറി കോസ്റ്റ് പൗരനായിരുന്നു. പ്രാഥമിക വിദ്യഭ്യാസം കഴിഞ്ഞ് ഇദ്ദേഹം ബുർക്കിനാ ഫാസോയിലേക്കു പോയി. ഭൗതിക വിദ്യഭ്യാസത്തോടൊപ്പം അറബിഭാഷയിൽ പ്രാവീണ്യവും നേടി. അറുപതുകളിൽ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. 1983ൽ അദ്ദേഹം സ്വന്തം ഇഷ്ടപ്രകാരം പാകിസ്താനിൽ പോയി, ജാമിഅ അഹ്മദിയ്യാ റബ്വയിൽ വിദ്യഭ്യാസം നേടുകയുണ്ടായി. തുടർന്ന് ഐവറി കോസ്റ്റിൽ സേവനമനുഷ്ഠിച്ചു. മർഹൂം മൂസ്വിയായിരുന്നു. അദ്ദേഹം പാകിസ്താനിൽ പോയ സംഭവം വിവരിച്ചിട്ടുണ്ട്. അത് ഹൃദയവർജകമാണ്. അദ്ദേഹത്തിന്റെ കൈയിലുള്ളതെല്ലാം വിറ്റുപെറുക്കി അദ്ദേഹം ഫ്ളൈറ്റ് ടിക്കറ്റെടുത്തു. പാകിസ്താനിലോ, ഐവറികോസ്റ്റിലോ അദ്ദേഹം ജമാഅത്തിന് തന്റെ യാത്രയെ കുറിച്ച് വിവരം നല്കിയില്ല. അവിടെ എത്തി എയർപ്പോർട്ടിൽ നിന്നു പുറത്തിറങ്ങിയപ്പോൾ അദ്ദേഹം വളരെ പരിഭ്രമത്തിലായിരുന്നു. അവിടെ ഒരാൾ നില്പുണ്ട്. അയാൾ അദ്ദേഹത്തിന്റെ അടുത്തേക്ക് വന്നു. എന്നിട്ട് എവിടെ നിന്നാണ് വന്നിട്ടുള്ളത്?എവിടേക്കാണ് പോകേണ്ടത് എന്നൊക്കെ ചോദിച്ചു. ഇംഗ്ലീഷും ഉർദുവും അദ്ദേഹത്തിനറിയുമായിരുന്നില്ല. അറബിയിൽ എന്തൊക്കെയോ പറഞ്ഞ് ഒപ്പിച്ചു. എന്തായാലും ആ വ്യക്തി അദ്ദേഹത്തേയും കൂട്ടി അഹ്മദിയ്യാ ഹാളിൽ വന്നു. പിന്നീട് ആ വ്യക്തി പറഞ്ഞു, എന്റെ ഭാര്യ ഒരു വിദേശിയായ അതിഥി വന്നതായും ഞാൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വരുന്നതായും സ്വപ്നത്തിൽ കണ്ടിരുന്നു. അതുകൊണ്ടാണ് ഞാൻ എയർപ്പോട്ടിൽ വന്നത്, അവിടെ വിദേശിയായി താങ്കൾ മാത്രമാണ് വന്നിറങ്ങിയത്. വളരെ പരിഭ്രമിച്ച് പുറത്തു നില്ക്കുന്നതു കണ്ടു. അപ്പോൾ എന്റെ ഭാര്യ സ്വപ്നത്തിൽ കണ്ട അതിഥി ഇതുതന്നെയാണെന്ന് ഞാൻ കരുതി. അങ്ങനെ അല്ലാഹു അദ്ദേഹത്തിനുവേണ്ടി സംവിധാനമൊരുക്കി. അദ്ദേഹം ഈ സംഭവം എല്ലാവരെയും കേൾപ്പിക്കുമായിരുന്നു. എന്നിട്ട് പറയുമായിരുന്നു, ഞാൻ ആ യാത്രയിലുടനീളം ദുആ ചെയ്തുകൊണ്ടിരുന്നു. അങ്ങനെ ദുആയുടെ അത്ഭുതദൃഷ്ടാന്തമായാണ് അത് സംഭവിച്ചത്. അല്ലാഹു എനിക്കുവേണ്ടി സംവിധാനമൊരുക്കി. കറാച്ചിയിലുള്ള ഒരഹ്മദിയുടെ ഭാര്യക്ക് തലേന്ന് രാത്രി സ്വപ്നത്തിൽ താൻ വരുന്നതായി കാണിച്ചു. അങ്ങനെ അദ്ദേഹം അഹ്മദിയ്യാ ഹാളിൽ എത്തിയശേഷം പിന്നീട് റബ്വയിലെത്തി. അദ്ദേഹം വളരെ സൽപ്രകൃതനും വളരെയധികം ദുആ ചെയ്യുന്ന വ്യക്തിയുമായിരുന്നു.

ഖയ്യൂം പാശാ സാഹിബ് മിഷണറി ഇൻചാർജ് ഐവറിക്കോസ്റ്റ് പറയുന്നു, ബുർക്കിനാ ഫാസോയിലും ഞങ്ങൾ മൂന്നുവർഷം ഒരുമിച്ച് സേവനമനുഷ്ഠിച്ചു. പിന്നെ ഐവറിക്കോസ്റ്റിലും ഒരുമിച്ച് ജോലി ചെയ്യാനുള്ള അവസരം ലഭിച്ചു. ജമാഅത്തിനോടും മസീഹ് മൗഊദിനോടും വളരെയധികം സ്നേഹമുള്ള വ്യക്തിയും ത്യാഗസന്നദ്ധനുമായിരുന്നു. ആരാധനകളിൽ മുഴുകുന്ന വ്യക്തിയായിരുന്നു. ദാനശീലനായിരുന്നു. ജനങ്ങൾക്ക് ഒരുപാട് സഹായങ്ങൾ ചെയ്തിരുന്നു. കുട്ടികളെ സ്വന്തം വീട്ടിൽ താമസിപ്പിച്ച് അവരുടെ വിദ്യാഭ്യാസകാര്യങ്ങളും മറ്റുചെലവുകളും നടത്തിയിരുന്നു. ദീനിന്റെ പ്രചാരണത്തിന് എപ്പോഴും മുൻപന്തിയിലായിരുന്നു. അതിഥി സൽക്കാരം അദ്ദേഹത്തിന്റെ വലിയ സവിശേഷതയായിരുന്നു. അത് പ്രശസ്തവുമായിരുന്നു. തബ്ലീഗ് ചെയ്യുന്ന രീതിയും വളരെ ഉത്തമമായിരുന്നു. നല്ല അറിവുമുണ്ടായിരുന്നു. ജനങ്ങൾക്ക് അദ്ദേഹത്തിന്റെ അവതരണശൈലി ഇഷ്ടവുമായിരുന്നു. തബ്ലീഗിനായി അദ്ദേഹം ഇരിക്കുമ്പോൾ ആളുകൾ അദ്ദേഹത്തിനു ചുറ്റും കൂടുമായിരുന്നു. തഹജ്ജുദ് നിത്യശീലമായിരുന്നു. സത്യമായ സ്വപ്നങ്ങൾ, ദർശനങ്ങൾ ലഭിക്കന്ന വ്യക്തിയായിരുന്നു. നിസ്വാർഥനായിരുന്നു. സിദ്ദീഖ് ജയാലൂ സാഹിബ് മുഅല്ലിം ഐവറികേസ്റ്റ് പറയുന്നു: മൗലവി ഇദ്രീസ് തേറൂ സാഹിബ് ജമാഅത്തിന്റെയും ഖിലാഫത്തിന്റെയും ഉന്മാദിയായിരുന്നു. എപ്പോഴും ജമാഅത്തിനുവേണ്ടി ത്യാഗം ചെയ്യാൻ തയ്യാറായിരുന്നു. പറയുന്നു, ഐവറിക്കോസ്റ്റിൽ അദ്ദേഹത്തെക്കാൾ അധികം ജമാഅത്തിനെ സ്നേഹിക്കുന്ന ഒരാളെയും ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തോട് താങ്കളുടെ നാഷണാലിറ്റി ഏതാണ് എന്നു ചോദിച്ചാൽ പറയുമായിരുന്നു, ഞാൻ ആഫ്രിക്കനുമല്ല, യൂറോപ്യനുമല്ല. എനിക്ക് വോറൊരു നാഷണാലിറ്റിയുമില്ല. എന്റെ ഐഡന്റിറ്റി അഹ്മദിയ്യത്താണ്. ഐവറിക്കോസ്റ്റിലെ ആദ്യകാല അഹ്മദിയായിരുന്നു. മുബല്ലിഗ് ഐവറിക്കോസ്റ്റായ ബാസിത് സാഹിബ് എഴുതുന്നു, എപ്പോഴും ഖിലാഫത്തുമായി ബന്ധം വച്ചുപുലർത്താൻ ഉപദേശിക്കുമായിരുന്നു. തനിക്ക് ലഭിച്ച അനുഗ്രഹങ്ങളെല്ലാം ഖിലാഫത്ത് നിമിത്തമാണെന്നു പറയുമായിരുന്നു. അറിവിന്റെ അടിസ്ഥാനത്തിലും ഉന്നതനിലവാരമുള്ള വ്യക്തി ആയിരുന്നു. ജുലാ(Jula)അദ്ദേഹത്തിന്റെ മാതൃഭാഷയായിരുന്നു. അതുകൂടാതെ, ഫ്രഞ്ച്, അറബി, ഉർദു എന്നിവയിലും നല്ല പ്രാവീണ്യമുണ്ടായിരുന്നു. ഗദ്യവിജ്ഞാനിയത്തിൽ പ്രാഗത്ഭ്യമുള്ള വ്യക്തിയും സംവാദകനുമായിരുന്നു. വഹ്ഹാബി പണ്ഡിതന്മാരുമായി സംവാദങ്ങൾ നടത്തിയിരുന്നു. സാൻ പേദ്റോ(San Pedro)വിലുണ്ടായ ഭായി അബ്ദുല്ലാഹ് സാഹിബ് ഒരു സംഭവം വിവരിക്കുന്നു, അദ്ദേഹം വഹ്ഹാബികളുടെ മസ്ജിദിലെത്തി. ഖുർആനിൽനിന്നു

മാത്രമെ തെളിവുകൾ ഉന്നയിക്കാവൂ എന്ന നിബന്ധനയുണ്ടായി. രാവിലെ എട്ട് മണി മുതൽ വൈകീട്ട് ആറ് മണി വരെ തുടർച്ചയായി സംവാദം നടന്നു. നമസ്ക്കാരത്തിനു മാത്രമായിരുന്നു ഇടവേള ഉണ്ടായിരുന്നത്. ആ സന്ദർഭത്തിൽ എതിർ പക്ഷത്തെ മൗലവിക്ക് ഇദ്ദേഹം നല്കിയ വാദങ്ങളെ ഖണ്ഡിക്കാനേ സാധിച്ചില്ല. അയാൾ തന്റെ പരാജയം സമ്മതിക്കുകയും അഹ്മദിയ്യത്തിന് ആ സംവാദത്തിൽ വിജയം ലഭിക്കുകയും ചെയ്തു.' തുടർന്നെഴുതുന്നു: 'അദ്ദേഹം ഒരു ലൈബ്രറിയായിരുന്നു. തബ്‌ലീഗ് രംഗത്ത് അദ്ദേഹത്തിന് റഫറൻസ്സുകൾ മനപാഠമായിരുന്നു. അറബി, ഫ്രഞ്ച്, ഉർദു ഏതു ഭാഷയിലും ഉടനടി റഫറൻസുകൾ കേൾപ്പിക്കുമായിരുന്നു. എപ്പോഴും ദുആയെ ആയുധമാക്കിയിരുന്നു. എല്ലാവരോടും ദുആ ചെയ്യാൻ ഉപദേശിക്കുമായിരുന്നു. അദ്ദേഹത്തിന് നാലു പെൺകുട്ടികളും ഒരു മകനുമാണുള്ളത്. അല്ലാഹു അവരെയും ജമാഅത്ത് വ്യവസ്ഥിതിയിൽ ബന്ധം വയ്ക്കുന്നതിൽ ആകൂീവാക്കട്ടെ.അവരുടെ ഇഷ്ടപ്രകാരം അവരെ ജമാഅത്ത് വ്യവസ്ഥിതിയിൽ ഭാഗഭാക്കാക്കുമാറാകട്ടെ. അവർക്ക് കൂടുതൽഅടുപ്പമില്ല. എന്തായാലും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ, അല്ലാഹു പരേതന് മഗ്ഫിറത്തും മർഹമത്തും നല്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ മുകർറമ അമീന നായേഗാ കയ്റെ(Kaire) സഹിബയുടേതാണ്. മുഹമ്മദ് അലി കയ്റെ(Kaire) സാഹിബ് അമീർ മിഷണറി ഇൻചാർജ് ഉഗാണ്ടയുടെ ഭാര്യയായിരുന്നു. ഫെബ്രുവരി 20ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. വിനയാനിത്വയായ അഭ്യസ്തവിദ്യയായ ധൈര്യവതിയായ സ്ത്രീയായിരുന്നു. അവരുടെ ഭർത്താവ് കയ്റെ(Kaire) സാഹിബ് പറയുന്നു, ഞാനൊരു വിജയിയായ മുറബ്ബി ആയതിന്റെ പ്രത്യേക കാരണം ഉഗാണ്ടക്കാരിയായ എന്റെ ഭാര്യയാണ്. അവർ വളരെ ആത്മാർഥതയും കൂറുമുള്ള വനിതയായിരുന്നു. പറയുന്നു, ഞങ്ങൾ വിവാഹിതരാകുമ്പോൾ അവർക്ക് 19 വയസ്സായിരുന്നു. അവർക്ക് ഖുർആൻ ഓതാനറിയില്ലായിരുന്നു. എന്നാൽ, അക്കാര്യത്തിൽ അതിയായ താല്പര്യം കാരണം അവർ ഖുർആൻ പാരായണം ചെയ്യാൻ പഠിച്ചു. അതിന്റെ അർഥവ്യാപ്തി അറിയാൻ ശ്രമിക്കുമായിരുന്നു. പലനിലകളിലും ജമാഅത്തിന്റെ സേവനങ്ങൾക്കായി തൗഫീഖ് ലഭിച്ചു. 2005–ൽ അവർ സ്വദ്ർ ലജ്നയുമായി. തബ്‌ലീഗ് കാര്യത്തിൽ അതീവ തല്പരയായിരുന്നു. ഒന്നോരണ്ടോ തവണ അവർ തടവിലുമായി. അവരുടെ പേരിൽ കുറ്റം ചുമത്തി അതിക്രമപരമായ നിലയിൽ അവരെ ജയിലിലടച്ചു. തർബിയ്യത്ത് കാര്യത്തിൽ മാതൃകാ വനിതയായിരുന്നു. വളരെ തന്റേടത്തോടെ അനഹ്മദികളുടെ ആക്ഷേപങ്ങളെ ചെറുത്തു നിന്നിരുന്നു. അവരുടെ മകൾ പറയുന്നു: 'ആരോഗ്യത്തിലും രോഗാവസ്ഥയിലും നമസ്ക്കാരത്തിൽ എപ്പോഴും കൃത്യനിഷ്ഠ പാലിച്ചിരുന്നു. എല്ലാ വർഷവും റമളാനിൽ ഇഅ്ത്തിക്കാഫ് ഇരിക്കുമായിരുന്നു. തന്നെ കുറിച്ചുള്ള വ്യക്തിപരമായ ആക്ഷേപങ്ങൾ സഹിച്ചിരുന്നു. എന്നാൽ, മതത്തെ കുറിച്ചാകുമ്പോൾ ഒട്ടും സഹിച്ചിരുന്നില്ല. പൊളിറ്റിക്കൽ ഫോറമിലും പല ലെവലുകളിലും ജോലി ചെയ്യാൻ താഫീഖ് ലഭിച്ചു. പരേത മൂസിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ ഭർത്താവിനെ കൂടാതെ ആറുമക്കളുണ്ട്. രണ്ടുപേർ മിഷണറിമാരാണ്.

അടുത്ത ജനാസ ബഹുമാന ലിവ ഖസ്ഖ് സാഹിബ് ഓഫ് സിറിയയുടെതാണ്. 48–ാമത്തെ വയസ്സിലാണ് അദ്ദേഹം വഫാത്തായത്. 1928–ലാണ് പരേതന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത്. അപ്പോൾ ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ ശംസ് സാഹിബ് ഡമസ്ക്കസിൽ നിന്നു ഹയ്ഫയിലേക്കു പോയതായിരുന്നു. ഹയ്ഫയിലെ ആദ്യ അഹ്മദി, റുശ്ദീ ബാക്കീർ ബുസ്തി സാഹിബിന്റെ തബ്‌ലീഗ് കൊണ്ട് പരേതന്റെ പ്രപിതാമഹൻ അലി സ്വാലിഹ് ഖസഖ് സാഹിബും അദ്ദേഹത്തിന്റെ സഹോദരൻ മുഹമ്മദ് ഖസഖ് സാഹിബും (ഉർദനിലെ മുൻ സ്വദ്ർ ജമാഅത്ത് ത്വാഹ ഖസ്ഖ് സാഹിബ്)കുടുംബസമേതം ബയ്അത്തു ചെയ്തു. പിന്നീട് ഇസ്രായീലിന്റെ രൂപീകരണത്തെ തുടർന്ന് ഇവരുടെ കുടുംബം ഡമസ്കസിലേക്ക് ഹിജ്റത്ത് ചെയ്തു.പരേതൻ വളരെ ആത്മാർഥ അഹ്മദിയായിരുന്നു. നമസ്കാരവ്രതാദികളിൽ കൃത്യനിഷ്ഠ കാണിച്ചിരുന്നു. കൃത്യമായ ചന്ദ നല്കുന്ന വ്യക്തിയും ഖിലാഫത്തിനോട് സ്നേഹമുള്ളയാളും ജമാഅത്തിന്റെ സേവനകാര്യങ്ങളിൽ മുൻനിരയിലുള്ള വ്യക്തിയുമായിരുന്നു. ദാരിദ്രമുണ്ടായിട്ടും മറ്റുള്ളവർക്ക് സാമ്പത്തിക സഹായം നൽകുന്ന അനുകമ്പാലുവും സൽപ്രകൃതനുമായിരുന്നു. പരേതന്റെ സന്തപ്ത കുടുംബത്തിൽ രണ്ട് ഭാര്യമാരും മൂന്ന് ചെറുപ്രായത്തിലുള്ള പെൺകുട്ടികളുമാണുള്ളത്. രണ്ട് പെൺകുട്ടികൾ വഖ്ഫെ നൗവിൽ അംഗങ്ങളാണ്.

സ്വദ്ർ ജമാഅത്ത് വസീം മുഹമ്മദ് സാഹിബ് വിവരിക്കുന്നു: എപ്പോൾ ആവശ്യപ്പെട്ടാലും രോഗികളേയും പരിക്കേറ്റവരേയും ആശുപത്രിയിൽ കൊണ്ടുപോകുന്നതായിരുന്ന അദ്ദേഹത്തിന്റെ സേവനങ്ങളിൽ പ്രധാനപ്പെട്ടത്. സിറിയയുടെ അവസ്ഥ ആ നിലയ്ക്കുള്ളതായിരുന്നു. ധൈര്യസമേതം അദ്ദേഹം കർമിരതനായിരുന്നു. അതുപോലെ വർക്കിംഗ് കമ്മറ്റി അംഗങ്ങളെ അദ്ദേഹം പര്യടനത്തിന് കൊണ്ടുപോകുമായിരുന്നു. അദ്ദേഹത്തിന് കാറുവാങ്ങി നല്കിയിരുന്നു. അതുമായി അദ്ദേഹം സേവനം ചെയ്തിരുന്നു. വിളിച്ചാലുടനെ വന്നെത്തുകയും വളരെ സന്തോഷത്തോടെ സേവനങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുമായിരുന്നു. ഹൃദയാഭിമുഖ്യത്തോടെ ഈ ജോലികൾ നിർവഹിച്ചിരുന്നു. കണിശമായി ചന്ദ നല്കിയിരുന്നു. അവസാന വർഷ ചന്ദ വളരെയധികം വർധിച്ചിരുന്നു. അഹ്മദികൾക്കുവേണ്ടി ധനസഹായവും ചെയ്തിരുന്നു. തുടർന്നെഴുതുന്നു: പരേതൻ ലളിതമായ ജീവിതവും മിതമായ സംസാവും ആത്മാർഥതയും സൃഷ്ടിസേവനവും സദുദ്ദേശ്യവുംകൊണ്ട് മറ്റുള്ളവരേയും നന്നായി ആകർഷിച്ചിരുന്നു.

പരേതന്റെ ഭാര്യ ഖദീജ അലി സാഹിബ പറയുന്നു, എന്റെ ഭർത്താവ് ദൈവാനുഗ്രഹത്താൽ വളരെ ആർഥാർഥ അഹ്മദിയായിരുന്നു. ജമാഅത്തിനോട് അനുരക്തിയുള്ളയാളും ജനങ്ങളെ സഹായിക്കുന്നതിൽ തല്പരനുമായിരുന്നു. വീട്ടുജോലികളിൽ സഹായിച്ചിരുന്നു. മക്കളോട് വളരെ സ്നേഹത്തോടെ പെരുമാറുകയും അവരുടെ നല്ലശിക്ഷണത്തിന് പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തിരുന്നു. അവരോടൊപ്പം ഇരുന്ന് വൈകുവോളം ജമാഅത്തിനെ കുറിച്ച് സംസാരിക്കുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ തന്റെ ജീവിതത്തിന്റെ അവസാനവർഷവും ജമാഅത്തിന്റെ സേവനത്തിൽ നിരതനാകാൻ സാധിച്ചു. അക്കാര്യത്തിൽ അദ്ദേഹം അതീവ സന്തുഷ്ടനായിരുന്നു.

അദ്ദേഹത്തിന്റെ മാതൃ സഹോദരീ പുത്രനായ അക്രം സൽമാൽ സാഹിബ് എഴുതുന്നു: അദ്ദേഹം മുഖേനയാണ് അക്രം സാഹിബ് ബയ്അത്ത് ചെയ്തത്. പറയുന്നു, ബയ്അത്തിനു മുമ്പേയും അദ്ദേഹത്തിൻെ ഉൽകൃഷ്ട സ്വഭാവഗുണങ്ങൾക്ക് ഞങ്ങൾ സാക്ഷിയാണ്. അദ്ദേഹത്തിന്റെ സാമ്പത്തിക സ്ഥിതി അത്ര മെച്ചമല്ലാതിരുന്നിട്ടും ദരിദ്രരായ കുടുംബക്കാരെ സഹായിക്കുമായിരുന്നു. പറയുന്നു, എന്നെ സ്വാധീനിച്ച കാര്യമിതാണ്, 'ഒരിക്കൽ ഒരു നല്ല ഉദ്യോഗം അദ്ദേഹത്തിനുകിട്ടി. അതുവഴി അദ്ദേഹത്തിന്റെ കടബാധ്യതകൾ മുഴുവനായും തീർന്നു. എന്നാൽ, അതിനുശേഷം പണം സ്വരുക്കൂട്ടുന്നതിനു പകരം എന്റെ ദരിദ്രരായ മാതൃസഹോദരിമാർക്ക് ഒരു വലിയ സംഖ്യനല്കി. പറയുമായിരുന്നു. എനിക്ക് നല്ല ആരോഗ്യവും കടബാധ്യത ഒന്നുമില്ലാത്ത അവസ്ഥയിലുമാകയാൽ ഞാൻ ധനികനാണ്. ആവശ്യത്തിനു പുറമേയുള്ള ധനം ആവശ്യക്കാർക്ക് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. അതുതന്നെയാണ് വേണ്ടതും. പറയുന്നു, ഇക്കാര്യം എനിക്ക് അമ്പരപ്പുള്ളവാക്കുന്നതായിരുന്നു. കാരണം ഞാൻ എന്റെ ജീവിതത്തിൽ ഇത്രയും മിതവ്യയവും ധനശേഷിയും മറ്റാരിലും കണ്ടിട്ടില്ല. ഞങ്ങൾ രണ്ട് സഹോദരന്മാർ ബയ്അത്ത് ചെയ്തശേഷം ഞങ്ങളുടെ വിദ്യാഭ്യാസ ശിക്ഷണ കാര്യങ്ങൾക്കും ഖിലാഫത്തുമായുള്ള ബന്ധത്തിനും വേണ്ടി അദ്ദേഹം കഠിനപ്രയത്നം ചെയ്തു. ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽനിന്നു ഫലമെടുക്കുന്നതിന്റെ ആകർഷകമായ സംഭവങ്ങൾ കേൾപ്പിക്കുമായിരുന്നു. അതുവഴി ഞങ്ങളുടെ ഹൃദയത്തിൽ ഖിലാഫത്തിനോട് അനുരക്തി ഉണ്ടാകുമായിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ കനഡജാമിയായിലെ അധ്യാപകനായ മുഅ്ത്തസ് ഖസഖ് സാഹിബ് എഴുതുന്നു, പരേതനായ എന്റെ സഹോദരൻ വളരെ ആത്മാർഥനും ഖിലാഫത്തിനെ സ്നേഹിക്കുന്നവനുമായിരുന്നു. ഞങ്ങളുടെ പൂർവികർ അഹ്മദികളായിരുന്നിട്ടും ഞങ്ങൾക്ക് അഹ്മദിയ്യത്ത് എന്താണെന്ന് അറിയില്ലായിരുന്നു. പിതാമഹൻ ഖിള്ർ ഖസഖ് സാഹിബിന്റെ ജനാസ നമസ്ക്കാരത്തിൽ പങ്കെടുക്കാനായി എന്റെ സഹോദരൻ ഹൽബ് നഗരത്തിൽ നിന്നു ഡമസ്കസിലേക്കു പോകുകയുണ്ടായി. അവിടെ അദ്ദേഹം അഹ്മദി സഹോദരങ്ങളെ കണ്ടുമുട്ടി. ജമാഅത്തിനെ കുറിച്ച് വിവരങ്ങൾ പങ്കുവെച്ചു. തിരികെ വന്നപ്പോൾ അദ്ദേഹം സുജൂദിൽ ഒരുപാട് കരയുന്നതായി ഞാൻ കണ്ടു. ഈ പെട്ടെന്നുണ്ടായ മാറ്റത്തിൽ ഞാൻ അത്ഭുതപ്പെട്ടു. അതിന്റെ കാരണമന്വേഷിച്ചപ്പോൾ അദ്ദേഹം എനിക്കും ജമാഅത്തിനെ കുറിച്ച് പറഞ്ഞുതന്നു. തുടർന്നു പറയുന്നു, ഞാൻ പിന്നെ ഗവേഷണം നടത്തി. ആദ്യം പേരിനുമാത്രം അഹ്മദികളായിരുന്നു. പിന്നീട് കൃത്യമായ ജമാഅത്തിന്റ അധ്യാപനങ്ങൾ പഠിച്ചു. ഒരു സ്വപ്നം കണ്ടശേഷം രണ്ടാമതും ബയ്അത്ത് ചെയ്തു. എന്റെ ബയ്അത്തിൽ എന്റെ സഹോദരന്റെ സൽപരിവർത്തനത്തിന് വലുതായ പങ്കുണ്ട്. രണ്ടാമതും എന്നതുകൊണ്ടർഥം ആദ്യം കുടുംബപരമായും ആചാരപരമായും അഹ്മദികളായിരുന്നു. എന്നാൽ, കർമപരമായി അഹ്മദികളായിരുന്നില്ല. അതുകൊണ്ട് പഠിച്ചു മനസ്സിലാക്കി രണ്ടാമതും ബയ്അത്ത് ചെയ്തു. മർഹൂമിന് തബ്‌ലീഗിലും വലിയ തൽപര്യമായിരുന്നു. കാലത്തിന്റെ ഖലീഫയ്ക്കായി വളരെയധികം ദുആ ചെയ്തിരുന്നു. വസിയ്യത്ത് പദ്ധതിയിൽ അംഗമായിരുന്നു. പരേതന് തന്റെ മരണം ആസന്നമായിരിക്കുന്നുവെന്ന തോന്നലുണ്ടായി. അതേകുറിച്ച് മരണത്തിന് അല്പനാളുകൾ മുമ്പേ അദ്ദേഹം തന്റെ മാതാവിനോടും ഭാര്യമാരോടും സൂചിപ്പിച്ചിരുന്നു.

അടുത്ത ജനാസ റബ്‌വയിലെ ഫർഹത്ത് നസീം സാഹിബയുടേതാണ്. അവർ മുഹമ്മദ് ഇബ്റാഹീം ഹനീഫ് സാഹിബിന്റെ ഭാര്യയാണ്. മാസ്റ്റർസാർചൂരി സാഹിബ് എന്നാണ് അദ്ദേഹം വിളിക്കപ്പെട്ടിരുന്നത്. ഡിസംബർ 26 ന് 86–ാമത്തെ വയസ്സിൽ അവർ വഫാത്തായി.ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതയുടെ പിതാവ് ഹദ്റത്ത് മിയാ ഇൽമുദീൻ സാഹിബും പിതാമഹൻ ഹദ്റത്ത് മിയാ ഖുത്ബുദ്ദീൻ സാഹിബും ഗുരുദാസ്പൂർ ജില്ലയിലെ ലോധിനങ്കൽക്കാരായിരുന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരായിരുന്നു. പരേത അനേകം ഗുണങ്ങളുടെ ഉടമയായിരുന്നു. നമസ്ക്കാരവ്രതാദികളിൽ നിഷ്കർഷതയുള്ള സ്ത്രീയും തഹ്ജ്ജുദ് ശീലക്കാരിയും ക്ഷമാശീലയും കൃതജ്ഞതയും വളരെയധികം ദുആ ശീലമുള്ള സ്ത്രീയുമായിരുന്നു. ലളിത പ്രകൃതക്കാരിയും ദീനാനുകമ്പയും ഖിലാഫത്തിനോട് അങ്ങേയറ്റത്തെ വിശ്വസ്തത

(ശേഷം പേജ് 16ൽ)

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**(6 –ാം വാള്യം 8–ാം ലക്കം പേജ് 12 മൂന്നാം കോളത്തിൽ നിന്ന് തുടർച്ച.......)**

അദ്ദേഹത്തിന്റെ ഭാര്യ മിസിസ് റാസ് ഗ്യുല്ലാനെ സാഹിബ (Mrs Racz Gyullane) പറയുന്നു: ഹുദൂർ അൻവറിനെ കാണാൻ കഴിയുന്നു എന്നത് നമുക്ക് ലഭിച്ച വളരെ വലിയ ആദരവാണ്. സീമാതീതമായ സന്തോഷം എനിക്കും എന്റെ ഭർത്താവിനുമുണ്ടായി. ഞങ്ങൾക്ക് ജമാഅത്തിന്റെ ഭാഗത്തുനിന്നു ജൽസക്കുവേണ്ടിയുള്ള ക്ഷണം ലഭിച്ചതിൽ ഞാൻ വളരെ നന്ദിയുള്ളവളാണ്.

ഹംഗറിയിലെ ഒരു ഗ്രാമത്തിന്റേയും നാല് പ്രദേശങ്ങളുടേയും അധികാരമുള്ള ഒരു റീഫോം ചർച്ചിലെ പാതിരിയായ ഗാബോർ താമസ്(Gabor Tamas)കഴിഞ്ഞ നാലഞ്ച് ജല്സകളിൽ തുടർച്ചയായി പങ്കെടുത്ത് വരുന്നു. അദ്ദേഹം പറയുന്നു: ജൽസ എന്റെ ജീവിതത്തിന്റെ ഒരു ഭാഗമായി കഴിഞ്ഞിട്ടുണ്ട്. മതപരമായി ഞാൻ ക്രിസ്തുമത വിശ്വാസിയാണെങ്കിലും എന്നാലിവിടെ ജൽസയിലെത്തിയാൽ ഞാനെന്നെ ആത്മീയമായി പുതുമ മനസ്സിലാക്കിയിരിക്കുന്നു. സ്വന്തം വിശ്വാസത്തിൽ കൂടുതൽ ശക്തി മനസ്സിലാക്കുന്നു. നിങ്ങളുടെ സാഹോദര്യം, സമാധാനം, സ്നേഹം കണ്ടുകൊണ്ട് ഒരു പ്രത്യേക ശക്തി ഞാൻ കൈവരിച്ചിരിക്കുന്നു. അഭയാർഥികളുടെ ക്യാംപുകളിൽ സേവനം ചെയ്തിരുന്നു. അവിടെ ജമാഅത്തിനെ പരിചയപ്പെടുത്തുകയും ചെയ്തിരുന്നു.

വഫാ ഹസൻ ശർമാനി സാഹിബ യമനിലെ സാഹചര്യം മോശമായ കാരണത്താൽ ഹിജ്റ ചെയ്ത് ഹംഗറിയിൽ വന്നിരുന്നു. കഴിഞ്ഞ വർഷവും അവർ ജൽസയിൽ പങ്കെടുത്തിരുന്നു. ഈ വർഷവും അവർക്ക് ജൽസയിൽ പങ്കെടുക്കാൻ സാധിച്ചു. ഇവർ മുസ്ലിമീങ്ങളാണ്. കഴിഞ്ഞ വർഷം ഇവർ സ്ത്രീകളുടെ ഭാഗത്ത് പോയപ്പോൾ അവിടെ വളരെയധികം സ്വസ്ഥത അനുഭവിച്ചിരുന്നു. ഈ വർഷം അവർ സ്ത്രീകളുടെ ഭാഗത്തുപായി എല്ലാ പരിപാടികളും കേട്ടു. അവർക്കിത് ആത്മീയ നിർഭരവും വികാരപരവുമായ അന്തരീക്ഷമായിരുന്നു എന്നും അവർ പറഞ്ഞു.

മായാ കെമേനി സാഹിബ(Maja Kemeny) പറയുന്നു: ഇതെനിക്ക് പ്രഥമ അവസരമാണ്. ഇവിടെ ഓരോരുത്തരും വളരെയധികം സ്നേഹിക്കുന്നവരും സഹായിക്കുന്നവരുമായിരുന്നു. എപ്പോഴെല്ലാം എനിക്ക് പ്രശ്നങ്ങൾ നേരിട്ടിട്ടുണ്ടോ വളരെ പെട്ടെന്നുതന്നെ ആരെങ്കിലും എന്റെ സഹായത്തിനെത്തിയിരുന്നു. ഇവിടെ എനിക്ക് മോശമായ ഒരു അനുഭവവും ഉണ്ടായില്ല. കാലത്തിന്റെ ഖലീഫയോടൊപ്പം വളരെ നല്ല സമയമായിരുന്നു. എല്ലാവർക്കും സ്വയം കാലത്തിന്റെ ഖലീഫയോട് സംസാരിക്കാൻ സാധിച്ചത് വളരെ നല്ലൊരു കാര്യമാണ്. ഇതെന്റെ ആദ്യ അവസരമായിരുന്നു. ഇത് എന്റെ അവസാന അവസരമാകാതിരിക്കട്ടെ എന്ന് പ്രതീക്ഷിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും വളരെ നന്ദി. 01.25 വരെ ഈ കൂടിക്കാഴ്ച നീണ്ടു നിന്നു.ഒടുവില് സംഘത്തിലുള്ള എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി.

### മാൾട്ടാ സംഘത്തിന്റെ കൂടിക്കാഴ്ച

അതിനുശേഷം പരിപാടിയനുസരിച്ച് മാൾട്ട(Malta)രാജ്യത്തുനിന്ന് വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. മാൾട്ടയിൽനിന്ന് 13 പേരടങ്ങുന്ന സംഘമാണ് വന്നിരുന്നത്. എല്ലാവരും ഊഴമനുസരിച്ച് തങ്ങളെ ഹുദൂറിന് പരിചയപ്പെടുത്തി.

✷ സംഘാംഗങ്ങൾ:ഇവിടെ ജൽസയിൽ ധാരാളം രാജ്യങ്ങളിൽ നിന്നുമുള്ളവർ ഒരുമിച്ചു കൂടിയിരുന്നു. എല്ലാവരും വളരെ ഐക്യത്തിലും ഒരുമനസ്സാലെയുമായിരുന്നുവെന്ന് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. ഞങ്ങളിവിടെനിന്ന് ധാരാളം കാര്യങ്ങൾ പഠിച്ചു.

ഹുദൂർ: ഇവിടെ നിങ്ങൾക്ക് യഥാർഥ ഇസ്ലാമികാധ്യാപനങ്ങൾ കാണാൻ കഴിഞ്ഞു.

✷ മാൾട്ടായിൽനിന്നു വന്ന 3 സ്ത്രീകൾ സ്ത്രീകളുടെ പന്തലിലും പോയിരുന്നു. അവർ പറയുന്നു:

അവിടെ ഞങ്ങൾക്ക് വളരെ നല്ല പരിഗണന ലഭിച്ചു. എന്തെങ്കിലും ആവശ്യം ഉണ്ടോയെന്ന് അനേകം പ്രാവശ്യം ഞങ്ങളോട് അന്വേഷിച്ചു കൊണ്ടിരുന്നു. ഞങ്ങളുടെ ഭക്ഷണവും മറ്റെല്ലാ ആവശ്യങ്ങളും സുന്ദരമായ നിലയിൽ പരിഗണിച്ചു. മൊത്തത്തിൽ പ്രഭാഷണങ്ങളുടെ നിലവാരവും ശബ്ദത്തിന്റെ സവിശേഷതയും വളരെ നല്ലതായിരുന്നു. എല്ലാ കാര്യങ്ങളും വളരെ ആഴത്തിൽ ഞങ്ങൾ ശ്രവിച്ചു. എല്ലാ വിവരങ്ങളും പ്രവർത്തനപരമായ മാതൃകകളും മാർഗ്ഗദർശനമുൾക്കൊള്ളുന്നതായിരുന്നു. സ്ത്രീകളുടെ സമ്മേളന പന്തൽ ഒരു കുടുംബപരമായ അന്തരീക്ഷത്തിലായിരുന്നു ഉണ്ടായിരുന്നത്. നൂറ്റാണ്ടുകളായി ഞങ്ങളെ അറിയുന്നവരെ പോലെയായിരുന്നു അവർ ഞങ്ങളോട് ഇടപെട്ടത്. എന്നാലിത് ഞങ്ങളുടെ ആദ്യ കൂടിക്കാഴ്ചയായിരുന്നു.

സ്ത്രീകളുടെ സമ്മേളന നഗരിയിൽ കൂടുതൽ സൗകര്യങ്ങളുണ്ടായിരുന്നു. ഞങ്ങൾക്ക് ഇരു ഭാഗത്തേയും പരിചയപ്പെടാനുള്ള അവസരം ലഭിച്ചിരുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ ഏർപ്പാട് ചെയ്യുന്നതിലെ ശരിയായ ഇസ്ലാമിക കാഴ്ചപ്പാടും ഗഹനീയമായ തത്ത്വവും മനസ്സിലാക്കുന്നതിന്നുള്ള അവസരം ലഭിച്ചു. ഞങ്ങളുടെ സ്വന്തം അനുഭവംവച്ച് ഞങ്ങൾക്ക് പറയാൻ സാധിക്കും, ഇസ്ലാമികാധ്യാപനങ്ങൾ വളരെ ഗഹനീയമായതും യുക്തി നിർഭരവുമാണെന്ന്. സ്ത്രീകൾ പ്രത്യേക സ്ഥലങ്ങളിൽ കൂടുതൽ സുഗമമായും സമാധാനത്തിലും കഴിയുന്നു. അവർക്ക് അവരുടെ സംവിധാനങ്ങൾ സ്വയം നിയന്ത്രിക്കുന്നതിന്നും സ്വന്തം കഴിവുകൾ പ്രകടിപ്പിക്കുന്നതിനുമുള്ള വിശാലമായ അവസരം കൈവരുന്നു.

✷ വളരെയടുത്ത് വിവാഹം കഴിഞ്ഞ ഒരു വനിത തന്റെ വികാരങ്ങൾ ഈ വാക്കുകളിലാണ് പ്രകടിപ്പിച്ചത്: ഹുദൂറിന്റെ സ്ത്രീകളോടുള്ള പ്രഭാഷണം വളരെയധികം എന്നിൽ സ്വാധീനം ചെലുത്തി. സ്ത്രീകളുടേയും പുരുഷന്മാരുടേയും കടമകളും ഉത്തരവാദിത്വങ്ങളും അതിൽ പ്രത്യേകം എടുത്തു പറഞ്ഞിരുന്നു. വീടുകളിൽ പ്രശ്നങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇതു സംബന്ധമായി ഹുദൂറിന്റെ മാർഗദർശനങ്ങൾ വളരെയധികം പ്രയോജനകരമായിരിക്കും. അവർ പറഞ്ഞു: വിവാഹ പൂർവമായ പരിശുദ്ധിയും ചാരിത്ര്യവും അനിവാര്യമാണെന്ന ഇസ്ലമികാധ്യാപനം വളരെയധികം യുക്തിഭദ്രവും സമഗ്രവുമാണെന്ന് അവർ ചൂണ്ടിക്കാട്ടി. ആത്മീയവും ഭൗതികവുമായ പരിശുദ്ധി, സൂക്ഷ്മത, വൃത്തി എന്നിവയിലേക്ക് ഹുദൂർ മാർഗദർശനം നല്കി. രണ്ടാമതും ജല്സയിൽ വരാൻ എനിക്ക് അവസരം ലഭിച്ചാൽ മുഴുവൻ സമയവും ഞാൻ സ്ത്രീകളുടെ പന്തലിൽത്തന്നെ കഴിച്ചുകൂട്ടുന്നതായിരിക്കും. അവിടെ ലഭിച്ച അന്തരീക്ഷം തികച്ചും ദീനീപരവും ആത്മീയവുമായിരുന്നു.

✷ മാൾട്ടയിലെ ഒരു വനിതാ വക്കീൽ പറയുന്നു: ജല്സയിലെ സംവിധാനങ്ങൾ, ആതിഥേയത്വം, അഹ്മദിയ്യാ ജമാഅത്ത് അംഗങ്ങളുടെ സ്നേഹനിർഭരവും പ്രോത്സാഹനാജനകവുമായ പെരുമാറ്റവും ആതിഥേയത്വവും വളരെ ആകർഷണീയമായി. ബയ്അത്തിന്റെ 10 നിബന്ധനകൾ അതിസമഗ്രവും യുക്തിജ്ഞാനത്തിന്റേയും ധൈഷ്ണതയുടേയും എടുത്ത് പറയാവുന്ന ചിത്രവുമാണ്. ഇത്രയധികം പേർ ഒരു സ്ഥലത്ത് ഒത്തുകൂടിയിട്ടും വൃത്തിയുടെ ഉന്നത നിലവാരം സ്ഥായിയായി നിലനിർത്തിയിരുന്നു.

✷ മാൾട്ടയിൽനിന്നു വന്ന ഒരു വനിതാ അതിഥി പറയുന്നു: സ്ത്രീകളുടെ പന്തലിലാണ് ഞങ്ങൾക്ക് കൂടുതൽ ആനന്ദം ലഭിച്ചത്. സ്വന്തം സ്ഥലത്ത് വന്നിരിക്കുന്നുവെന്ന തോന്നൽ വളരെ വർധിക്കുകയും ചെയ്തു.

✷ മാൾട്ടയിൽനിന്നുവന്ന ചില രാജ്യങ്ങളിൽ ക്രൈസ്തവ പാതിരി എന്ന നിലയിൽ സേവനം ചെയ്യുകയും പിന്നീട് ഈ ഉത്തരവാദിത്വത്തിൽനിന്നും പിന്മാറുകയും ചെയ്ത ഒരു സ്നേഹിതൻ പറയുന്നു: ഞാനിന്നുവരെ ഇതുപോലൊരു സംഗമം കണ്ടിട്ടില്ല. ഇവിടെ ആയിരക്കണക്കിനു പേർ പങ്കെടുക്കുകയും എല്ലായിടത്തും സ്നേഹവും സാഹോദര്യവും പ്രകടവുമായിരുന്നു.

✷ മാൾട്ടയിലെ ഒരു പ്രാദേശിക കൗൺസിൽ അംഗമായ ഒരു മുസ്ലിം സ്നേഹിതൻ പറയുന്നു: അഹ്മദിയ്യാ ജമാഅത്ത് മതസ്വാതന്ത്ര്യത്തിൽ ദൃഢമായി വിശ്വസിക്കുന്നവരാണ്. പ്രവർത്തനപരമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് സ്വന്തം ശറലിശേര്യ നിലനിറുത്തിക്കൊണ്ടുതന്നെ ഇതര മതസ്ഥരേയും തങ്ങളോടൊപ്പം ഉൾക്കൊള്ളുന്നു. ഒറ്റ വാക്കിൽ Ahmadiyyat is perfect അഹ്മദിയ്യത്ത് പൂർണ്ണത കൈവരിച്ചവരാണെന്ന് പറയാവുന്നതാണ്. എണ്ണത്തിൽ ഇതു ചെറിയ ജമാഅത്താണ്. എന്നാൽ സ്വന്തം അസ്തിത്വത്തിലും ആകർഷണത്തിലും ഇവരുടെ ത്രാസാണ് ഭാരിച്ചത്. മുസ്ലിം ലോകത്തിന്റെ എതിർപ്പിന്ന് വിധേയമാണ് അഹ്മദിയ്യാ ജമാഅത്ത് എന്നത് എന്നെ വളരെ അസ്വസ്ഥമാക്കുന്നു. വളരെ ഉന്നതമായ രീതിയിൽ അഹ്മദിയ്യത്ത് മനുഷ്യകുലത്തിന് സേവനം ചെയ്തു വരുന്നു. വളരെ ശക്തമായ രീതിയിൽ ഏകതക്കുവേണ്ടി ശ്രമിച്ചുവരുന്നു. ഇസ്ലാമിന്നെതിരിലുണ്ടാകുന്ന നിഷേധാത്മകവും വിദ്വേഷജനകവുമായ വീക്ഷണങ്ങൾക്കെതിരിൽ അതീവ സ്വാധിനം സൃഷ്ടിക്കുന്ന വിപ്ലവകരമായ സംഘടനയാണ് അഹ്മദിയ്യത്ത്. ഇസ്ലാമിനെ പ്രതിരോധിക്കുന്ന വിഷയത്തിൽ ഇന്ന് അഹ്മദിയ്യത്ത് ഒന്നാം സ്ഥാനത്ത് കാണപ്പെടുന്നു.

ഹുദൂർ: മതം മനസ്സിന്റെ കാര്യമാണ്. വിശുദ്ധ ഖുർആൻ പറയുന്നത് **ലാ ഇക്റാഹ ഫിദ്ദീൻ** എന്നാണ്. മനുഷ്യൻ എന്ന നിലയിൽ നാമെല്ലാവരും ഐക്യപ്പെടേണ്ടവരാണ്.

✷ ഞങ്ങൾ മാൾട്ടയിൽ അഹ്മദി മുബല്ലിഗിനോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നു. ഇക്കാര്യത്തിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്. മാൾട്ടായിലെ ജനങ്ങളോടൊപ്പം ചേർന്ന് അഹ്മദിയ്യാ ജമാഅത്ത് മാൾട്ട വളരെ നല്ല പ്രവൃത്തികളാണ് ചെയ്തു വരുന്നത്.

ഹുദൂർ: അഹ്മദിയ്യാ ജമാഅത്തിന്റെ ഈ സ്വഭാവം ലോകമെങ്ങും കാണപ്പെടുന്നു. ഇപ്പോഴിവിടെ അതിഥികളുമായി നടന്ന പ്രോഗ്രാമിൽ 500 ലധികം ജർമൻ അതിഥികൾ പങ്കെടുത്തിരുന്നു. അഹ്മദി സഹോദരന്മാർക്ക് ഇവരുമായി നല്ല ബന്ധമാണുള്ളത്. അതിനാലാണ് അവർ ഈ പ്രോഗ്രാമിൽ വന്നത്. പരസ്പരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതു കാരണത്താലാണ് ഇവിടെ വന്നതും.

മാൾട്ടയിൽനിന്നുവന്ന ഒരു ക്രിസ്തീയ സ്നേഹിതൻ പറയുന്നു: ജൽസയുടെ സകല സംവിധാനങ്ങളും ആതിഥേയത്വവും സാഹോദര്യബോധവും അഹ്മദിയ്യാ ജമാഅത്തിന്റെ സർവോന്നത നേതാവ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമന്റെ വ്യക്തിത്വവും എന്നെ വളരെ ആകർഷിച്ചു. ഹുദൂർ അൻവറുമായുള്ള കൂടിക്കാഴ്ചക്ക് ശേഷം അദ്ദേഹം പറയുന്നു: ഹുദൂറുമായുള്ള കൂടിക്കാഴ്ചയിൽ ഒരു ആത്മീയാന്തരീക്ഷം ഉണ്ടായിരുന്നു. ഹുദൂറിന്റെ അസ്തിത്വത്തിൽ ഒരു ആത്മീയശക്തി പ്രകടമായിരുന്നു. അത് ഹൃദയത്തെ അദ്ദേഹത്തിലേക്ക് ചായ്ക്കുന്നു. ഓരോ അതിഥിയോടും അവരുടെ നിലവാരമനുസരിച്ച് വളരെ വലിയ സ്നേഹത്തോടെ സംസാരിക്കുക എന്നത് വളരെ സ്വാധീനം ഉളവാക്കുന്നതാണ്.

മാൾട്ടയിൽനിന്നു വന്ന ഒരു സ്നേഹിതൻ: ഹുദൂർ അൻവറുമായുള്ള കൂടിക്കാഴ്ചക്ക് ശേഷം ഒരു പ്രത്യേക തരത്തിലുള്ള ശക്തി അനുഭവിച്ചറിഞ്ഞു. സമാധാനത്തിന്റെ ശക്തി അദ്ദേഹത്തിൽ വ്യക്തമായിരുന്നു. ഹുദൂർ അൻവറുമായി ഹസ്തദാനം ചെയ്തപ്പോൾ ഒരു ആത്മീയ സ്പർശം അനുഭവിക്കാൻ കഴിഞ്ഞു.

മാൾട്ടയിൽനിന്നു വന്ന ഒരു ക്രിസ്തീയ അതിഥി പറയുന്നു: നമുക്ക് ലഭിച്ചത് വളരെ വലിയ ആദരവാണ്. ഈ സന്ദർശനത്തിൽ ഹുദൂറുമായുള്ള കൂടിക്കാഴ്ച

സുപ്രധാനമായിരുന്നു.ഞങ്ങൾ ഇക്കാര്യത്തിന്ന് ഹുദൂർ അൻവറിനോട് നന്ദിയുള്ളവരാണ്. ഹുദൂർ നിസ്സംശയം വളരെ മഹനീയ വ്യക്തിത്വമാണ്. കൂടുതൽ സമയം ലഭിച്ചിരുന്നെങ്കിൽ ഹുദൂറുമൊത്ത് കൂടുതൽ സംസാരിക്കാൻ ആഗ്രഹമുണ്ടായിരുന്നു.

മാൾട്ടാ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 01.40 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം ലഭിച്ചു.

**ആസർബൈജാൻ സംഘത്തിന്റെ കൂടിക്കാഴ്ച.**

ആസർബൈജാൻ രാജ്യത്തുനിന്നു വന്ന സംഘം തുടർന്ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

അവിടെ നിന്നു വന്ന ഒരു പുതു അഹ്മദി യുവാവ് പറുന്നു: ഞങ്ങളിവിടെ വളരെയധികം ആത്മീയ അന്തരീക്ഷം ദർശിക്കുന്നു. മടങ്ങിപ്പോയതിന്നുശേഷവും ഈ അന്തരീക്ഷം ഞങ്ങളിൽ നിലനില്ക്കുമാറാകട്ടെ

ഹുദൂർ അൻവർ: സ്വയം അഞ്ചുനേര നമസ്കാരം സംരക്ഷിക്കുക. സൂറ ഫാത്തിഹ കാണാതെ പഠിക്കുക. തുടർന്ന് അതിന്റെ അർഥവും പഠിക്കുക. **ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ** ആവർത്തിച്ചാവർത്തിച്ച് ചൊല്ലുക. അല്ലാഹുവിനെ ആരാധിക്കുന്നതിൽ പൂർണ്ണ ശ്രദ്ധ നല്കുക. **ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം-** മിൽ കൂടുതൽ ശക്തി ചെലുത്തുക. പാപമോചനം തേടിക്കൊണ്ടിരിക്കുക. മനുഷ്യന്റെ ജോലി പരിശ്രമിക്കുക എന്നതാണ്. പ്രാർഥനയോടൊപ്പം ഉന്നതനായ അല്ലാഹുവിനോട് സഹായം തേടുക. ഓരോ ജോലി ചെയ്യുമ്പോഴും അല്ലാഹു തന്നെ കാണുന്നു എന്ന് ഓർക്കേണ്ടതാണ്. അല്ലാഹുവിനെ ഓർക്കുകയാണെങ്കിൽ തുടർന്നുള്ള പ്രവർത്തനങ്ങളെല്ലാം ശരിയാകും.

✸ ആസർബൈജാനിൽനിന്നു വന്ന ആഗാസ്വിഫ് അസ്വ്ഗർ സാഹിബ് ഈ ജൽസയിൽ ഹുദൂറിന്റെ കൈയിൽ ബയ്അത്ത് ചെയ്തു. അദ്ദേഹം പറയുന്നു: 'ഖലീഫത്തുൽ മസീഹിന്റെ അസ്തിത്വത്തിൽ ആത്മീയതയുടെ ഇത്രയധികം ഒന്നത്യങ്ങൾ കാണാൻ കഴിയുമെന്ന് ഞാനൊരിക്കലും വിചാരിച്ചിരുന്നില്ല. ജമാഅത്തിനെ കുറിച്ചും അതിന്റെ വിശ്വാസങ്ങളെ കുറിച്ചും മുറബ്ബി മഹ്മൂദ് സാഹിബ് പറയാൻ തുടങ്ങിയിരുന്നു. ഇതെല്ലാം കൃത്രിമവും വ്യാജവുമാണെന്നാണ് എനിക്ക് തോന്നിയത്. ഇതെല്ലാം കേട്ടപ്പോൾത്തന്നെ ഞാൻ തള്ളിക്കളഞ്ഞിരുന്നു. സത്യത്തിന്റെ ഈ ശക്തി ഇത്രപെട്ടെന്ന് എന്നെ ഇതിലേക്ക് വലിച്ചടുപ്പിക്കുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. ജമാഅത്തിന്റെ സത്യതയും അതിനെ സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള തെളിവുകളും സുശക്തമാണെന്ന് ഉറപ്പാണ്. വീഡിയോയിൽ കാണപ്പെട്ട കാഴ്ചകൾ ഇവിടെ വന്ന് നേരിട്ട് കാണാനുള്ള അവസരം ലഭിച്ചു. ഹുദൂറിനെ അടുത്ത് കാണുന്നതിന്നു വേണ്ടി ജുമുആക്കുവേണ്ടി ഒന്നാം സ്വഫിൽ പോയിരുന്നു. ഹുദൂർ വരുന്നത് കണ്ടപ്പോൾ വളരെയധികം ആനന്ദം തോന്നി. ഹുദൂറിന്റെ അനുഗ്യഹീത നാവിൽനിന്നു വിശുദ്ധ ഖുർആനിന്റെ തിലാവത്ത് കേട്ടപ്പോൾ ഈ ആത്മീയാനന്ദം കൂടുതൽ വർധിച്ചു. ആ ശബ്ദവും അതിലെ ആത്മീയ സ്വാധീനവും ഹുദൂറിന്റെ മാത്രം പ്രത്യേകതയാണെന്ന് എനിക്ക് തോന്നി. ജൽസയിൽ വളരെയധികം ജനങ്ങളെ കാണാൻ അവസരം ലഭിച്ചു. എന്നാൽ ഓരോരുത്തരെ കാണുമ്പോഴും ഒരേപോലെയുള്ള സന്തോഷാവസ്ഥയുടെ തോന്നൽ പ്രകടമായിരുന്നു. ഇത് ഒരു ജമാഅത്താണെന്നതിന്ന് സുദൃഢമായ തെളിവാണിത്.

ഹുദൂറിന്റെ കൈയിൽ ബയ്അത്ത് ചെയ്യാൻ അല്ലാഹു എനിക്ക് സൗഭാഗ്യം നല്കി. ഇതു സംബന്ധമായി എനിക്ക് ആദ്യം അറിയിപ്പ് ലഭിച്ചപ്പോൾ വിശ്വാസം വന്നില്ല. ഉറപ്പായും എനിക്ക് ഹുദൂറിന്റെ 'അനുഗൃഹീത കരങ്ങളിൽ ബയ്അത്ത് ചെയ്യാൻ സാധിക്കുമോ എന്ന് നാലഞ്ച് പ്രാവശ്യം ഞാൻ ചോദിച്ചു. എന്റെ കണ്ണുകളിൽനിന്നു അശ്രുകണങ്ങൾ വീഴാൻ തുടങ്ങി. ഒപ്പംതന്നെ ഞാനിതിന്ന് അർഹനാണോ എന്നോർത്ത് അസ്വസ്ഥനുമായി. തുടർന്ന് ഞാൻ സ്വലാത്ത് ചൊല്ലാനും ഇസ്തിഗ്ഫാർ തേടാനും തുടങ്ങി. ബയ്ത്തിന്റെ നിമിഷങ്ങൾ വന്നെത്തുന്നതുവരെ എന്തെങ്കിലും കഴിക്കാനോ ചെയ്യാനോ എനിക്ക് സാധിച്ചില്ല. അൽഹംദുലില്ലാഹ്, ബയ്അത്തിന്റെ അവസരവും വന്നെത്തി. പ്രകാശനിരഭരമായ മുഖത്തോടെ ഹുദൂറെത്തിയപ്പോൾ ഹുദൂറിന്റെ മുഖത്ത് നോക്കാൻ എനിക്ക് സാധിക്കുന്നുണ്ടായിരുന്നില്ല. എത്രമാത്രം ശക്തിനിർഭരമായ ആത്മീയാവസ്ഥ അല്ലാഹു എനിക്ക് നല്കിയെന്നാൽ ബയ്അത്തിനു ശേഷം ഞാൻ സജ്ദയിലേക്കു വീണു. ഇത്ര ഉന്നതനായ വ്യക്തിയുടെ കൈയിൽ ഈ നിസ്സാരനും പാപിയുമായ എനിക്ക് ബയ്അത്ത് ചെയ്യാൻ അവസരമൊരുക്കിത്തന്ന അല്ലാഹുവിന്ന് ഞാൻ നന്ദി പറഞ്ഞു. ജൽസക്കുശേഷം ഹുദൂറുമൊത്ത് കൂടിക്കാഴ്ചക്കും അവസരം ലഭിക്കുമെന്നും എനിക്ക് അറിയാൻ കഴിഞ്ഞു. ദിവസം മുഴുവനും പല ചോദ്യങ്ങളും ഞാൻ ആലോചിച്ചു കൊണ്ടിരുന്നു. ബയ്അത്തിന്റെ അവസരത്തിൽ കണ്ട എനിക്ക് വീണ്ടും ഇത്ര പെട്ടെന്ന് കാണാൻ കഴിയുമെന്ന് മനസ്സിൽ ആലോചിച്ചു കൊണ്ടേയിരുന്നു. കൂടിക്കാഴ്ചാ സമയമെത്തിയപ്പോൾ മനസ്സിൽ ആലോചിച്ചു വെച്ചിരുന്ന എല്ലാ ചോദ്യങ്ങളും മറന്നു പോയി. ജൽസക്കുശേഷം നാട്ടിൽ പോയാൽ ആത്മീയതയുടെ ഈ നിലവാരം നിലനിറുത്താൻ സാധിക്കുമോ എന്ന ഏറ്റവും കുഴപ്പിച്ച ചോദ്യം മനസ്സിൽ തങ്ങി നിൽക്കുകയും ചെയ്തു. അല്ലെങ്കിൽ അത് എങ്ങനെ നിലനിറുത്താൻ കഴിയും. അൽഹംദുലില്ലാഹ്, ഹുദൂർ എന്റെ ഈ അസ്വസ്ഥത പരിഹരിച്ചു തന്നു. അദ്ദേഹത്തിന്റെ ഈ മറുപടി എന്നെ ആശ്വസിപ്പിച്ചു: നമസ്കാരം, സൂറ ഫാത്തിഹ, ഇഹ്ദിന സ്സ്വിറാത്വൽ മുസ്തഖീമ സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം, ഇസ്തിഗ്ഫാർ(പാപപൊറുതിത്തേടൽ ) ഇതിന്ന് പരിഹാരമാണ്. അടുത്ത ജൽസവരെ ഇതനുസരിച്ച് പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്ത് ഞാനിവിടെ നിന്നു പോകുന്നു. അടുത്ത ജൽസയിൽ വന്ന് ഹുദൂറിനോട് ഞാനിതു പറയും.

✸ ഒരു സ്നേഹിതൻ ത്വാലിഅ് ഹേംലി സാഹിബ് പറയുന്നു: ഈ ജൽസയിൽ പങ്കെടുക്കാൻ എനിക്ക് ലഭിച്ച ക്ഷണത്തിന് ആദ്യമായി ഞാൻ നന്ദി പറയുകയാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഈ ജൽസയിൽ പങ്കെടുക്കാൻ സാധിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. എന്നെ ഏറ്റവും സ്വാധീനിച്ചത് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ മോട്ടോയായ *'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് '*എന്ന ആപ്ത വാക്യമാണ്. ജമാഅത്തിന്റെ സമ്പൂർണ പരിചയം ഉൾക്കൊള്ളുന്ന ഒരു പദമാണിത്. ഫ്രാങ്ഫർട്ടിലെത്തിയപ്പോൾ ജമാഅത്തിന്റെ സേവകർ ഞങ്ങളെ സ്വീകരിച്ചു. അവിടം മുതൽ അവസാന നിമിഷംവരെ അവർ ഞങ്ങളോടൊപ്പം തന്നെയുണ്ടായിരുന്നു. സീമാതീതമായ നിലയിൽ അവർ ഞങ്ങളെ സഹായിച്ചു. വളരെയധികം സഹായികളും സ്നേഹമസൃണമായ ചങ്ങാത്തം നിലനിറുത്തുന്നവരുമായിരുന്നു അവർ. ജൽസ എന്ന ഈ സംഭവം വളരെ സുപ്രധാനമാണെന്നാണ് എന്റെ പക്ഷം. ജനങ്ങൾക്ക് ജമാഅത്തിനെ സംബന്ധിച്ച് വിവരങ്ങൾ കൈമാറുന്നു. പരസ്പരം കൂടിക്കാഴ്ചക്കുള്ള അവസരങ്ങൾ പ്രാപ്തമാകുന്നു. ജല്സയിൽ പങ്കെടുക്കുന്നവർ സൽസ്വഭാവികളായിരുന്നു. ഇത്രയും വലിയ ജൽസ സംഘടിപ്പിക്കുക, ഇത്രയം നല്ല രീതിയിൽ പര്യവസാനത്തിലേക്ക് എത്തിക്കുക തുടങ്ങിയ കാര്യങ്ങൾ തീർച്ചയായും ഇതിന്ന് ദൈവത്തിന്റെ സഹായം ലഭ്യമാണെന്നതിന്ന് തെളിവായിരുന്നു. ഇതൊരു സംശുദ്ധമായ സംഭവമാണ്. ഖലീഫത്തുൽ മസീഹിനെ കണ്ടു. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടു. അദ്ദേഹത്തിന്റെ വിചാരങ്ങളും ഉപദേശങ്ങളും വളരെയധികം പ്രാധാന്യം അർഹിക്കുന്ന കാര്യങ്ങളാണ്. ഖലീഫയുടെ വാക്കുകൾ കേൾക്കാനും അദ്ദേഹത്തെ കാണാനും കഴിഞ്ഞുവെന്നതും എനിക്ക് ലഭിച്ചൊരു ബഹുമതിയാണ്. ആയിരക്കണക്കിന് ആളുകൾ കേവലം ഇസ്ലാമികാധ്യാപനങ്ങൾക്കുവേണ്ടിയും അല്ലാഹുവിന്റെ ഖലീഫക്കു വേണ്ടിയും തടിച്ചുകൂടുക എന്നത് എന്റെ ജീവിതത്തിലെ ആദ്യ കാഴ്ചയായിരുന്നു. ഇവിടെ എല്ലാ രാജ്യത്തു നിന്നുള്ളവരും പങ്കെടുത്തു. ഭൗതികമായ ഒരു സംഭവങ്ങളിലും കാണപ്പെടാത്ത പരസ്പരമുള്ള സ്നേഹാദരവും സൽസ്വഭാവവും നിറഞ്ഞ അന്തരീക്ഷം ഇവിടെ നിർമിക്കപ്പെടുകയായിരുന്നു. ജൽസ ആത്മീയ ലോകത്തെ കുറിച്ച് എനിക്ക് പരിചയമുണ്ടാക്കി തന്നു. ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ കുറിച്ച് എന്നെ ബോധ്യപ്പെടുത്തി. ഇസിലാമിനെ സംബന്ധിച്ച് മുമ്പേ എനിക്ക് അസംഖ്യം ഭയപ്പാടുകൾ നിലനിന്നിരുന്നു. സ്വയം മുസ്ലിമാണെങ്കിലും അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങൾ എന്റെ മനസ്സിനെ വൃത്തിയാക്കി. എനിക്ക് യഥാർഥത്തിൽ മുസ്ലിമാണെന്നതിൽ അഭിമാനമുണ്ട്. ജമാഅത്ത് അതിന്റെ സന്ദേശത്തെ ശക്തിമത്തായ രൂപത്തിൽ ലോകത്ത് വ്യാപിപ്പിക്കണം. ഇപ്രകാരം എന്നെപ്പോലെയുള്ള അജ്ഞർക്ക് ഇസ്ലാമിന്റെ യാഥാർഥ്യത്തെ കുറിച്ച് അറിയേണ്ടതുണ്ട്. ഖലീഫത്തുൽ മസീഹിന്റെ ഒരു ശബ്ദത്തിൽ എഴുന്നേല്ക്കുകയും ഇരിക്കുകയും ചെയ്യുക എന്നതും ഒരു സൂചനയിൽ നിശബ്ദരാകുക എന്നതും ആയിരക്കണക്കിന് ഭൗതികമായ ജൽസയിലും കാണപ്പെടാത്ത ദൃശ്യമായിരുന്നു. ഹുദൂറിന്റെ മുമ്പിൽ ചോദ്യക്കാൻ പല ചോദ്യങ്ങളും ഞാൻ ആലോചിച്ചിരുന്നു. എന്നാൽ കൂടിക്കാഴ്ചാ വേളയിൽ ഒരക്ഷരവും മിണ്ടാൻ സാധിക്കാതെ വന്നു. ഖലീഫയുടെ ഗാംഭീര്യവും അന്തസ്സും ഭൗതിക ലോകത്തുനിന്നു തികച്ചും വ്യത്യസ്തമാണ്.

ആസർബൈജാനിൽനിന്നുള്ള ഈ സംഘത്തിന്റെ കൂടിക്കാഴ്ച 1.52 വരെ നീണ്ടു നിന്നു.ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം സിദ്ധിച്ചു.

**ക്രൊയേഷ്യ, സ്ലോവേനിയ(Slovenia) സംഘത്തിന്റെ കൂടിക്കാഴ്ച**

തുടർന്ന് 11പേരടങ്ങുന്ന ക്രൊയേഷ്യ, സ്ലോവേനിയ സംഘം ഹുദൂറുമൊത്ത് കൂടിക്കാഴ്ച നടത്തി.

✸ ക്രൊയേഷ്യയിൽനിന്നു വന്ന ഒരു വനിത പറയുന്നു: ഞാൻ ഹ്യൂമൻറൈറ്റ്സ് രംഗത്ത് പ്രവർത്തിച്ചു വരികയാണ. ജൽസയുടെ മഹത്തായ സംവിധാനത്തിൽ ഞാൻ വളരെ ആകൃഷ്ടയാണ്. ഓരോ പ്രവൃത്തിയും വ്യവസ്ഥാപിതമായ രീതിയിൽ നടന്നു വന്നിരിക്കുന്നു.

✸ ഒരു ക്രൊയേഷ്യൻ വനിത പറയുന്നു: കൃഷി രംഗത്ത് ഞാൻ പ്രവർത്തിക്കുന്നു. ഇപ്പോൾ ഒരു ഡയറി പ്രൊജക്ടിൽ പ്രവൃത്തി നടന്നു വരുന്നു. ജൽസയിൽ ആദ്യമായാണ് വരുന്നത്. ഇത്രവലിയ എണ്ണവും എല്ലാ പ്രവൃത്തിയും സന്നദ്ധസേവകർ വഴി നടക്കുന്നു എന്നതും

**അമീറുൽ മുഅ്മിനീന്റെ ഉപദേശം**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**
**(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം**

**'അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**
**(ജുമുഅ ഖുത്ബ 4-10-2019)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ | Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 22 April 2021 Issue-16

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ജൽസയുടെ സംവിധാനങ്ങൾ കണ്ടപ്പോൾ എന്നെ വളരെ വിസിമയിപ്പിച്ചു. ഇക്കാര്യം എന്നെ വളരെ അത്ഭുതപരതന്ത്രയാക്കി.

✸ ക്രൊയേഷ്യയിൽനിന്നു വന്ന ഒരതിഥി: ഞാൻ ബോസ്നിയക്കാരനാണ്. ക്രൊയേഷ്യയിൽ താമസിച്ചു വരുന്നു. ഫോട്ടോഗ്രാഫറാണ്. ഇവിടുത്തെ സംവിധാനം എന്നെ വളരെ വിസ്മയിപ്പിച്ചു. എല്ലാ ജൽസാ സംവിധാനങ്ങളും വളരെ നല്ല രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. നിങ്ങൾ ചെറുപ്പം മുതലേ സ്വന്തം മക്കൾക്ക് ശിക്ഷണം നല്കുന്നു. തന്മൂലം വലുതാകുമ്പോൾ അവർക്ക് നല്ലരൂപത്തിൽ പ്രവർത്തിക്കാൻ കഴിയുന്നു.

✸ ക്രൊയേഷ്യയിൽനിന്നു വന്ന ഒരു പാതിരി വർദാൻ ഓബോചീനാ സാഹിബ് പറയുന്നു: 2019ലെ ജർമൻ ജൽസയിൽ പങ്കെടുക്കാന് സാധിച്ചത് എനിക്ക് ലഭിച്ച വളരെ വലിയൊരു ആദരവാണ്. ഞാനിതിൽ വളരെ സന്തോഷവാനാണ്. വളരെ നല്ല സംവിധാനങ്ങൾ കാണാനും വിവിധ സൽപ്രകൃതക്കാരുമായുള്ള കൂടിക്കാഴ്ചക്കും എനിക്ക് അവസരം ലഭിച്ചു. ഇന്നത്തെ ലോകത്ത് കഷ്ടങ്ങളിൽനിന്നും ദുരിതങ്ങളിൽ നിന്നും നമ്മെ മോചിപ്പിക്കാൻ അഹ്മദിയ്യാ ജമാഅത്ത് ഒരു സമാധാനഗേഹവും പ്രതീക്ഷയുമാണെന്നാണ് എന്റെ വ്യക്തിഗത വിശ്വാസം. മുസ്ലിം ക്രിസ്ത്യൻ ഇരു മതങ്ങളിലും ദൈവം കാരുണ്യവാനും കരുണാവാരിധിയുമാണെന്ന അധ്യാപനം പൊതുവാണെന്ന കാര്യത്തിൽ ക്രൈസ്തവ പാതിരി എന്ന നിലയിൽ എനിക്ക് ഉറച്ച വിശ്വാസമുണ്ട്. പ്രത്യക്ഷ ബന്ധങ്ങളും സാഹോദര്യത്തിൽ അധിഷ്ഠിതമായ ജീവിതവും നയിക്കുന്നതിന്ന് സുപ്രധാന അടിസ്ഥാനമാണ് നമ്മുടേത്. നമ്മുടെ രക്ഷയും ഇതുമായി ബന്ധിതമാണ്. ഇന്ന് ഇക്കാര്യം എനിക്ക് ജൽസയിൽ അനുഭവപ്പെട്ടു. ഇൻശാ അല്ലാഹ് ഈ ജൽസയിൽ പങ്കെടുക്കാൻ ഞാൻ തീർച്ചയായും വീണ്ടും വരും. ക്രൊയേഷ്യ,സ്ലോവേനിയ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 2.15 വരെ നീണ്ടുനിന്നു. 02.15-ന് ഹുദൂർ ളുഹ്ർ അസ്വ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു.

### നിക്കാഹ് വിളംബരം

ഹുദൂർ 38 നിക്കാഹുകൾ വിളംബരം ചെയ്തു. നിക്കാഹ് വേളയിൽ നബി(സ)തിരുമേനി ഓതാറുള്ള സുന്നത്താക്കപ്പെട്ട ആയത്തുകൾ ഓതിയതിന്നുശേഷം ഹുദൂർ പറഞ്ഞു:

ഇപ്പോൾ ഞാൻ നിക്കാഹുകൾ വിളംബരം ചെയ്യുന്നതാണ്. ഒരു നീണ്ട ലിസ്റ്റുണ്ട്. ആകെ 38 നിക്കാഹുകളാണുള്ളത്. എന്നെക്കൊണ്ട് നിക്കാഹ് ഖുത്വ്ബ നടത്തിക്കാൻ ഏതൊരു ഇഷ്ടത്തോടെ അപേക്ഷകൾ നല്കുന്നുവോ അതേ ഇഷ്ടത്തോടെ നിക്കാഹുകളോടും വിവാഹങ്ങളോടുമുള്ള കടമകൾ നിർവഹിക്കുകയുംവേണം. വളരെയധികം പേർ എന്നെക്കൊണ്ട് നിക്കാഹ് ഖുത്വ്ബ നടത്തിക്കാറുണ്ട്. കുറച്ച് കാലത്തിനുശേഷം പ്രശ്നങ്ങൾ തുടങ്ങി എന്ന് അറിയാൻ കഴിയുന്നു. അതുകൊണ്ട് പരസ്പരം വിവാഹബന്ധത്തിൽ ഏർപ്പെടുന്നവർ അത് സ്ഥായിയായ ബന്ധമായിത്തീരാൻ വേണ്ടി ദുആ ചെയ്യുക. ക്ഷമയുടെ ഗുണം വളർത്തിയെടുക്കുക. പരസ്പരം പരിഗണന നല്കുന്നവരാകുക. അല്ലാഹു നിങ്ങൾക്ക് ഇതിന്നുള്ള അവസരം ഒരുക്കിത്തരുമാറാകട്ടെ.തുടർന്ന് ഹുദൂർ ചുവടെ ചേർക്കുന്നവരുടെ നിക്കാഹുകൾ വിളംബരം ചെയ്തു.

1. അസീസ നവാൽ മലിക് ബിൻത് മുഹ്സിൻ മലിക് സാഹിബിന്റെ(കീൽ, ജർമനി)നിക്കാഹ് അസീസം വലീദ് അഹ്മദ്(മുറബ്ബി സിൽസില അഹ്മദിയ്യാ ജമാഅത്ത് ജർമനി)ബിൻ ഉമർ റശീദ് അഹ്മദ് സാഹിബുമായി
2. അസീസ നാഇല മഹ്മൂദ് ബിൻത് ശാഹിദ് മഹ്മൂദ് സാഹിബ് (ഹംബർഗ്, ജർമനി)ന്റെ നിക്കാഹ് അസീസം ഉമർ റശീദ് മലിക് (മുറബ്ബി സിൽസില ജർമനി)ബിൻ വഹീദ് അഹ്മദ് മലിക് സാഹിബുമായി.
3. അസീസ റാഫിഅ ചൗദ്ദരി ബിൻത് ഗുൽസാർ ഖോക്കർ സാഹിബ് (ഹംബർഗ്, ജർമനി)ന്റെ നിക്കാഹ് അസീസം ശംസുൽ മലിക്(ജാമിഅ ജർമനിയിലെ ഉസ്താദ്)ബിൻ ളഹീറുൽ മലിക് സാഹിബുമായി
4. അസീസം ഥൗബിയ ഇഖ്ബാൽ മലിക്(വഖ്ഫെനൗ)ബിൻത് സഫ്ർ ഇഖ്ബാൽ(ഹംബർഗ്, ജർമനി) സാഹിബിന്റെ നിക്കാഹ് അസീസം അത്വാഉൽ കരീം അൻസ്വർ(ജാമിഅ അഹ്മദിയ്യാ ഉസ്താദ്)ബിൻ ചൗദ്ദരി സയീദ് അൻസ്വർ സാഹിബുമായി
5.അസീസം രിള്വാന ത്വാഹിർ(വഖ്ഫെനൗ)ബിൻത് ത്വാഹിർ മഹ്മൂദ് ആബിദ് സാഹിബ് ഇൻചാർജ് മുബല്ലിഗ് ഗിനികൊണോക്കറിയുടെ നിക്കാഹ് അസീസം ശർജീൽ ഖാലിദ് (മുത്തഅല്ലിം ജാമിഅ അഹ്മദിയ്യ ജർമനി)ബിൻ ഹാഫിള് ഫരീദ് അഹ്മദ് ഖാലിദ് സാഹിബുമായി
6. ഫയ്സലാബാദിലെ (പാക്കിസ്താൻ) മഹ്മൂദ് അഹ്മദ് സാഹിബിന്റെ മകൾ അസീസ സർത്താബ് അഹ്മദിന്റെ നിക്കാഹ് റശീദ് അഹ്മദ് സാഹിബിന്റെ മകൻ ജാമിഅ അഹ്മദിയ്യ ഉസ്താദായ അസീസം ഹാഫിള് അത്വാഉൽ കാഫിയുമായി നടന്നു.
7. ഹനാഉ, ജർമനിയിലെ അബ്ബാസ് അഹ്മദിന്റെ മകൾ അസീസ ഇശ്നാഅ് മിശ്ആലിന്റെ നിക്കാഹ് ജർമനിയിലെ ഫരീദ് ബർഗിലെ മുറബ്ബിയായ ഫരീദ് തബസ്സും സാഹിബിന്റെ മകൻ അസീസം ജലീദ് തബസ്സുമായി നടന്നു.
8. ഹ്യൂഇസൻ ശിട്ടം, ജർമനിയിലെ ജമാൽ അഹ്മദ് ഖയ്സ്വർ സാഹിബിന്റെ മകൾ അസീസ ഹാനിയ തഹ്മീന ഖയ്സ്വറിന്റെ നിക്കാഹ് ജർമനിയിലെ ഓഫൻ ബാഖിലെ ആസ്വിഫ് മഹ്മൂദ് സാഹിബിന്റെ മകൻ അസീസം ആഖിബ് മഹ്മൂദ് ആസ്വിഫുമായി നടന്നു.
9. കോളോൺ ജർമനിയിലെ ജാവേദ് ഇഖ്ബാൽ സാഹിബിന്റെ മകൾ അസീസ ഹന്നാൻ നാസ്വിറിന്റെ നിക്കാഹ് ഏസ്ർലോൺ ജർമനിയിലെ ആദരണീയ മുഹമ്മദ് സ്വാദിഖ് നാസ്വിർസാഹിബിന്റെ മകൻ അസീസം നുഅ്മാൻ നാസ്വിറുമായി(വഖ്ഫെ നൗ) നടന്നു.
10. മാർബർഗ് ജർമനിയിലെ ആദരണീയ ഇഖ്ബാല് നവീദ് സാഹിബിന്റെ മകൾ വഖ്ഫെനൗ ആയ അസീസ ഖൻസാ നവീദിന്റ നിക്കാഹ് റെഡ്ശഡ് ജർമനിയിലെ ശാഹിദ് മഹ്മൂദ് സാഹിബിന്റെ മകൻ അസീസം ആമിർ മഹ്മൂദുമായി(വഖ്ഫെനൗ) നടന്നു.
11. ഫരീദ് ബർഗ് ജർമനിയിലെ അബ്റാർ മുബശ്ശിർ അഹ്മദ് സാഹിബിന്റെ മകൾ അസീസ നയ്യിറ നസ്വ്റീൻ അബ്റാർ അഹ്മദിന്റെ നിക്കാഹ് ഹംബർഗ് ജർമനിയിലെ ശാഹിദ് മഹ്മൂദ് സാഹിബിന്റെ മകൻ അസീസം ആമിർ മഹ്മൂദുമായി(വഖ്ഫെനൗ) നടന്നു.
12. ജർമനിയിലെ നീയെ ഫാഹ്റനിലെ അബ്ദുർറഹ്മാൻ സാഹിബിന്റെ മകൾ അസീസ ഹിബത്തുറഹ്മാനിന്റെ നിക്കാഹ് ബേട്ടക്ഹൈം ജർമനിയിലെ ആസ്വിഫ് ഖാൻ സാഹിബിന്റെ മകൻ അസീസം ഹസനാൻ അഹ്മദ് ഖാനുമായി നടന്നു.
13. ലിംബർഗ് ജർമനിയിലെ ത്വാരിഖ് ളഹീർ ബേഗ് സാഹിബ് മർഹൂമിന്റെ മകൾ അസീസ അന്അം ബേഗിന്റെ നിക്കാഹ് സെലിംഗൻ ശെഡ് ജർമനിയിലെ ഹാമിദ് സുൽത്വാൻ അഹ്മദ് സാഹിബിന്റെ മകൻ അസീസം നവീദ് അഹ്മദുമായി നടന്നു.
14. നാറോവാൽ പാക്കിസ്താനിലെ മുഹമ്മദ് അസ്ലം സാഹിബിന്റെ മകൾ അസീസ ദുർദാന അസ്ലമിന്റെ നിക്കാഹ് ടൻസാനിയയിലെ മുറബ്ബിയായ റിയാസ് അഹ്മദ് ഡോഗറിന്റെ മകൻ ഘാന ജാമിഅയിലെ ഉസ്താദായ അസീസം അയാസ് അഹ്മദ് ഡോഗറുമായി നടന്നു.
15. ലിയോഡൺ ശൗഡ് ജർമനിയിലെ നാസ്വിർ മഹ്മൂദ് ചീമ സാഹിബിന്റെ മകൾ അസീസ നാദിയ ചീമയുടെ നിക്കാഹ് മ്യൂണിച്ച് ജർമനിയിലെ മുബശ്ശിർ അഹ്മദ് ഗോന്ദൽ സാഹിബിന്റെ മകൻ അസീസം അബ്റാർ അഹ്മദ് ഗോന്ദലുമായി നടന്നു.

തുടരും

**(പേജ് 13ൽനിന്ന്)**

യുള്ള വനിതയുമായിരുന്നു. വളരെ ആത്മാർഥയായിരുന്നു. സാമ്പത്തിക പദ്ധതികൾക്കായി തന്റെ ആഭരണങ്ങൾ സമർപ്പിക്കാനുള്ള തൗഫീഖും ലഭിച്ചു. പരേത മൂസിയാ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ മൂന്ന് ആൺമക്കളും മൂന്നുപെൺമക്കളും ധാരാളം പേരക്കുട്ടികളുമുണ്ട്. രണ്ടു പേരമക്കൾ ജമാഅത്തിന്റെ മുറബ്ബിമാരാണ്. ഒരു മകനും മുറബ്ബിയാണ്. അല്ലാഹു പരേതയ്ക്കു മഗ്ഫിറത്തും മർഹമത്തും നല്കുമാറാകട്ടെ. എല്ലാ പരേതാത്മാക്കൾക്കും മഗ്ഫിറത്തും മർഹമത്തും നല്കുമാറാകട്ടെ. എല്ലാവരുടേയും പദവികൾ ഉയർത്തുമാറാകട്ടെ. (വിവർത്തകൻ: പി.കെ.അംനാസ് കടലായ്, ടൈപ്പ് സെറ്റിംഗ്: ഹാഷിം അശ്റഫ് ആലപ്പുഴ)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

**(പേജ് 1ൽനിന്ന്)**

വേദനിച്ചും കഴിയുന്നവരേയും രാപ്പകൽ ദുൻയാവ് എന്ന ശവത്തെ അന്വേഷിച്ചു നടക്കുന്നവരേയും ഒട്ടും വകവെക്കുകയില്ല.

ആഹ്!ഇപ്പോൾ അല്ലാഹുവല്ലാതെ നമ്മുടേതായി ആരും തന്നെയില്ല. പഴയ നമ്മുടെ ആളുകളെല്ലാം നമ്മെ നിന്ദിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. നമുക്ക് വിപത്തുകളും ദുർഗതികളും വരുന്നത് രാവും പകലും കാത്തിരിക്കുകയാണവർ. ഇപ്പോൾ അല്ലാഹു നമ്മെ സഹായിച്ചില്ലെങ്കിൽ നമ്മുടെ ആശ്രയസ്ഥാനമെവിടെ. (മൽഫൂദാത്ത് വാള്യം 1, പേജ് 276, അച്ചടിക്കപ്പെട്ടത് ഖാദിയാൻ 2018)

** 'അസ്വായെ മൂസാ'യുടെ കർത്താവായ മുൻശീ ഇലാഹീ ബഖ്ശ് അക്കൗണ്ടന്റ്*

## കലാമുൽ ഇമാം

**‘ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.’(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**ത്വാലിബെ ദുആ**
**Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin